# കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്ത്

ജനകീയാസൂത്രണം

# വികസനരേഖ '96



131-8

ജനകീയാസൂത്രണം കേരളത്തിൽ

# കൂരാച്ച്ചുണ്ട് ഗ്രാമപഞ്ചായത്ത്

# സമഗ്ര വികസന രേഖ

ലോക്കേഷൻ മാപ്പ്

## കൂരാച്ചുണ്ട് ഗ്രാമ പഞ്ചായത്ത്
## ഭരണസമിതി അംഗങ്ങൾ

ശ്രീ. എം.എം. സ്ക്കറിയാ മാസ്റ്റർ ( പ്രസിഡണ്ട് )

ശ്രീ. ആൻറണി ജോസഫ് പള്ളിപുറം. വൈസ്പ്രസിഡണ്ട്

ശ്രീമതി.മേരി ജോർജ്ജ് അപ്പക്കൽ സ്റ്റാൻഡിഗ് കമ്മറ്റി ചെയർമാൻ

ശ്രീ. ജോസഫ് തൊമ്മൻ അറയ്ക്കൽ

ശ്രീമതി. ലവ്‌ലി തോമസ്

ശ്രീമതി. ത്രേസ്യാമ്മ മാത്യു

ശ്രീ. ജോസ് എട്ടിയിൽ

ശ്രീ. ഒ.ഡി. തോമസ്

ശ്രീ. കെ.കെ. ഗോപാലൻ

# ഭരണസമിതി അംഗങ്ങൾ



എം എം സ്കറിയ
(പ്രസിഡണ്ട്)



ആൻറണി ജോസഫ്
(വൈസ് പ്രസിഡണ്ട്)



മേരി ജോർജ്
(സ്റ്റാൻറിങ്ങ് കമ്മിറ്റി
ചെയർപേഴ്സൺ)



കെ കെ ഗോപാലൻ
(മെമ്പർ)



ജോസഫ് തൊമ്മൻ
അറയ്ക്കൽ
(മെമ്പർ)



ത്രേസ്യാമ്മ മാത്യു
(മെമ്പർ)



ജോസ് എട്ടിയിൽ
(മെമ്പർ)



ഒ ഡി തോമസ്
(മെമ്പർ)



ലൗലി തോമസ്
(മെമ്പർ)

വിവാഹ വസ്ത്രങ്ങൾക്കും

റെഡിമെയ്ഡുകൾക്കും




**കണ്ണങ്കണ്ടി ടെക്സ്റ്റയിൽസ്**

S.M. സ്ട്രീറ്റ്
കോഴിക്കോട്
Ph : 721385

T.B. റോഡ്
പേരാമ്പ്ര
Ph : 250928


MAP OF KOORACHUND PANCHAYATH
KUTTIADY RESERVOIR
I
II
III
IV
V
VI
VII
VIII
IX
കൂരാച്ചുണ്ട് മണ്ഡലം
പൂവത്തുംചോല മണ്ഡലം
കക്കയം മണ്ഡലം
കരിയാത്തുംപാറ മണ്ഡലം
കല്ലാനോട് മണ്ഡലം
ചാലിടം മണ്ഡലം
ഓഞ്ഞിൽ മണ്ഡലം
എരപ്പാന്തോട് മണ്ഡലം
KAYANNA PANCHAYATH
PANANGAD PANCHAYATH
KOTTUR PANCHAYATH
PANANGAD PANCHAYATH
N
INDEX
പഞ്ചായത്ത് അതിർത്തി
വാർഡ് അതിർത്തി
ടാർ റോഡ്
റോഡ്
തോടുകൾ

# കല്ലാനോട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം

നമ്പർ എച്ച് 1827

കല്ലാനോട് പി.ഒ
പിൻ 673615
കോഴിക്കോട് ജില്ല, കൂരാച്ചുണ്ട് ഗ്രാമ പഞ്ചായത്ത്
ഹെഡ് ആഫീസ്, കല്ലാനോട്
**Phone: 60235**

ബ്രാഞ്ച്, കൂരാച്ചുണ്ട്,
**Phone:** 60283

നിഷേപങ്ങൾക്ക് ആകർഷകമായ പലിശ നിരക്ക് എല്ലാ വിധ കാർഷിക, കാർഷികേതര വായ്പകളും, സ്വർണ്ണ പണയത്തിൻമേലുള്ള വായ്പകളും നൽക്കുന്നു, ഗൃഹോപകരണങ്ങൾ വാങ്ങുന്നതിനും ഇരു ചക്രാവാഹനങ്ങൾ വാങ്ങുന്നതിനും വായ്പകൾ നൽകിവരുന്നു.

അഗസ്റ്റിൻ കാരക്കട
പ്രസിഡണ്ട്
**Phone: 60302 Res:**

എം. ജെ മാത്യു
സിക്രട്ടറി
**Phone: 60480**

# എഡിറ്റോറിയൽ ബോർഡ്



ഇ.എം. വർഗീസ്
റിസോഴ്സ് പേഴ്സൺ കൺവീനർ

| | |
|---|---|
| ഇ.എം. വർഗീസ് | റിസോഴ്സ് പേഴ്സൺ കൺവീനർ |
| ദേവസ്യ കെ വർഗീസ് | **K.R.P.** |
| രമേശ് .കെ | **D.R.P** |
| മാത്യൂസ് വല്ലയിൽ | **D.R.P** |
| പി.എം തോമസ് | **D.R.P** |
| ആൻേറാ മാങ്കുളം | **D.R.P** |

# കൂരാച്ചുണ്ട് ഗ്രാമ പഞ്ചായത്ത്

## വികസന റിപ്പോർട്ട്

| | | |
|---|---|---|
| പഞ്ചായത്തിൻെറ പേര് | : | കൂരാച്ചുണ്ട് ഗ്രാമ പഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | കൂരാച്ചുണ്ട്, കായണ്ണ, കാന്തലാട്, ചക്കിട്ടപ്പാറ |
| ബ്ളോക്ക് പഞ്ചായത്ത് ഡിവിഷൻ | : | കൂരാച്ചുണ്ട് |
| ബ്ളോക്ക് പഞ്ചായത്ത് | : | ബാലുശ്ശേരി |
| ജില്ല പഞ്ചായത്ത് | : | കോഴിക്കോട് |
| താലൂക്ക് | : | കോയിലാണ്ടി |
| ജില്ല | : | കോഴിക്കോട് |
| അസംബ്ളി മണ്ഡലം | : | പേരാമ്പ്ര |
| വിസ്തീർണ്ണം | : | 87.98 ച.കി.മീ |
| ജനസംഖ്യ | : | 16111 |
| വാർഡുകളുടെ എണ്ണം | : | 9 |
| പ്രസിഡണ്ടിൻെറ പേര് | : | ശ്രീ. എം. എം. സ്കറിയ മാസ്റ്റർ |
| വൈസ് പ്രസിഡണ്ടിൻെറ പേര് | : | ശ്രീ. ആൻറണി ജോസഫ് പള്ളിപ്പുറം |

"അധികാരം ജനങ്ങൾക്ക് " എന്ന മുദ്രാവാക്യവുമായി ഒമ്പതാം പദ്ധതി "ജനകീയ പദ്ധതി"യായി മാറിയിരിക്കുകയാണ്. മഹത്തായ നമ്മുടെ രാജ്യം സ്വാതന്ത്ര്യം നേടിയതുമുതൽ സാമ്പത്തിക പുരോഗതി ലക്ഷ്യമാക്കി പല പഞ്ചവത്സരപദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. വളരെയേറെ നേട്ടങ്ങൾ നമുക്കു കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ഈ പദ്ധതികളുടെ ആസൂത്രണ വൈകല്യം മൂലം ലക്ഷ്യപ്രാപ്തിയിലെത്താൻ പൂർണ്ണമായും കഴിഞ്ഞിട്ടില്ല നീക്കിവെച്ച തുക മുഴുവനും പദ്ധതി പ്രവർത്തനൾക്ക് ഉപയോഗപ്പെടുത്താനും സാധിച്ചിട്ടില്ല

ഒരോ പ്രദേശത്തും നടപ്പിലാക്കേണ്ട വികസന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് ഡൽഹിയിലും തിരുവനന്തപുരത്തുമിരുന്നു തീരുമാനിക്കുകയും വിവിധ വകുപ്പുകൾ വഴി നടപ്പിലാക്കുകയെന്നാണ് ഇതുവരെ ചെയ്തിരുന്നത്. ഗ്രാമീണരുടെയും നഗരവാസികളുടേയും ആവശ്യങ്ങൾ എന്താണെന്നും അവിടങ്ങളിലെ ഭൗതീക സഹചര്യങ്ങൾ, കാർഷികമായും വ്യവസായികമായും ഉണ്ടക്കാവുന്ന വികസന സാദ്ധ്യതകൾ, ഭൂപ്രകൃതി മുതലായവയൊന്നും തന്നെ മനസ്സിലാക്കാതെ വകുപ്പുദ്യോഗസ്ഥൻമാർ വികസന പരിപാടികൾക്കു രൂപം നൽകിയിരുന്നു. അധികാരങ്ങളെല്ലാം കേന്ദ്രീക്രതമായിരുന്നതുകൊണ്ടു തന്നെ പദ്ധതികൾക്കൊന്നും ഉദ്ദേശിച്ച ഫലം ഉളവാക്കാനോ ജനപങ്കാളിത്തം നേടാനോ കഴിഞ്ഞിട്ടില്ല എന്നുള്ളത് നിഷേധിക്കാനാവുകയില്ല. ഈ സഹചര്യത്തിൽ അധികാര വികേന്ദ്രീകരണം അനിവാര്യമായിതീന്നു. ഇന്ത്യയുടെ ഹ്രദയത്തുടിപ്പുകളായ ഗ്രാമീണരിലേക്ക് പല അധികാരങ്ങളും ഇറങ്ങി വന്നു.

ഒരോ പ്രദേശത്തിൻെറയും ആവശ്യങ്ങളും അവയുടെ സാദ്ധ്യതകളും എന്തെന്ന് തദ്ദേശ വാസികൾക്കു മാത്രമാണറിയാവുന്നത്. അവർ നേരിടുന്ന പ്രശ്നങ്ങൾക്ക് എങ്ങനെ പരിഹാരം കാണാനാകുമെന്നന്ന് നിർദ്ദേശിക്കാൻ മറ്റാരെയുംകാൾ പ്രാപ്തരും അവർ തന്നെയാണ്. മണ്ണിൻെറ തരം തിരിവനുസരിച്ചും, ജലലഭ്യതയനുസരിച്ചും, കാലാവസ്ഥക്കനുസ്രതമായും എതേതു ക്രഷികളാണ് യോജിച്ചതെന്ന് അവർക്കു പറയാൻ കഴിയും. അസംസ്ക്രത സാധനങ്ങളുടെ ലഭ്യതയനുസരിച്ച് തുടങ്ങാൻ കഴിയുന്ന വ്യവസായ സംരംഭങ്ങളും വിപണന സാദ്ധ്യതകളും വിലയിരുത്താനും അവർക്കു കഴിയും. ഇത്തിരി സാങ്കേതിക വിജ്ഞാനമേ ലഭിക്കേണ്ടതുള്ളൂ. ഇങ്ങനെ താഴെ തട്ടിൽ നിന്നും പദ്ധതികൾ തയ്യാറാക്കുന്നതിനും അവ നടപ്പിലാക്കുന്നതിനുമുള്ള സാഹചര്യമുണ്ടാകുമ്പോൾ അതു ജനകീയ പദ്ധതിയായി മാറുന്നു. ഇവക്ക് ജനപങ്കാളിത്തമുണ്ടാവുകയും കാര്യക്ഷമമാകുകയും ചെയ്യുന്നു. എത്രയും വേഗത്തിൽ പദ്ധതിപ്രവർത്തനം പൂർത്തിയാക്കാനും ഒരോ ഘട്ടത്തിലും ഗുണനിലവാരം വിലയിരുത്തനും കഴിയുന്നു. ഈ വക ഉദ്ദേശങ്ങളോടും ലക്ഷ്യങ്ങളോടുകൂടിയാണ് ഒമ്പതാം പദ്ധതി ആസൂത്രണം ചെയ്യുന്നതിന് സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

പലകാര്യങ്ങളിലും ഇതര സംസ്ഥാനങ്ങൾക്കും ലോകരാജ്യങ്ങൾക്കുതന്നെയും മോഡലായിരിക്കുന്ന കേരളം ഒരിക്കൽക്കൂടി മോഡലാവുകയാണ്. നിറഞ്ഞ വിശ്വാസത്തോടും ഐക്യദാർഢ്യത്തോടും കൂടി നമുക്കും പങ്കാളികളാവാം.

ഒമ്പതാം പദ്ധതിയുടെ ഗ്രാമതല ആസൂത്രണത്തിനും വേണ്ടി എല്ലാ വാർഡുകളിലും വിശേഷാൽ ഗ്രാമസഭ ചേരുന്നതിൻെറ മുന്നോടിയായി വാർഡുതലത്തിൽ സ്വാഗതസംഘങ്ങൾ രൂപീകരിക്കുകയും പ്രചരണ പരിപാടികൾ നടത്തുകയും ചെയ്തു. വിശേഷാൽ ഗ്രാമസഭയുടെ പ്രാധാന്യവും അതിൽ എല്ലാ വോട്ടർമാരും പങ്കെടുക്കേണ്ടതിൻെറ ആവശ്യകതയും ബോധ്യപ്പെടുത്തുന്നതിന് വിവിധ സ്ക്വാഡുകൾ വീടുകളിൽ കയറിയിറങ്ങി ബോധവൽക്കരണം നടത്തി.

സെപ്റ്റംബർ 21 മുതൽ ആരംഭിച്ച ഗ്രാമ സഭകൾ ഗാന്ധിജയന്തി ദിനമായ ഒക്ടോബർ 2ന് പൂർത്തിയായി. ഉദ്ദേശിച്ചത്ര ജനപങ്കാളിത്തം ഗ്രാമ സഭകളിലുണ്ടായില്ലെങ്കിലും ഗ്രൂപ്പുകൾ തിരിഞ്ഞുള്ള ചർച്ച വളരെ സജീവമായിരിക്കുന്നു. ഒരോ ഗ്രാമസഭയിലും പങ്കെടുത്തവരുടെ വാർഡുതലത്തിലുള്ള കണക്ക് താഴെ കൊടുത്തിരിക്കുന്നു.

പട്ടിക -1

| വാർഡ് നമ്പർ | വാർഡിൻെറ പേര് | ആകെ വോട്ടർമാർ | | പങ്കെടുത്തവർ | | ശതമാനം | |
|---|---|---|---|---|---|---|---|
| | | പു. | സ്ത്രീ | പു. | സ്ത്രീ | പു. | സ്ത്രീ |
| 1 | കേളോത്തുവയൽ | 635 | 618 | 181 | 31 | 28.5 | 5 |
| 2 | കൂരാച്ചുണ്ട് | 594 | 613 | 98 | 31 | 16.5 | 5 |
| 3 | പൂവെത്തും ചോല | 622 | 626 | 96 | 50 | 15.4 | 8 |
| 4 | കക്കയം | 732 | 652 | 137 | 54 | 18.7 | 8.2 |
| 5 | കരിയ്യാത്തും പാറ | 595 | 600 | 129 | 17 | 21.7 | 2.8 |
| 6 | കല്ലാനോട് | 829 | 794 | 219 | 30 | 26.4 | 3.8 |
| 7 | ചാലിടം | 673 | 672 | 79 | 15 | 11.73 | 2.23 |
| 8 | ഓത്തിൽ | 502 | 522 | 128 | 48 | 25.5 | 9.2 |
| 9 | എരപ്പാംതോട് | 738 | 708 | 165 | 43 | 22.3 | 6.1 |
| | ആകെ | 5920 | 5805 | 1232 | 319 | 20.81 | 5.49 |

പഞ്ചായത്തുതലത്തിൽ നടന്ന ഒന്നാം ഘട്ട പരിശീലനത്തിൽ ഉദ്യോഗസ്ഥാനുദ്യോഗസ്ഥർ ഉൾപ്പെടെ 40+25 പേരും രണ്ടാംഘട്ടപരിശീലനത്തിൽ 46 +11 പേരും പങ്കെടുത്തു. ജില്ലാതലത്തിലും സംസ്ഥാന തലത്തിലും പരിശീലനം നേടിയവർ ഗ്രാമസഭകൾക്കു നേതൃത്വം നൽകി.

പഴയ മലബാർ ജില്ലയിൽ കുറുമ്പ്രനാട് താലൂക്കിലെ കായണ്ണ കൂരാച്ചുണ്ട് പ്രദേശങ്ങൾ ഉൾപ്പെട്ട കായണ്ണ പഞ്ചായത്ത് 1986ൽ രൂപികൃതമായി. നൂറു ചതുരശ്ര മൈലായിരുന്നു കായണ്ണ പഞ്ചായത്തിൻെറ വിസ്തൃതി. ആസ്ഥാനം കൂരാച്ചുണ്ടും. 1962ൽ വില്ലേജുകളുടെ പുനസംഘടന നടന്നെങ്കിലും സംസ്ഥാന ഗവർമെൻെറിൻെറ 22.9.69ലെ **G.O.Ms 271 - 2/69 D.D.** കൽപനപ്രകാരം 2.9.69നാണ് കൂരാച്ചുണ്ട് പഞ്ചായത്ത് രൂപംകൊണ്ടത്. കായണ്ണ , കാന്തലാട്, ചക്കിട്ടപാറ വില്ലേജ്ജുകളിലെ ചില ഭാഗങ്ങളും കൂരാച്ചുണ്ട് വില്ലേജ് പൂർണ്ണമായും ഈ പഞ്ചായത്തിൽ ഉൾപ്പെടുന്നു. കൂരാച്ചുണ്ട് പഞ്ചായത്തിൻെറ അതിരുകൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| വടക്ക് | ചക്കിട്ടപ്പാറ പഞ്ചായത്ത്, കുറ്റ്യാടി റിസർവോയർ, തരിയോട് പഞ്ചായത്ത് |
| കിഴക്ക് | തരിയോട് പഞ്ചായത്ത്, പനങ്ങാട് പഞ്ചായത്ത്. |
| തെക്ക് | പനങ്ങാട് പഞ്ചായത്ത്, കോട്ടൂർ പഞ്ചായത്ത് |
| പടിഞ്ഞാറ് | കായണ്ണ പഞ്ചായത്ത് |

1956 - ൽ രൂപം കൊണ്ട കായണ്ണ പഞ്ചായത്തിൻെറയും 1969ൽ രൂപം കൊണ്ട കൂരാച്ചുണ്ട് പഞ്ചായത്തിൻെറയും പ്രഥമ പ്രസിഡണ്ട് ശ്രീ ഓ.ടി. തോമസായിരുന്നു. അദ്ദേഹത്തിനു ശേഷം സർവ്വശ്രീ വി.വി തോമസ് വെട്ടുവഴിയിൽ, പി.ജെ. ജോൺ പുത്തൂർ, സി.എസ്. ജെയിംസ് ചുവപ്പുങ്കൽ, ഐ.സി ഏലിക്കുട്ടി ടീച്ചർ, ജോയി കുര്യൻ മുട്ടുംമുഖത്ത് എന്നിവർ കൂരാച്ചുണ്ട് പഞ്ചായത്തിൻെറ പ്രസിഡണ്ട് പദം അലങ്കരിച്ചിട്ടുണ്ട്.

8 വാർഡുകളുണ്ടായിരുന്ന കൂരാച്ചുണ്ട് പഞ്ചായത്ത് 95 ൽ 9 വാർഡുകളാക്കി പുനർ വിഭജനം നടത്തി. ഒന്നാം വാർഡിൽ നിന്നും പൂവത്താംകുന്ന്, ഓഞ്ഞിൽ ഭാഗങ്ങൾ ഇപ്പോഴത്തെ എട്ടാം വാർഡിലേക്കും രണ്ടാം വാർഡിൽ നിന്നും കാളങ്ങാലി ഭാഗം ഒന്നാം വാർഡിലേക്കും ചേർക്കപ്പെട്ടു. 8ാം വാർഡിലായിരുന്ന എരപ്പാം തോട്, കാറ്റുള്ളമല, നമ്പികുളം, കണിയാമ്പാറ ഭാഗങ്ങളും ഇടിഞ്ഞകുന്ന് വട്ടച്ചിറ ഭാഗങ്ങളിലെ ചില പ്രദേശങ്ങളും 7ാം വാർഡിൻെറ വട്ടച്ചിറ - വയലട റോഡിൻെറ താഴെ ഭാഗവും കൂട്ടിച്ചേർത്ത് 9 ാം വാർഡിന് രൂപം നൽകി.

തോംസൺ തീയ്യേറ്റർ സ്ഥിതിചെയ്യുന്ന സ്ഥലത്തിനടുത്തായി ശനിയാഴ്ച തോറും ആഴ്ച ചന്ത നടത്തിയിരുന്നു. കുടിയേറ്റമേഖലയിലെ പ്രസിദ്ധമായ ചന്തയായിരുന്നു ഇത്. ക്രയവിക്രയങ്ങൾക്കുവേണ്ടി പ്രാദേശികരും ഇതരപഞ്ചായത്തിലുള്ളവരും ചന്ത ദിവസങ്ങളിൽ ഒത്തുകൂടിയിരുന്നു. കടകമ്പോളങ്ങൾ വ്യാപകമാവുകയും പുറം സ്ഥലങ്ങളിൽ നിന്നും പച്ചക്കറികൾ വരവുതുടങ്ങിയതോടെയും ആഴ്ച ചന്തയുടെ പ്രസക്തി നഷ്ടപ്പെട്ടു.

## വിവിധസ്ഥാപനങ്ങൾ

ജനവാസം കൂടിതുടങ്ങിയതോടെ ഇവിടുത്തെ ക്രമസമാധാനവും പ്രശ്നമായിതീർന്നു. ഇതു പരിഹരിക്കുന്നതിനായി കായണ്ണ പോലീസ് ഔട്ട്പോസ്റ്റ് 2.2.59ൽ കൂരാച്ചുണ്ടിൽ പ്രവർത്തനമാരംഭിച്ചു. കൊയിലാണ്ടി സർക്കിളിൻെറ കീഴിൽ 20.2.63 മുതൽ ഇത് പോലീസ് സ്റ്റേഷനായി ഉയർത്തപ്പെട്ടു. അടിയന്തരാവസ്ഥയുടെ കറുത്ത നാളുകളിൽ നടന്ന കുപ്രസിദ്ധമായ കായണ്ണ പോലീസ് സ്റ്റേഷൻ ആക്രമണവും തുടർന്നുണ്ടായ രാജൻ കേസും രാജ്യത്താകമാനവും വിശിഷ്യാ കേരളത്തിലും കോളിളക്കം സൃഷ്ടിക്കുകയും ഒരു മന്ത്രി സഭയുടെ പതനത്തിനു തന്നെ കാരണമാവുകയും ചെയ്തു. കൂരാച്ചുണ്ടിൽ സ്ഥാപിതമായിരുന്ന കായണ്ണ പോലീസ് സ്റ്റേഷൻ 22.3.80 മുതൽ കൂരാച്ചുണ്ട് പോലീസ് സ്റ്റഷൻ എന്ന പേരിൽ പുനർ നാമകരണം ചെയ്തു. കക്കയം പ്രൊജക്ട് ആരംഭിച്ച കാലഘട്ടങ്ങളിൽ അവിടെ ഒരു പോലീസ് ഔട്ട് പോസ്റ്റ് സ്ഥാപിച്ചെങ്കിലും ക്രമേണ അത് അടക്കുകയും ചെയ്തു.

കുറ്റ്യാടി ഹൈഡ്രോ ഇലട്രിക് പ്രൊജക്ടിലെ ജീവനക്കാർക്കുവേണ്ടി കക്കയത്ത് കേരളാസ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ഒരു ആശുപത്രി ആരംഭിച്ചു. 1962 ൽ പണി തുടങ്ങിയ

ആശുപത്രി കെട്ടിടം 9/63ന് പൂർത്തീകരിക്കപ്പെടുകയും 1.10.63ന് പ്രവർത്തനിരതമാവുകയും ചെയ്തു. പ്രൊജക്ടിൻെറ പണി പൂർത്തിയായതോടെ ജോലിക്കാർ അവിടം വിട്ടു പോവുകയും 1.5.77ന് ആശുപത്രി ഹെൽത്തുഡിപ്പാർട്ടുമെൻെറിന് കൈമാറുകയും ചെയ്തു. കെട്ടിടവും സ്ഥലവും ഇപ്പോഴും ഇലക്ട്രിസ്റ്റി ബോർഡിൻെറ വകയാണ്. മണ്ഢോപാറ എന്ന സ്ഥലത്ത് ആശുപത്രിയുടെ ഒരു സബ് സെൻറർ നിർമ്മിച്ചെങ്കിലും സാങ്കേതിക തടസ്സങ്ങളാൽ പ്രവർത്തനം ആരംഭിച്ചില്ല.

അക്കാലത്ത് പ്രഥമിക ചികിത്സക്ക് കൂരാച്ചുണ്ടുക്കാരുടെ എക ആശ്രയം ഡോക്ടർ കെ.റ്റി. ആൻറ്റണിയുടെ ആശുപത്രിയായിരുന്നു. പല രോഗങ്ങൾക്കും പേരാമ്പ്ര, ബാലുശ്ശേരി, കക്കയം ഇവിടങ്ങളിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ ആശ്രയിക്കേണ്ടിവന്നു. നാട്ടുകാരുടെ ശ്രമഫലമായി ഒരു ആശുപത്രി അനുവദിച്ചുകിട്ടുകയും 13..6.71 മുതൽ ഒരു വാടക കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു 1973 ൽ കെട്ടിട നിർമ്മാണ കമ്മറ്റിക്ക് രൂപം കൊടുക്കുകയും കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. 1975ൽ ഇന്നത്തെ കെട്ടിടത്തിൽ ഹെൽത്ത് സെൻററിൻെറ പ്രവർത്തനം തുടങ്ങി. ഈ സ്ഥാപനത്തിൻെറ കീഴിൽ എരപ്പാംതോട്, കല്ലാനോട് എന്നിവിടെ ഒരോ സബ്സെൻറ്ററുണ്ട്.

1959ൽ പ്രവർത്തനം ആരംഭിച്ച കൂരാച്ചുണ്ടിലെ അത്യോടി ഗവൺമെൻറ് ആയുർവേദ ആശുപത്രി കൂരാച്ചുണ്ട് മേലെ അങ്ങാടിക്ക് സമീപം പ്രവർത്തിക്കുന്നു. 37 വർഷങ്ങൾ പിന്നിട്ടിട്ടും ഇപ്പോഴും വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന് ഇല്ലായ്മകളുടേയും പരാധീനതകളുടേയും പട്ടിക തന്നെ നിരത്താനുണ്ട്.

കൂരാച്ചുണ്ട്, ചക്കിട്ടപാറ പഞ്ചായത്തുകൾക്കുവേണ്ടി " പെപ്പർ പാക്കേജ്" എന്ന പേരിൽ കുരുമുളക് വികസനത്തിനു 1.10.78ൽ ആരംഭിച്ച ഓഫീസ് 1983 ഡിസംബറിൽ അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ ഓഫീസ് എന്നും അഗ്രികൾച്ചറൽ ഡവലപ്മെൻറ് ഓഫീസ് എന്നും രണ്ടു ശാഖകളായി ഈ സ്ഥാപനം പുനർ നാമകരണം ചെയ്തു. തുടർന്നു 1987ൽ കൂരാച്ചുണ്ട് പഞ്ചായത്തിൽ മാത്രമായി ഇതേ സ്ഥാപനം കൃഷി ഭവൻ എന്ന പേരിൽ നിലവിൽ വന്നു.

സാമൂഹ്യവും സംസ്കാരികവുമായ അഭിവൃദ്ധിക്ക് അടിത്തറ പാകുന്നത് വിദ്യലയങ്ങളാണ്. സമൂഹത്തിൻെറ സ്വഭാവസംസ്കരണത്തിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രധാന പങ്കുവഹിക്കുന്നു കുടിയേറ്റ മേഖലയിൽ 1947ൽ ആരംഭിച്ച സെൻറ് തോമസ് എലിമെൻററി സ്കൂളാണ് ആദ്യത്തെ വിദ്യാലയം. 1948ൽ കല്ലാനോടും ഒരു എലിമെൻററി സ്കൂൾ ആരംഭിച്ചു. അക്കാലങ്ങളിൽ ഹൈസ്കൂൾ വിദ്യാഭാസത്തിനു വേണ്ടി ഇവിടുത്തെ കുട്ടികൾ പേരാമ്പ്ര, നടുവണ്ണൂർ, ബാലുശ്ശേരി എന്നിവടങ്ങളിലുള്ള ഹൈസ്കൂളുകളെ ആശ്രയിക്കേണ്ടിവന്നിരുന്നു. 1954-55 ൽ കുളത്തു വയലിൽ ഒരു ഹൈസ്കൂൾ സ്ഥാപിതമായതോടെ ഹൈസ്കൂൾ വിദ്യാഭാസത്തിന് കുറേകുടി സൗകര്യം കാണാൻ കഴിഞ്ഞു. തുടർന്ന് 1964 ൽ കല്ലാനോടും 1978 ൽ കൂരാച്ചുണ്ടിലും ഓരോ ഹൈസ്കൂൾ നിലവിൽവന്നു. യു.പി.സ്കൂളായി ഉയർത്തപ്പെട്ട കൂരാച്ചുണ്ട് സെൻറ് തോമസ് സ്കൂളിൽ ഈ വർഷം മുതൽ അഞ്ചാം തരത്തൽ ഒരു ഡിവിഷൻ ഇംഗ്ളീഷ് മീഡിയത്തിൽ പ്രവർത്തിക്കുന്നുണ്ട്. കാറ്റുള്ള മലയിൽ ഒരു യു.പി.സ്കൂളും കല്ലാനോട് കക്കയം എന്നിവിടങ്ങളിൽ ഒരോ എൽ.പി സ്കൂളും പ്രവർത്തിക്കുന്നു. കുഞ്ഞുമക്കൾക്കായുള്ള അങ്കണവാടികളും നേഴ്സറി സ്കൂളുകളും വാർഡുകളിൽ ഉണ്ട്. അംഗീകാരമില്ലാത്ത ഒരു എൽ.പി സ്കൂൾ കരിയാത്തും പാറയിൽ പ്രവർത്തിക്കുന്നുണ്ട്.

പട്ടിക...2

| വാർഡ് | H.S | | -UPS | | L.P.S | | നേഴ്സറി | | അംഗന വാടികൾ | ഇംഗ്ലീഷ് മീഡിയം | പാരലൽ കോളേജ് |
|---|---|---|---|---|---|---|---|---|---|---|---|
| | പൊതു മേഖല | സ്വകാര്യ മേഖല | പൊതു മേഖല | സ്വകാര്യ മേഖല | പൊതു മേഖല | സ്വകാര്യ മേഖല | പൊതു മേഖല | സ്വകാര്യ മേഖല | | | |
| 1 | | | | | | | | | 1 | | |
| 2 | | 1 | | | | | | 1 | 2 | | 1 |
| 3 | | | | 1 | | | | | 2 | 1 | |
| 4 | | | | | 1 | 1 | | 2 | 2 | | |
| 5 | | | | | | | 1 | | 2 | | |
| 6 | | 1 | | | | 1 | | 1 | 2 | | |
| 7 | | | | | | | | | 2 | | |
| 8 | | | | | | | | | 2 | | |
| 9 | | | | 1 | | | | 1 | 2 | | |

കായണ്ണ സബ്സെൻറർ എന്ന പേരിൽ കൂരാച്ചുണ്ടിൽ 15.10.59ന് വെറ്റിനറി സബ്സെൻറർ ആരംഭിച്ചു. 1.4.63ൽ ഇത് മൃഗസംരക്ഷണവകുപ്പിൻെറ കീഴിലാക്കി. 4.11.76ൽ മൃഗ ഡോക്ടറെ നിയമിക്കുകയും 8.2.77ൽ മൃഗാശുപത്രിയാക്കി ഉയർത്തുകയും ചെയ്തു. 3.8.81ൽ ഈ സ്ഥാപനം കൂരാച്ചുണ്ട് മൃഗാശുപത്രി എന്ന പേരിൽ മാറ്റപ്പെട്ടു.

കക്കയം, കൂരച്ചുണ്ട് എന്നിവടങ്ങളിൽ ഒരോ സബ് പോസ്റ്റോഫീസും കല്ലാനോട് ഒരു ബ്രാഞ്ച് പോസ്റ്റോഫീസും പ്രവർത്തിക്കുന്നുണ്ട്. കൂരാച്ചുണ്ടിൽ സ്ഥിതിചെയ്യുന്ന പോസ്റ്റോഫീസ് അത്യോടി പോസ്റ്റോഫീസ് എന്ന പേരിലാണ് അറിയപ്പെടുന്നത്.ഇതിൻെറ കീഴിൽ ചെറുക്കാട് മാട്ടനോട് എന്നീ ബ്രാഞ്ച് പോസ്റ്റോഫീസുകളുമുണ്ട്.

പഞ്ചായത്തിലെ 8, 8, 9 വാർഡുകൾക്കുവേണ്ടി എരപ്പാം തോടിലും1, 2, 3, 7 വാർഡുകൾക്കു വേണ്ടി കൂരാച്ചുണ്ടിലും 4, 5, 6 വാർഡുകൾക്കുവേണ്ടി കല്ലാനോടും ഒരോ ജനവിദ്യാകേന്ദ്രം പ്രവർത്തിക്കുന്നു. എരപ്പാം തോടിലുള്ള ജന വിദ്യാകേന്ദ്രത്തിൽ ആവശ്യമായ ഫർണ്ണിച്ചറുകളും ഡിഷ് ആൻറിനയോടുകൂടിയ ടെലിവിഷനും ഉണ്ട്. മൂന്ന് ദിനപത്രങ്ങളും മറ്റ് ആനുകാലിക പ്രസിദ്ധികരണങ്ങളുമുണ്ട്.

അത്യുല്പാദന ശേഷിയുള്ള മത്സ്യകുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുകയും വിതരണം നടത്തുകയും ചെയ്യുന്ന ഒരു കേന്ദ്രം ജപ്പാൻ സഹായത്തോടുകൂടി കല്ലാനോട് പ്രവർത്തിക്കുന്നു. ഹരിജൻ ഫിഷർമെൻ സൊസൈറ്റിക്കാണ് ഇതിൻെറ ചുമതല. ഗോൾഡ് ഫിഷ്, സൈപ്രസ്, മൃഗാല, കട്ല, രോഹു, തിലോപ്പിയ മുതലായ ഇനങ്ങൾ മത്സ്യകുഞ്ഞുങ്ങളെ ഉൽപ്പാദിച്ചു വിൽക്കുകയും റിസർവോയരിൽ നിക്ഷേപിച്ച് മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുകയും ചെയുന്നു.

1957ൽ വി.അർ. കൃഷണയ്യരുടെ ശ്രമഫലമായി കിറ്റ്യാടി **H.E.P.**യുടെ പ്രവർത്തനം ആരംഭിച്ചു. 1957ൽ ആദ്യത്തെ സർവ്വെ നടത്തുകയും 1964ൽ പ്രവർത്തനം തുടങ്ങുകയും ചെയ്തു.

4 വർഷം കൊണ്ട് പണി തീർക്കാൻ ലക്ഷ്യമിട്ടിരുന്നെങ്കിലും അതിനു കഴിഞ്ഞില്ല. 1972-ൽ വിദ്യുച്ഛക്തി വകുപ്പു മന്ത്രി എം.എൻ. ഗോവിന്ദൻ നായർ **K H E P** യുടെ പ്രവർത്തനം ഉദ്ഘാടനം ചെയ്തു $61/_4$കോടി രൂപയുടെ എസ്റ്റിമേറ്റായിരുന്നെങ്കിലും പണി പൂർത്തിയാക്കാൻ 11 $1/_2$ കോടി രൂപ വേണ്ടി വന്നു.സമുദ്ര നിരപ്പിൽ നിന്നും2487 അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്ന ഡാമിൻെറ ഉയരം$1291/_2$ അടിയാണ്. ഇതിൽ 35 ദശലക്ഷം ഘനഅടി വെള്ളം സംഭരിക്കാൻ കഴിയും. പവർ ഹൗസിൻെറ വടക്കു ഭാഗത്തായി 50 മെഗാവാട്ട് ഉല്പാദിപ്പിക്കാൻ കഴിയുന്ന മിനി പവർസ്റ്റേഷൻ കൂടി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം ഇപ്പോൾ നടന്നു കൊണ്ടിരിക്കുകയാണ്. തരിയോട് പഞ്ചായത്തിലെ ബാണാസുര സാഗർ അണക്കെട്ടിൽ നിന്നും ടണൽ വഴി വെള്ളം കൊണ്ടു വരുന്നതിനുള്ള പണി പുരോഗമിച്ചു കൊണ്ടിരിക്കുന്നു. കുറ്റ്യാടി ഓഗ്മെൻേറഷൻ എന്ന പേരിലുള്ള ഈ പ്രവർത്തനത്തിന് ജപ്പാൻ സഹായധനം നൽകാമെന്നേറ്റിട്ടുണ്ട് ഒഴുകിപ്പോകുന്ന വെള്ളം ഉപയോഗിച്ച് 4 മെഗാവാട്ട് വൈദ്യുതി ഉല്പാതിപ്പിക്കുന്നതിനുള്ള ശ്രമവും പുരോഗമിച്ചുകൊണ്ടിരിക്കുന്നു. 110 കെ.വി. ലൈൻ മുഖേന കോഴിക്കോട് നല്ലളത്തേക്കും കണ്ണൂർഭാഗത്തേക്കുമായി വൈദ്യുതി കൊണ്ടു പോകുന്നു. ഉല്പാദന കേന്ദ്രമായ കൂരാച്ചുണ്ട് പഞ്ചായത്തിൽ 70 ശതമാനത്തോളം വീട്ടുകാർ വൈദ്യുതി ലഭിക്കാത്തവരുമാണ്.

15.11.79 ൽ 25 ലൈൻ കപ്പാസിറ്റിയോടുകൂടി ആരംഭിച്ച ടെലിഫോൺ എക്സ്ചേഞ്ച് പഞ്ചായത്താഫീസിനടുത്ത് പ്രവർത്തിക്കുന്നു. 5.3.86ൽ 50 ലൈനും 31.3.87ൽ കപ്പാസിറ്റി 100ലൈനുമാക്കി ഉയർത്തി. 31.3.93ൽ സീഡോട്ട് സംവിധാനത്തോടുകൂടി 512ലൈൻ കപ്പാസിറ്റി യാക്കിയെങ്കിലും 351കണക്ഷൻ മാത്രമേ കൊടുത്തുകഴിഞ്ഞുള്ളു. 3 **STD** ബൂത്തുകളും 2പബ്ളിക്ബൂത്തുകളും പ്രവർത്തിക്കുന്നുണ്ട്.

1987-ൽ ആരംഭിച്ച കൂരാച്ചുണ്ട് സബ്റജിസ്ട്രാർ ഓഫീസ് കൂരാച്ചുണ്ട് ടൗണിൽ പ്രവർത്തിക്കുന്നു. 95ജനുവരി മുതൽ ഡിസംബർ 31വരെ 2813ആധാരങ്ങൾ ഇവിടെ നടന്നു.ഈ വകയിൽ സർക്കാർ ഇനത്തിൽ 4,55,616 രൂപയും 96 ജനുവരി 1മുതൽ സെപ്റ്റംബർ 30 വരെ നടന്ന ആധാരങ്ങളിലായി 3,92,660രൂപയും കൂരാച്ചുണ്ട് പഞ്ചായത്ത് വിഹിതമായി പഞ്ചായത്തു ഡിപ്പാർട്ടുമെൻറിൽ കൈമാറിയിട്ടുണ്ട്. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലായി 9 പൊതുവിതരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അവശ്യ വസ്തുക്കളുടെ വില വർദ്ധനവ് പിടിച്ചു നിർത്തുന്നതിനുവേണ്ടി മാവേലി സ്റ്റോർ പ്രവർത്തിച്ചിരുന്നെങ്കിലും ഏതാനും മാസങ്ങൾക്ക് മുമ്പ് പ്രവർത്തനം നിലച്ചു.

25.3.62ൽ പ്രവർത്തനം ആരംഭിച്ച കല്ലാനോട് സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്കാണ് ഇവിടുത്തെ ആദ്യത്തെ പണമിടപാട് സ്ഥാപനം. അതിൻെറ ഒരു ശാഖ കൂരാചുണ്ടിലും പ്രവർത്തിക്കുന്നുണ്ട് ഫെഡറൽ ബാങ്ക്, സൗത്ത് മലബാർ ഗ്രാമീണ ബാങ്ക് എന്നിവയുടെ ശാഖകളും ഇവിടെ പ്രവർത്തിക്കുന്നു.

10.2.86 മുതൽ കൂരാച്ചുണ്ട് വില്ലേജ് പ്രവർത്തനം ആരംഭിച്ചു. 19.4.80 മുതൽ 9.2.86 വരെ കാന്തലോട് വില്ലേജ് എന്നും അതിനു മുമ്പ് കായണ്ണ വില്ലേജ് എന്നുമായിരുന്നു പേര്. സഹകരണാടിസ്ഥനത്തിൽ പ്രവർത്തിക്കുന്ന പാൽ വിതരണ സംഘം 1960 ൽ ആരംഭിച്ചു. തുടക്കത്തിൽ 81 മെമ്പർമാർ മാത്രം ഉണ്ടിയിരുന്ന സംഘത്തിൽ ഇപ്പോൾ 1319 അംഗങ്ങളുണ്ട്.

പഠനപര്യടനം, ദ്വതിയ വിവര ശേഖരണം, ധ്യതഗ്രാമ പഠനം, ഗ്രാമസഭകളിലെ ചർച്കളുടെ ക്രോഡീകരണം, വായ്മൊഴി പഠനം എന്നീ മാർഗ്ഗങ്ങളിലൂടെ കിട്ടിയ വസ്തുക്കളുടെ അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരുന്നത്.

## ചരിത്രം

കൂരാച്ചുണ്ട് പഞ്ചായത്തിലെ നൂറ് ശതമാനം ഭാഗങ്ങളും കുടിയേറ്റ പ്രദേശങ്ങളാണ്. 1940 ൽ ആണ് ഇവിടെ കുടിയേറ്റം ആരംഭിച്ചത്. മദ്ധ്യതിരുവിതാം കൂറിലെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 'മണ്ണിൻെറ മക്കൾ' ഈപ്രദേശങ്ങളിൽ എത്തിതുടങ്ങി. രണ്ടാം ലോകമഹായുദ്ധത്തിൻെറ കെടുതികൾ മൂലം ഭക്ഷ്യവസ്തുക്കൾ ദുർലഭമാവുകയും പട്ടിണി കൊടുമ്പിരികൊള്ളുകയും ചെയ്ത സാഹചര്യത്തിൽ ഭക്ഷ്യോൽപാദനം വർദ്ധിപ്പിക്കേണ്ടത് അനിവാര്യമായിത്തീർന്നപ്പോൾ പുതുമണ്ണ് തേടിപ്പിടിച്ച

കൃഷിയിറക്കേണ്ടത് കർഷകൻെറയും സമൂഹത്തിൻെറയും ആവശ്യമായിത്തീർന്നു.

നൂറ്റാണ്ടുകൾക്കുമുമ്പ് ഇവിടെ ജനവാസം ഉണ്ടായിരുന്നതിന് പല തെളിവുകളും ഇപ്പോഴും കാണാൻകഴിയും. അമ്പലങ്ങളുടെ അവശിഷ്ടങ്ങളും വിഗ്രഹങ്ങളും പലയിടങ്ങളിലുമുണ്ട്. ശില്പവേലകൾചെയ്തിട്ടുള്ള ശിലകളും കാണാനുണ്ട്. ഹൈന്ദവ സംസ്കാരത്തിൻെറ പ്രതീകമായി അവ കരുതപ്പെടുന്നു. ഏതോപടയോട്ടം മൂലമോ, യുദ്ധഭീഷണിമൂലമോ, പകർച്ചവ്യാധികൾ കാരണത്താലോ ആളുകൾ ഇവിടങ്ങളിൽ നിന്നും ഒഴിഞ്ഞുപോകേണ്ടിവന്നതാവാം. തന്മൂലം ഈപ്രദേശങ്ങൾ വീണ്ടും വനഭൂമികളായിമാറി.

കൂരാച്ചുണ്ടിൻെറ വിരിമാറിൽ ക്കൂടി വളഞ്ഞൊഴുകുന്ന പുഴയിൽ വർഷങ്ങൾക്കുമുമ്പ് ഒരു ഭയങ്കരമായ ഒരു കുഴിയുണ്ടായിരുന്നു. ആകുഴിയിൽ കൂരാത്തി എന്നു പറയപ്പെടുന്ന ഒരുതരം മത്സ്യം ധാരാളമായി കാണപ്പെട്ടിരുന്നു. കൂരാത്തിയുള്ളകുണ്ട് എന്ന അർത്ഥത്തിൽ കൂരാത്തിക്കുണ്ട-കൂരാച്ചിക്കുണ്ട് എന്നും അത് ലോപിചച് കൂരാച്ചുണ്ട് ആയതാണെന്നും പറയപ്പെടുന്നു.

കാട്ടു മൃഗങ്ങളുടെ ആവാസ കേന്ദ്രങ്ങളായിരുന്ന അത്യോടി--കല്ലാനോട് മലവാരത്തിൽ ഏതാനും കുടുംബങ്ങൾ മാത്രമാണ് ആദ്യം കുടിയേറ്റം നടത്തിയത്. സംഘടിതമോ പിന്തുണയുള്ളതോ ആയിരുന്നില്ല അക്കാലത്തെ കുയിയേറ്റം. ബാലുശ്ശേരിക്കടുത്ത് ഒരു രാജകുടുംബമുണ്ടായിരുന്നു. കിഴക്കേടത്ത് കോവിലകം. ആരാജകുടുംബത്തിലെ അവസാനത്തെ രാജാവായിരുന്ന രാജരാജ വീരകേരള വർമ്മ രാജാവിൻെറ ജന്മിത്വത്തിൻ കീഴിലായിരുന്നു കൂരാച്ചുണ്ടും സമീപ പ്രദേശങ്ങളുമെല്ലാം. തിരുവിതാംകൂറിൽനിന്നും രണ്ടു മുതലാളിമാർ ഇവിടെയെത്തി. കിഴക്കേടത്തു കോവിലകത്തുനിന്നും കുറെയധികം സ്ഥലങ്ങൾ ചാർത്തി വാങ്ങുകയും കുടിയേറ്റക്കാർക്ക് വിറ്റുതുടങ്ങുകയും ചെയ്തു. ഇതോടുകൂടി വൻതോതിലുള്ള കുടിയേറ്റം ഇവിടങ്ങളിൽ ആരംഭിച്ചു. ഇക്കാലത്തുതന്നെ മുക്കണ്ണി മക്കാർപിള്ള ഈസ്ഥലങ്ങളിൽ സർവ്വേ ചന്തുവിൽ നിന്നും കുറേ ഭാഗം മേൽച്ചാർത്തുവാങ്ങുകയും അതിനെ തുടർന്ന് കുടിയേറ്റക്കാർ തമ്മിലും ഈ ഇടപ്രഭുക്കൻമാർ തമ്മിലും ബഹുമുഖ സമരങ്ങളും അനവധിയായ കോടതിക്കേസുകളും ഉണ്ടായി. കൂരാച്ചുണ്ടിൻെറ ഹൃദയഭാഗങ്ങൾ ഉൾപ്പെടെയുള്ള എണ്ണൂറേകാൽ ഏക്കർ സ്ഥലത്തിനുവേണ്ടി 'മുക്കണ്ണികേസ് ' എന്ന പേരിൽ ഏറെക്കാലം കോടതിയിൽ നിലനിന്നിരുന്നു.

കുടിയേറ്റത്തിൻെറ ആദ്യദശകങ്ങളിൽ മലമ്പനിയും മറ്റു പലവിധ മാരകരോഗങ്ങളും ബാധിച്ച് പലരും മരണപ്പെട്ടു. ചിലകുടുംബങ്ങൾ നാമാവശേഷമായി. മറ്റു ചിലകുടുംബങ്ങളിൽ നിന്നും പ്രിയപ്പെട്ടവർ നഷ്ടപ്പെട്ടു. മരണഭയത്താലും പട്ടിണിയാലും കുടിയേറിയവരിൽ പലരും തിരിച്ചുപോയി. കാട്ടാനകളുടെയും മറ്റു വന്യ മൃഗങ്ങളുടെയും ശല്യം കൃഷികൾക്കും കുടിയേറ്റക്കാർക്കു തീരായും ഭീഷണിയായിമാറി. അന്തിയുറങ്ങിയിരുന്നതും പകൽ സമയങ്ങളിൽ വിശ്രമിച്ചിരുന്നതും ഏറുമാടങ്ങളിലായിരുന്നു.

ഇക്കാലത്തു കുടിയേറ്റ കർഷകർക്കുവേണ്ടി ആരാധനാലയങ്ങളും സ്കൂളുകളും സ്ഥാപിച്ചുതുടങ്ങി. വാഹനഗതാഗതമുള്ള റോഡുമായി കൂരാച്ചുണ്ടിനെ ബന്ധിപ്പിക്കുന്നതിനുവേണ്ടിയായിരുന്നു അടുത്ത ശ്രമം. കൂട്ടായ ശ്രമത്തിലൂടെ പേരാമ്പ്ര--കൂരാച്ചുണ്ട്--കരിയാത്തുംപാററോഡ്, കൂരാച്ചുണ്ട്--കൂട്ടാലിട--ബാലുശ്ശേരി റോഡ്, കരിയാത്തുംപാറ തലയാട റോഡ് എന്നിവ വെട്ടിയുണ്ടാക്കി. ഫാ. തോമസ് ആയല്ലൂർ, ഫാ. വർഗ്ഗീസ് തയ്യിൽ, ഫാ. ജോസഫ് പന്നിക്കോട്ട് എന്നിവരാണ് ഇതിന് നേതൃത്വം നൽകിയത്. കുടിയേറ്റക്കാർക്ക് ആവശ്യമായ ഔഷധങ്ങളും രാഷ്ട്രീയവും സാമൂഹികവുമായ സഹായങ്ങൾ ലഭിക്കുന്നതിനും കോഴിക്കോട് രൂപതാദ്ധ്യക്ഷ്യനായിരുന്ന ഡോ.എം.എം.പത്രോണി വഹിച്ച പങ്ക് എടുത്തുപറയേണ്ടിയിരിക്കുന്നു.

മലയോരങ്ങളിൽ കാർഷികാഭിവൃദ്ധിക്കു തുടക്കം കുറിച്ചതോടെ ജില്ലക്കകത്തുനിന്നും മറ്റുജില്ലകളിൽ നിന്നും തൊഴിലന്വേഷിച്ച് ആളുകൾ എത്തിത്തുടങ്ങി. അവരിലധികവും തൊഴിലുടമകളുടെ വീടുകളിൽ താമസിച്ചുകൊണ്ട് അവിടുത്തെ കാർഷികജോലികളിൽ ഏർപ്പെട്ടിരുന്നു. 'പാർത്തുപണിക്കാർ' എന്നപേരിൽ ഇവർ അറിയപ്പെട്ടു. പിന്നീട് തൊഴിലുടമകൾ നൽകിയ തുണ്ടു ഭൂമികളിൽ കൊച്ചു

കൊച്ചു കൂരകൾ കെട്ടി ഇവർ ഇവിടങ്ങളിൽ കുടിപാർപ്പാക്കുകയും ചെയ്തു. കാർഷികോൽപ്പന്നങ്ങളുടെ വിപണനത്തിനായി മറ്റുസ്ഥലങ്ങളിൽ നിന്നെത്തിയവരും ക്രമേണ ഈപ്രദേശങ്ങളിൽ സ്ഥിരതാമസമാക്കി.

അദ്ധ്വാനശീലരായ കുടിയേറ്റകർഷകരുടേയും തൊഴിലാളികളുടെയും കൂട്ടായ നിരന്തര പരിശ്രമത്തിലൂടെ കാടെല്ലാം നാടാക്കി പല കൃഷികളും ചെയ്തുതുടങ്ങിയതോടെ നാടിൻെറ മുഖഛായ മാറി, ആദ്യകാലങ്ങളിൽ കപ്പ, നെലല് മുതലായ കൃഷികൾക്കു പുറമെ നാണ്യവിളയായി ഇഞ്ചിപ്പുല്ലും കൃഷിചെയ്തിരുന്നു. ക്രമേണ 'കറുത്തപൊന്ന് 'ഈ പ്രദേശത്തെ ഏറ്റവും വലിയ വിളയായി മാറി. ഇതുമൂലം അകവും അറയും നിറഞ്ഞ കർഷകന് അവൻെറ സന്തോഷം അധികകാലം നിലനിർത്തുവാൻ കഴിഞ്ഞില്ല. ധ്രുതവാട്ടവും മറ്റു രോഗങ്ങളും മൂലം കറുത്തപൊന്ന് നശിച്ചു തുടങ്ങി. തെങ്ങ്,കമുക്,കശുമാവ്,റബർ മുതലായ ദീർഘകാല വിളകളിലേക്ക് കർഷകർ ശ്രദ്ധതിരിക്കാൻ തുടങ്ങി.

വിവിധ മേഖലകളിൽ വ്യത്യസ്ഥ ആചാരത്തിലും സംസ്കാരത്തിലും ജീവിച്ചിരുന്ന ഹിന്ദുക്കളും, മുസ്ലീങ്ങളും,കൃസ്ത്യാനികളുമാണ് ഇവിടം കുടിയേറിയത്. അക്കാലങ്ങളിൽ ഊട്ടിയുറപ്പിച്ച കൂട്ടായ്മയും സഹകരണവും കൂരാച്ചുണ്ടിൻെറ സർവ്വതോൻമുഖമായ പുരോഗതിക്ക് കാരണമായി. വ്യത്യസ്ത മതവിഭാഗങ്ങൾ തമ്മിലുള്ള മൈത്രീഭാവം ഇന്നോളം അണയാതെ കാത്തുസൂക്ഷിക്കാൻ കഴിഞ്ഞിട്ടുണ്ട്. പരസ്പരം കോർക്കപ്പെട്ട കൈകൾ ഏതുപ്രശ്നത്തിനും കൂട്ടായി പരിഹാരം കാണുന്നു. അനാചാരങ്ങൾ തൊട്ടു തീണ്ടിട്ടില്ലാത്ത ജാതിചിന്ത പൊട്ടിമുളച്ചിട്ടില്ലാത്ത ഈ 'ത്രിവേണി 'സംഗമം മറ്റു പ്രദേശങ്ങളെക്കാൾ മാറ്റുള്ളതാണെന്ന് കൂരാച്ചുണ്ടുകാർ ഊറ്റം കൊള്ളുന്നു.

പലവിധ തൊഴിലുകൾ തേടിയെത്തിയവർ കാലാന്തരങ്ങളിൽ ഇവിടങ്ങളിൽ സ്ഥിരതാമസമാക്കി. അവരുടെ ന്യായമായ അവകാശങ്ങൾ നേടിയെടുക്കുന്നതിനും തൊഴിൽ സംരക്ഷണത്തിനും സംഘടിക്കേണ്ടത് ആവശ്യമായിത്തീർന്നു. അവരവരുടെ താല്പര്യത്തിനും വിശ്വാസത്തിനും അനുസരിച്ച് **CITU, INTUC, STU, KSKTU** തുടങ്ങിയ ട്രേഡ് യൂണിയനുകളിൽ അംഗത്വം നേടി. ഇതുമൂലം ഗ്രാമപ്രദേശങ്ങളിലെ തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ മെച്ചപ്പെട്ടു തുടങ്ങി. ഇതോടൊപ്പം തന്നെ കർഷക കോൺഗ്രസ്സ്, കർഷകസംഘം, കർഷകയൂണിയൻ എന്നീ പ്രസ്ഥാനങ്ങളും ഇവിടെ രൂപം കൊള്ളുകയുണ്ടായി.

കുടിയേറ്റ കർഷകർക്ക് കാലാവധി പറഞ്ഞുള്ള ചാർത്തിമ്മേലാണ് ജൻമിമാർ സ്ഥലം നൽകിയിരുന്നത്. ഈ വ്യവസ്ഥ പ്രകാരം കാലാവധി കഴിയുമ്പൊൾ ചാർത്ത് പുതുക്കി എഴുതിക്കുകയോ ജൻമിക്ക് കർഷകനെ ഒഴിപ്പിക്കാനോ കഴിയുമായിരുന്നു. ചിലർക്ക് വാക്കാൽ ചാർത്തായും ഭൂമി നൽകിയിട്ടുണ്ട്. ഇതൊന്നുമല്ലാതെ വസ്തുക്കൾ കൈയെറി കൃഷി ഇറക്കിയവരും ഉണ്ട്.

1967 ലെ ഭൂ പരിഷ്കരണ നിയമ പ്രകാരം കൃഷി ഭൂമി കർഷകൻെറതായിത്തീരുകയും കുടികിടപ്പുകാരന് **10** സെൻറ് ഭൂമി ആവകാശമായി അംഗീകരിച്ചുകിട്ടുകയും ചെയ്തു. കൈവശകാർക്ക് പട്ടയം ലഭിച്ചു തുടങ്ങിയതോടെ പഴയ ജൻമിത്വം അവസാനിക്കുകയും കൈവശക്കാരൻ ജൻമിയായി മാറുകയും ചെയ്തു. ഭൂ പരിഷ്കരണനിയമങ്ങളുടെയും കുടികിടപ്പിൻെറയും കൂടുതൽ ഗുണം ലഭിക്കാനിടയായ പഞ്ചായത്തുകളിലൊന്നാണ് കൂരാച്ചുണ്ട് പഞ്ചായത്ത്.

ശ്രമദാനത്തിലൂടെ വെട്ടിയുണ്ടാക്കിയ റോഡുകൾമൂലം വാഹന ഗതാഗതമുള്ള റോഡുകളുമായി കൂരാച്ചുണ്ടിനെ ബന്ധിപ്പിച്ചിരുന്നെങ്കിലും ഏറെ കാലം കാൽനടയായിതന്നെ യാത്രചെയ്യേണ്ടി വന്നു. വർഷങ്ങൾക്കു ശേഷം ഒന്നോ രണ്ടോ ജീപ്പുകൾ പേരാമ്പ്രക്കു സർവ്വിസ് തുടങ്ങി. തുടർന്ന് ഒരു വേൻ സർവ്വീസ് ആരംഭിച്ചു. കാലങ്ങൾ പിന്നെയും നീങ്ങി. ഒരു ബസ്സെങ്കിലും കൂരാച്ചുണ്ടിൽ എത്തിക്കുകയെന്നുള്ളത് വലിയ ആഗ്രഹമായി മാറി. അതിനുള്ള കൂട്ടായശ്രമം ആരംഭിച്ചു. താമസം വിനാ കോഴിക്കോട്ടു നിന്ന് തലയാടു വഴി കൂരാച്ചുണ്ടിലേക്ക് ഒരു ബസ്സ് സർവ്വിസ് അനുവദിച്ചുകിട്ടി. അങ്ങനെ കൂരാച്ചുണ്ടിലേക്കുള്ള ആദ്യ സർവ്വീസ് നടത്തിക്കൊണ്ടെത്തിയ "സുബൈദ" ബസ്സിന് ജനങ്ങൾ ആവേശത്തോടെ സ്വീകരണം നൽകി. ക്രമേണ ബസ്സുകളുടെ എണ്ണം വർദ്ധിച്ചു. കൂരാച്ചുണ്ടിൽ നിന്ന് പേരാമ്പ്ര വഴിക്കുള്ള ബസ്സ് സർവ്വീസുകളും ആരംഭിച്ചു തുടങ്ങി. ഇതോടെ യാത്രാക്ലേശം ഒട്ടൊക്കെ പരിഹരിക്കാൻ കഴിഞ്ഞു. അടുത്തശ്രമം കൂരാച്ചുണ്ടിൽ നിന്നും ബാലുശ്ശേരി വഴി കോഴിക്കോട്ടേക്കുള്ള ബസ്സ് ഗതാഗതം തുടങ്ങുന്നതിനായിരുന്നു. മറ്റു രണ്ട് റൂട്ടുകളെ അപേക്ഷിച്ച്

ഇതു വഴിക്കുള്ള ദൂരം 18 കിലോമീറ്റർ കുറക്കാൻ കഴിയും. ഒട്ടേറെ പ്രതിബന്ധങ്ങൾ നേരിടേണ്ടി വന്നെങ്കിലും നിരന്തരമായ പരിശ്രമത്തിൻെറയും അധ്വാനത്തിൻെറയും ഫലമായി ഈ റൂട്ടും തുറന്നു കിട്ടി. ഇപ്പോൾ പേരാമ്പ്ര വഴിയും, ബാലുശ്ശേരി വഴിയും, കായണ്ണ വഴിയും, തലയാടു വഴിയും ബസ്സ് സർവ്വീസ് നടത്തുന്നുണ്ടെങ്കിലും യാത്രാ പ്രശ്നം പൂർണ്ണമായും പരിഹരിക്കപ്പെട്ടിട്ടില്ല. കാർഷികോല്പന്നങ്ങൾക്ക് ന്യായമായ വില കിട്ടുന്നതിനും കൂരാച്ചുണ്ടിൻെറ പുരോഗതിക്കും റോഡുകൾ വളരെയേറെ സഹായകമായിട്ടുണ്ട്.

വീട് എന്ന ആശയം എല്ലാവിഭാഗം ജനങ്ങളുടെയും അടങ്ങാത്ത മോഹമാണ്. ഏറുമാടങ്ങൾക്കു പകരം കുടിലുകൾ കെട്ടിത്തുടങ്ങി. അത്യാവശ്യ സൗകര്യങ്ങളോടുകൂടിയ വീടുകൾ നിർമ്മിക്കുന്നതിനുള്ള ശ്രമവും തുടർന്നു. ചിലരെങ്കിലും സ്റ്റാറ്റസിൻെറ പ്രശ്നമായി വീടുകളെ കണക്കാക്കി. സമ്പന്ന വിഭാഗങ്ങളിൽപെട്ട ചിലർ ആധുനിക സൗകര്യങ്ങളോടുകൂടിയതും ആർഭാടപൂർണ്ണവുമായ ഭവനങ്ങൾ കുറെ നിർമ്മിച്ചിട്ടുണ്ട്. ഫോറിൻ പണക്കാരും ഇവരോടൊപ്പമുണ്ട്. സ്റ്റാറ്റസിൻെറ പ്രശ്നമായി കഴിവിനപ്പുറത്ത് മണിമാളികകൾ നിർമ്മിച്ചതിനാൽ ഭൂ സ്വത്തുക്കൾ വിറ്റു കടം വീട്ടുകയോ കെട്ടു കെട്ടേണ്ടി വന്നതോ ആയ അനുഭവങ്ങളും ഇല്ലാതില്ല. നിർദ്ധന വിഭാഗങ്ങൾക്ക് സന്നദ്ധ സേവനത്തിലൂടെയും കൂട്ടായ്മയിലൂടെയും ഭവനങ്ങൾ നിർമ്മിച്ചു സഹായിക്കുന്ന സേവന സന്നദ്ധരായ ആളുകളും സംഘടനകളും ഈ പഞ്ചായത്തിലുണ്ട്. അവ ദേവാലയങ്ങളോടു ബന്ധപ്പെട്ടതോ, രാഷ്ട്രീയ പ്രസ്ഥാനങ്ങളോടോ, ട്രേഡുയൂണിയനുകളോടോ ബന്ധപ്പെട്ടവയോ ആണ്.

ശരീരത്തിൻെറ ഊഷ്മാവ് നിലനിർത്തുക എന്നതിലുപരിയായി നഗ്നതമറയ്ക്കുക എന്ന ലക്ഷ്യത്തോടെയാണ് വസ്ത്രധാരണത്തെ കാണുന്നത്. പരുത്തി വസ്ത്രങ്ങളാണ് കുറെക്കാലങ്ങൾക്കു മുമ്പുവരെ നമ്മൾ ഉപയോഗിച്ചിരുന്നത്. കൈത്തറി വസ്ത്രങ്ങളും മിൽത്തുണികളുടെ സ്ഥാനത്തൊടൊപ്പം കടന്നു വന്നു. വേഷ വിധാനങ്ങളിൽ വന്ന ഫോറിൻ കമ്പവും സിനിമയിലെ വേഷവിധാനങ്ങളും മറ്റു സ്ഥലങ്ങളിലെന്ന പോലെ കൂരാച്ചുണ്ട് പഞ്ചായത്തിലും സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഞൊറിയിട്ടുടുത്ത മുണ്ടും ചട്ടയും ധരിച്ചിരുന്ന ചേടത്തിമാർ ഇന്നു വിരലിലെണ്ണാവുന്നതേയുള്ളൂ. സാരിയും നൈറ്റിയും ആ സ്ഥാനം കൈയ്യടക്കി. മുണ്ടിൻെറ സ്ഥാനത്ത് യുവതലമുറകളിൽ പാൻറ്സ് സ്ഥാനം പിടിച്ചു. ഫോറിൻ തുണികളും പോളിയസ്റ്റർ, ടെറിക്കോട്ടൻ തുടങ്ങിയവയിലും ഭ്രമം വർദ്ധിച്ചതോടെ പരുത്തി വസ്ത്രങ്ങളും വഴിമാറിക്കൊണ്ടിരിക്കുന്നു. ചുരിദാർ, മിഡി എന്നിവ ആധുനിക വനിതകളുടെ ഫാഷനായി മാറി.

ഈ പഞ്ചായത്തിലെ നിരക്ഷരരെ കണ്ടെത്തുന്നതിനുള്ള സർവ്വേ നടത്തുകയും 1320 നിരക്ഷരർ ഉള്ളതായി മനസ്സിലാക്കുകയും ചെയ്തു. ഇവരിലധികവും സ്ത്രീകളായിരുന്നു. അക്ഷരജ്ഞാനം നൽകുന്നതിനുള്ള ടീമിനെ സംഘടിപ്പിച്ച് വിവിധ കേന്ദ്രങ്ങളിൽ വെച്ച് ഇവർക്കു ക്ലാസ് നടത്തി. കുറേപ്പേർ കൊഴിഞ്ഞു പോവുകയും അവശേഷിച്ച 1198 പേർക്ക് പരീക്ഷ നടത്തുകയും ചെയ്തതിൻെറ അടിസ്ഥാനത്തിൽ ഇവരെ സാക്ഷരരായി പ്രഖ്യാപിച്ചു. ഒന്നാം ഘട്ടത്തിൽ ആവേശകരമായ പങ്കാളിത്തം ഉണ്ടായിരുന്നു. വാർഡുതലത്തിലും പഞ്ചായത്തുതലത്തിലും പഠിതാക്കളുടെ കലാമേളകൾ നടത്തിയിരുന്നു. ഒന്നാം ഘട്ടം ബഹുജനങ്ങളുടെ ഉത്സവമായി മാറുകയുണ്ടായി. സർട്ടിഫിക്കറ്റ് ലഭിച്ചവരെ രണ്ടു മൂന്നു മേഖലകളാക്കി അക്ഷര സംഘത്തിനു രൂപം കൊടുത്തു. ജനവിദ്യാ കേന്ദ്രങ്ങൾ ഇതിനോടനുബന്ധിച്ച് തുറന്നു പ്രവർത്തിച്ചെങ്കിലും തുടർ വിദ്യാഭ്യാസ പരിപാടി നടത്താൻ കഴിഞ്ഞില്ല.

കുറ്റ്യാടി ജലസേചന പദ്ധതിയുടെ നിർമ്മാണത്തിനു വേണ്ടി നടപടികൾ ആരംഭിച്ചപ്പോൾ അതിൻെറ ജലസംഭരണിയിൽ വരുന്ന ഭൂപ്രദേശങ്ങൾ ഗവർമെൻറ് ഏറ്റെടുത്തു. ഇതിൻെറ ഫലമായി

തഴച്ചു വളർന്നിരുന്ന ദേഹണ്ഡങ്ങൾ എല്ലാം ഉപേക്ഷിച്ച് കൂരാച്ചുണ്ട് പഞ്ചായത്തിൽ പെട്ട 65 കുടുംബാംഗങ്ങൾ അവരുടെ കൃഷി സ്ഥലങ്ങൾക്കും ദേഹണ്ഡങ്ങൾക്കും ഉള്ള വിലവാങ്ങി മറ്റു സ്ഥങ്ങളിലേക്കു കുടിപാർക്കേണ്ടിവന്നു.


നിങ്ങളുടെ സുവർണ്ണ സങ്കല്പങ്ങളുടെ
സാക്ഷാത്കാരത്തിന്

തൃശ്ശൂരിൽ നിന്നൊരു സ്ഥാപനം

മഞ്ഞിലാസ് ജ്വല്ലറി

പോലീസ് സ്റ്റേഷന് സമീപം
പേരാമ്പ്ര.
Ph: 250684

Br: താമരശ്ശേരി, ബാലുശ്ശേരി, നിലമ്പൂർ, എടക്കര, കോട്ടക്കൽ, പെരിന്തൽമണ്ണ

# ഭൂപ്രകൃതി

അവലംബം. പഠനപര്യടനം, ധൃതഗ്രാമപഠനം, വായ്മൊഴി പഠനം, ദ്വിതീയ വിവരകണക്കുകൾ.

കിടപ്പ്. പൂവത്താം കുന്നു മുതൽ കിളികുടുക്കി വരെ തെക്കു നിന്നും വടക്കോട്ടു ചെരിഞ്ഞും കിളികുടുക്കി മുതൽ ശങ്കരം പുഴ വരെ കിഴക്കുനിന്നും പടിഞ്ഞാറോട്ടു ചെരിഞ്ഞും ബാക്കി ഭാഗങ്ങൾ കിഴക്കുനിന്നും വടക്കു പടിഞ്ഞാറൻ ദിശയിലേക്കു ചെരിഞ്ഞു മാണ് പഞ്ചായത്തിൻെറ കിടപ്പ്.

ഭൂപ്രകൃതിയനുസരിച്ച് കൂരാച്ചുണ്ടിനെ മുഖ്യമായും മൂന്നു മേഖലകളായി തിരിക്കാം. പഞ്ചായത്ത് നോർത്തേൺ മിഡ്ലാൻറ് സോണിൽ പെടുന്നു.

1. ഉയർന്ന സമതലം (പീഠഭൂമി)
2. ചെരിവു പ്രദേശങ്ങൾ
3. താഴ്വരകൾ

## 1. ഉയർന്ന സമതലം (പീഠഭൂമി)

55 ഹെക്ടർ വിസ്തീർണ്ണമുള്ള ഈ ഭാഗം മൊത്തം ഭൂമിയുടെ 0.62 ശതമാനം വരും. പൂവത്താംകുന്ന്, കണ്ണാടിപ്പാറ, നമ്പികുളം, ശങ്കരംപുഴ ഈ ഭാഗങ്ങളിലാണ് പീഠഭൂമികൾ കാണപ്പെടുന്നത്. ഇവിടങ്ങളിൽ കറുത്ത മേൽ മണ്ണ് ഒരടി ഘനത്തിൽ കാണുന്നു. അടിയിലേക്ക് ചെമ്മണ്ണും വെട്ടുകല്ലും ആണ്. തെങ്ങ്, കമുക്, റബ്ബർ എന്നിവ ഇവിടുത്തെ മുഖ്യവിളകളാണ്. ഇവിടങ്ങളിൽ റബ്ബർ മരങ്ങൾ വണ്ണം വെയ്ക്കാതെ മുരടിച്ചു വരുന്നതിനാൽ ഈ കൃഷി അനാകർഷകമായി വരുന്നു. കുരുമുളക്, വാഴ മുതലായ ഇടവിളകളും ഉണ്ട്. ഇവിടുത്തെ നീർവാർച്ചയും മണ്ണൊലിപ്പും പ്രശ്നമാണ്. എല്ലാ സ്ഥലങ്ങളിലും വെള്ളം ലഭ്യമാണെങ്കിലും ഇടിഞ്ഞ കുന്ന് വയലടഭാഗങ്ങളിൽ വേനൽക്കാലത്ത് വെള്ളം ഉണ്ടാകാറില്ല.

കൂരാച്ചുണ്ട് പഞ്ചായത്തിലേറ്റവും ഉയരം കൂടിയ ഭാഗം ഓലതൂക്കി മലയാണ്. ഉയരമുള്ള പ്രദേശങ്ങളും സമുദ്രനിരപ്പിൽ നിന്നുമുള്ള അവയുടെ ഉയരവും താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| ഓലതൂക്കിമല | - | -2648 അടി |
| ശങ്കരം പുഴമല | - | 2527 " |
| കിളികുടുക്കിമല | - | 2498 " |
| കാറ്റുള്ളമല | - | 2200 " |
| നമ്പികുളം ഭാഗം | - | 2365 " |
| താന്നിയാം കുന്ന് | - | 2100 " |
| ഇടിഞ്ഞകൂന്ന് | - | 1820 " |
| കണ്ണാടിപ്പാറ | - | 1150 " |
| പൂവത്താംകുന്ന് | - | 1750 " |
| മണിച്ചേരിമല | - | 2350 " |

## 2.ചെരിവു പ്രദേശങ്ങൾ

5718.7 ഹെക്റ്റർ വിസ്തീർണ്ണമുള്ള ഈ ഭൂ വിഭാഗം മൊത്തം ഭൂമിയുടെ 65 ശതമാനം വരും. കക്കയം, മീൻമുട്ടി, കരിയാത്തുംപാറ, മണിച്ചേരി, താന്നിയാംകുന്ന്, ഇടിഞ്ഞകുന്നു ഭാഗങ്ങൾ, കൊച്ചുകണ്ണാടിപ്പാറ, നമ്പികുളം, കാറ്റുള്ളമല ഭാഗങ്ങൾ ഇവിടങ്ങളിൽ കൂടിയ ചെരുവുകൾ കാണപ്പെടുന്നു. ബാക്കി ഭാഗങ്ങൾ ചെറിയ ചെരുവുകളോടു കൂടിയവയാണ്. ഇവിടങ്ങളിൽ 100 ഹെക്റ്ററോളം പാറക്കെട്ടുകളും (മൊത്തം ഭൂമിയുടെ 1.14 ശതമാനം )1143.74 ഹെക്റ്റർ (മൊത്തംഭൂമിയുടെ 13 ശതമാനം) വനഭൂമികളാണ്. നിക്ഷിപ്തവനങ്ങളും റിസർവ് വനങ്ങളും ഉൾപ്പെട്ടതാണ് ഈ വനഭൂമി.

ബാക്കിയുള്ളവ കൃഷിയോഗ്യമായ വളക്കൂറുള്ള മണ്ണാണ്. കറുപ്പ് രാശിയും ചെമ്മണ്ണു കലർന്നതുമായ മണ്ണാണ് ഇവിടെ കണ്ടുവരുന്നത്. നീർവാർച്ച കൂടുതലുള്ള പ്രദേശമാണ്. ഈ ഭാഗങ്ങളിൽ കുടിവെള്ള പ്രശ്നം അനുഭവപ്പെടാറില്ലെങ്കിലും 27-ാം മൈലിൽ മഴക്കാലത്തു മാത്രമെ കുടിവെള്ളം ലഭ്യമാവുകയുള്ളൂ. കാറ്റുള്ള മലയിലെ മുഴുവൻ ഭൂമിയും കൃഷിയോഗ്യമാണ്. ജലക്ഷാമവും അനുഭവപ്പെടാറില്ല. കേരളാ പോലീസിൻെറ വയർലസ്സ് സ്റ്റേഷൻ കാറ്റുള്ള മലയിലെ നമ്പികുളം ഭാഗത്താണ് സ്ഥാപിച്ചിരിക്കുന്നത്. ഈ പ്രദേശങ്ങളിൽ ചിലയിടങ്ങളിൽ ഉരുൾ പൊട്ടലും മറ്റു പ്രകൃതിക്ഷോഭങ്ങളും മൂലം കനത്ത നാശനഷ്ടങ്ങളും ജീവഹാനിയും സംഭവിക്കാറുണ്ട്. 1967 ലും 1984 ലും ഉണ്ടായ ഉരുൾ പൊട്ടൽ ഭീകരാന്തരീക്ഷം സൃഷ്ടിക്കുകയുണ്ടായി. ഈ വർഷം കരിയാത്തും പാറയിലുണ്ടായ ഉരുൾപൊട്ടലിൽ ജീവഹാനി സംഭവിച്ചില്ലെങ്കിലും നാശനഷ്ടങ്ങൾ വാരിവിതറുകയുണ്ടായി.

തെങ്ങ്, കമുക്, റബ്ബർ എന്നിവ മുഖ്യവിളകളാണ്. കപ്പ, വാഴ, ഇഞ്ചി എന്നിവയും ഇടവിളകളായി ചേന, ചേമ്പ്, കാച്ചിൽ മുതലായവയും ഉണ്ട്. കുറച്ചു ഭാഗങ്ങളിൽ കുരുമുളകു കൃഷിയും നടത്തുന്നു.

## സമതലം.

മൊത്തം ഭൂമിയുടെ 34.38 ശതമാനം വരുന്ന ഈ വിഭാഗം 3024.47 ഹെക്റ്റർ വരും. കുറ്റ്യാടിപ്പുഴ അതിരിടുന്ന 2,3,4,5 വർഡുകളും, കല്ലാനോട്, കരിയാത്തും പാറ, പൂവത്തും ചോല, കൂരാച്ചുണ്ട്, വട്ടച്ചിറ പതിയിൽ, കൈതക്കൊല്ലി, ഓഞ്ഞിൽ, കോയിപ്പറമ്പ്, കേളോത്തുവയൽ, ശങ്കരവയൽ, കാളങ്ങാലി, ചാലിടം മുതലായ ഭാഗങ്ങൾ ഈ പ്രദേശത്ത് ഉൾപ്പെടുന്നു. ചിലയിടങ്ങളിൽ എക്കൽ മണ്ണും അധികഭാഗങ്ങളിലും കറുത്ത മണ്ണും, മറ്റു ഭാഗങ്ങളിൽ ചെമ്മണ്ണും കാണപ്പെടുന്നു. ഈ പ്രദേശങ്ങളിൽ കാണപ്പെടുന്ന നീരൊഴുക്കുകളും ഒഴുകുന്ന പുഴകളും സമതലങ്ങളെ ഫലഭൂയിഷ്ഠമാക്കുന്നു. തെങ്ങ് റബ്ബർ, കമുക്, ഇവയാണ് മുഖ്യ വിളകൾ. വാഴ, കപ്പ, ഇഞ്ചി, മഞ്ഞൾ, ചേന, ചേമ്പ്, കൊക്കോ, മുതലായവയും കൃഷിചെയ്യുന്നുണ്ട്.

ലഭ്യമായ കണക്കനുസരിച്ച് 16 ഹെക്റ്റർ സ്ഥലത്ത് നെൽകൃഷി നടത്തുന്നുണ്ട്. മൊത്തം ഭൂമിയുടെ 0.18 ശതമാനമാണിത്. പണിക്കാരെ ലഭിക്കാനുള്ള ബുദ്ധിമുട്ടും, കാലാവസ്ഥയുടെ പ്രതികൂല സാഹചര്യങ്ങളും, കീടങ്ങളുടെ കടന്നാക്രമണവും മൂലം വയൽ കൃഷി ആദായകരമല്ലാതായിത്തീർന്നു. അതിനാൽ വയലേലകൾ മറ്റു കാർഷികവിളകൾക്കായി ഉപയോഗിച്ചു തുടങ്ങി. 110 കെ.വി. ലൈൻ ഈ ഭാഗങ്ങളിൽകൂടി കടന്നു പോകുന്നത് കൊണ്ടാവാം ഇത്രയും സ്ഥലങ്ങളെങ്കിലും വയൽകൃഷിയുടെ ഓർമ്മകളെ നിലനിർത്താൻ അവശേഷിച്ചിരിക്കുന്നത്.

## മണ്ണ്

മലമുകളിലും,ചെരുവുകളിലും സമതലങ്ങളിലും പൊതുവെ കറുത്ത മണ്ണ് കാണപ്പെടുന്നു. ചിലഭാഗങ്ങളിൽ ചരൽ കലർന്ന മണ്ണും കാണപ്പെടുന്നുണ്ട്. കരിമ്പാറക്കൂട്ടങ്ങളും കാണാനുണ്ട്. സമതലങ്ങളിൽ അധികഭാഗവും പൂഴികലർന്ന എക്കൽ മണ്ണാണുള്ളത്. ഇവിടങ്ങളിലെല്ലാം നീർവാർച്ചകളും അനുബന്ധമായി നീർച്ചാലുകളുമുണ്ട്. പേമാരിയും പ്രകൃതി ക്ഷോഭങ്ങളും മൂലം മണ്ണൊലിപ്പുണ്ടാകുന്നു. അതുനിയന്ത്രിക്കണം. നിരപ്പായ സ്ഥലങ്ങളിൽ തോടുകൾക്കും നീരൊഴുക്കുകൾക്കും പാർശ്വ ഭിത്തികൾ കെട്ടണം. കൊണ്ടുർലൈനിൽ കൃഷി ചെയ്യുകയും കയ്യാല കെട്ടുകയും വേണം.

## ജനപ്രകൃതി (അവലംബം 1991 ലെ സെൻസസ്സ്)

1991 ലെ സെൻസസ്സ് പ്രകാരം കൂരാച്ചുണ്ട് പഞ്ചായത്തിൽ 3210 വീടുകളും ജനസംഖ്യ 16111ഉം ആണ്. ഇതിൽ 8229 പുരുഷൻമാരും 7882 സ്ത്രീകളും ഉണ്ട്. വാർഡു തിരിച്ചുള്ള പട്ടിക ചുവടെ കൊടുക്കുന്നു. ശരാശരി വീടൊന്നിന് 5.01 ആളുകൾ വീതമുണ്ട്. സംസ്ഥാന ശരാശരി 5.6 ആണ്. ചതുരശ്ര കിലോമീറ്ററിന് 183.12 ആണ് കൂരാച്ചുണ്ടിലെ ജനസാന്ദ്രത.

### പട്ടിക .3

| വാർഡ് നമ്പർ | ജനസംഖ്യ 1991 | | ആകെ |
|---|---|---|---|
| | പുരുഷൻമാർ | സ്ത്രീകൾ | |
| 1 | 1152 | 1142 | 2294 |
| 2 | 968 | 941 | 190-9 |
| 3 | 1182 | 1105 | 2287 |
| 4 | 949 | 888 | 1837 |
| 5 | 851 | 795 | 1646 |
| 6 | 1004 | 972 | 1976 |
| 7 | 1159 | 1106 | 2265 |
| 8 | 964 | 933 | 1897 |
| ആകെ | 8229 | 7882 | 16111 |

## ജലസ്രോതസ്സുകൾ

ചെറുതും വലുതുമായ നാല്പതിലധികം തോടുകളും നീരുറവകളും കൊണ്ട് അനുഗ്രഹീതമാണ് കൂരാച്ചുണ്ട്. ഇവയെല്ലാം തന്നെ മണ്ണൊലിപ്പ് എന്ന ശാപം വരുത്തി വെക്കുന്നുണ്ടെങ്കിലും വേനൽക്കാലങ്ങളിൽ ഇവ വിലപ്പെട്ടതുതന്നെ.

കുറ്റ്യാടിപ്പുഴ, കക്കയം പുഴ, അമ്പലക്കുന്ന് തോട്, മണ്ണനാൻ തോട്, അയ്യപ്പൻകുന്ന് തോട്, കല്ലാനോട് തോട്, കാനാട്ടുതാഴെ തോട്, പൂവത്തും ചോല-കൂരാച്ചുണ്ട് തോട്, പനോംവയൽ തോട്, നാക്കുഴിക്കാട്ട് താഴെ തോട്, ശങ്കരവയൽ തോട്, കാട്ടുനിലംതാഴെ തോട്, കേളോത്തു വയൽ തോട്, കൊല്ലങ്കുന്നേൽ താഴെ തോട്, കോയിപ്പറമ്പ് കൈത്തോട്, ചാലിടം തോട്, പനത്താനത്തു താഴെതോടു, എരപ്പാം തോട്, വട്ടച്ചിറ തോട്, എന്നിവയും ചേനക്കാലായിൽ നീരുറവ, വാളാകുളത്തു താഴെ നീരുറവ, പൂവത്താംകുന്ന് നീരുറവ, കണയങ്കൽ നീരുറവ, മുളവട്ടം താഴെ നീരുറവ, പൊന്നുണ്ടമല നീരുറവ എന്നിവയും ജല സ്രോതസ്സുകളിൽപ്പെടുന്നു.

## ഭൂവിനിയോഗം.

കൂരാച്ചുണ്ട് പഞ്ചായത്തിൽ 7230.26 ഹെക്റ്റർ ഭൂമികളാണ് കൃഷി യോഗ്യമായിട്ടുള്ളത് അവയുടെ വിനിയോഗം ചുവടെ പട്ടികയിൽ ചേർത്തിരിക്കുന്നു.

### പട്ടിക 4

| നമ്പർ | വിളയിനം | വിളവിസ്തീർണ്ണം | ശതമാനം |
|---|---|---|---|
| 1. | തെങ്ങ് | 4358. 72ഹെക്റ്റർ | 60. 28 |
| 2. | റബ്ബർ | 2169. 00 " | 29. 99 |
| 3. | കമുക് | 246. 90 " | 3. 04 |
| 4. | കുരുമുളക് | 72. 30 " | 0. 99 |
| 5. | കശുമാവ് | 286. 94 " | 3. 96 |
| 6. | കപ്പ | 3. 61 " | 0. 49 |
| 7. | വാഴ | 16. 25 " | 0. 22 |
| 8. | ഇഞ്ചി | 13. 62 " | 0.1 8 |
| 9. | നെല്ല് | 16. 00 " | 0. 22 |
| 10. | കൊക്കോ | 18. 00 " | 0. 24 |
| 11. | പച്ചക്കറികൾ | 17. 9 " | 0. 24 |
| 12. | പലയിനങ്ങൾ | 11. 00 " | 0. 15 |
| | ആകെ. | 7230. 26 | 100. 00 |

തെങ്ങിനിടയിൽ ഇടവിളയായി കമുക്,കുരുമുളക്, കൊക്കോ തുടങ്ങി മറ്റു പലതും കൃഷി ചെയ്യാറുണ്ട്.

പഞ്ചായത്തിൽ അനുഭവപ്പെടുന്ന കാലാവസ്ഥ ഏതേതു മാസങ്ങളിലാണെന്ന് താഴെ കൊടുക്കുന്ന പട്ടികയിൽ വ്യക്തമാക്കുന്നു.

## പട്ടിക . 5

| മാസം | കാലാവസ്ഥ | ഇടമഴ |
|---|---|---|
| ജനുവരി | മഞ്ഞുകാലം | |
| ഫെബ്രുവരി | വേനൽക്കാലം | |
| മാർച്ച് | വേനൽക്കാലം | |
| ഏപ്രിൽ | വേനൽക്കാലം | |
| മെയ് | വേനൽക്കാലം | |
| ജൂൺ | കാലവർഷം | |
| ജൂലായ് | കാലവർഷം | |
| ആഗസ്റ്റ് | കാലവർഷം | |
| സെപ്റ്റംബർ | കാലവർഷം,തുലാവർഷം | |
| ഒക്ടോബർ | തുലാവർഷം | |
| നവംബർ | മഞ്ഞുകാലം | |
| ഡിസംബർ | മഞ്ഞുകാലം | |

കാലവർഷത്തിൽ നിന്നാണ് കൂടുതൽ മഴ ലഭിക്കുന്നത്.

## ജൈവ സമ്പത്ത്.

എഴുപതു ശതമാനം അന്തരീക്ഷ ഈർപ്പമുള്ള കേരളത്തിൽ പ്രകൃതി കനിഞ്ഞരുളിയ ജൈവ സമ്പത്തുകളുടെ പട്ടികയിൽ നമ്മുടെ പഞ്ചായത്തിലും ഗണ്യമായവ ലഭ്യമായിട്ടുണ്ട്.

സർപ്പഗന്ധി, നിലപ്പന, ശവംനാരി, ഉമ്മം, കുറുന്തോട്ടി, കയ്യുണ്യം, കുടവൻ, ഓരില, മൂവില, പാതിരി, പലകപ്പയാനി, കൂവളം, മുഞ്ഞ, പുത്തരിച്ചുണ്ട, വയൽചുള്ളി, ആടലോടകം, കൊടുവേലി, തുളസി, ഗരുഡക്കൊടി, നറുനീണ്ടി, ശതാവരി, പ്രസാരണി, ആരിവേപ്പ്, ചെറുനാരകം, ചെത്തി, നന്ത്യാർവട്ടം, കരുനച്ചി, ഉങ്ങ്, ആവൽ, ആവണക്ക്, മുക്കുറ്റി,അത്തി, ഇത്തി, അരയയാൽ, പേരാൽ, തഴുതാമ, കാട്ടുപടവലം, കാട്ടുവെള്ളരി, കാട്ടുചേന, കാട്ടുഴുന്ന്, കാട്ടുമുതിര, കാട്ടുതിപ്പല്ലി, കാട്ടുജീരകം, വയൽചുള്ളി, ബ്രഹ്മി, ചെറുകടലാടി, വലിയകടലാടി, കറുകപ്പുല്ല്, ആനച്ചുവടി, ഒടിയാവണക്ക്, ചതുരമുല്ല, കറ്റാർവാഴ, കൊടുവേലി, കൊടകപ്പാല, ആറ്റുതകര മുതലായ ഔഷധ സസ്യങ്ങളും ജാതി, കുരുമുളക്, ഗ്രാമ്പൂവ്, കറുവാപ്പട്ട, ഇഞ്ചി, മഞ്ഞൾ മുതലായ സുഗന്ധ വിളകളും നമ്മുടെ പഞ്ചായത്തിൽ സുലഭമാണ്.

ചേന, ചേമ്പ്, കാച്ചിൽ മരച്ചീനി, എന്നീ കിഴങ്ങു വർഗ്ഗങ്ങളും പ്ലാവ്,മാവ്, വാഴ, മുതലായ ഫലവർഗ്ഗങ്ങളും സുലഭമായിട്ടുണ്ട്. പിച്ചി,മുല്ല,റോസ്,ജമന്തി എന്നീ പുഷ്പിത സസ്യങ്ങളും ഉണ്ട്.

## മനുഷ്യവിഭവം

1991 ലെ സെൻസസ്സ് പ്രകാരം ജനസംഖ്യ 16111 'ആണ്. പഞ്ചായത്തിൽ ജനന നിരക്കു കുറഞ്ഞുവരുന്നു. ബോധവൽക്കരണം കൊണ്ട് വ്യക്തികളിലുണ്ടായ മാറ്റങ്ങളും കുടുംബാസൂത്രണ മാർഗ്ഗങ്ങൾ സ്വീകരിച്ചതുകൊണ്ടുമാവാം ഇതിന്റെ കാരണം. ഒന്നാം ഘട്ട സാക്ഷരതാ പ്രവർത്തനത്തിലൂടെ നൂറുശതമാനവും സാക്ഷരത നേടാൻ കഴിഞ്ഞെങ്കിലും തുടർ വിദ്യാഭ്യാസ പരിപാടി നടത്താൻ കഴിയാതിരുന്നത്കൊണ്ട് നിരക്ഷരരുടെ എണ്ണം വർദ്ധിക്കുകയാണ് ചെയ്തത്.

അഭ്യസ്ഥവിദ്യരുടെ എണ്ണം പഞ്ചായത്തിൽ താരതമ്യേന കൂടുതലാണ്. വിദ്യാഭ്യാസത്തിന്റെ ആവശ്യകതയും അത് വ്യക്തികളിലും സമൂഹത്തിലും വരുത്തുന്ന സാംസ്കാരികവും സാമൂഹ്യവുമായ പരിവർത്തനങ്ങളും മനസ്സിലാക്കിയതുകൊണ്ടാണ് ഈ പ്രതിഭാസം ഉണ്ടാവാനിടയായത്.

ജനങ്ങളുടെ തൊഴിൽ മേഖലയിലെ പങ്കാളിത്തം ചുവടെ കൊടുക്കുന്നു.

### പട്ടിക. 6

| നമ്പർ | തൊഴിൽ മേഖല | പുരുഷൻമാർ | | | സ്ത്രീകൾ | | |
|---|---|---|---|---|---|---|---|
| | | ആകെ | തൊഴിലെടുക്കുന്നവർ | ശതമാനം | ആകെ | തൊഴിലെടുക്കുന്നവർ | ശതമാനം |
| 1. | സ്ഥിരം തൊഴിലാളികൾ | 8229 | 4096 | 49.77 | 7882 | 642 | 8.14 |
| 2. | കർഷക തൊഴിലാളികൾ | 8229 | 642 | 7.8 | 7882 | 182 | 2.31 |
| 3. | നാമമാത്ര തൊഴിലാളികൾ | 8229 | 129 | 1.56 | 7882 | 117 | 1.48 |
| 4. | മറ്റു മേഖലകൾ | 8229 | 2018 | 24.52 | 7882 | 155 | 1.96 |

അഭ്യസ്ത വിദ്യരുടെ ഇടയിൽ രൂക്ഷമായ തൊഴിലില്ലായ്മയുണ്ട്. ഇതുമൂലം അസംതൃപ്തരും അശരണരുമായി യുവതലമുറ ദിവസങ്ങൾ തള്ളിവിടുന്നു.

ഗൃഹോപകരണങ്ങൾ
നിത്യോപയോഗ സാധനങ്ങൾ
കാർഷിക ഉപകരണങ്ങൾ
എന്നിവയ്ക്ക്

**നെല്ലിക്കൽ സ്റ്റോഴ്സ്**

*പോലീസ് സ്റ്റേഷൻ റോഡ്*

*കൂരാച്ചുണ്ട്*

**Ph: Shop: 60219**
**Res: 60265**

# കൃഷിയും ജലസേചനവും

കാട്ടു മൃഗങ്ങളും അനോഫിലിസ് കൊതുകുകളും സ്വൈരവിഹാരം നടത്തിയിരുന്ന ഈ പ്രദേശത്ത് അധ്വാന ശീലരായ കുറേ കർഷകർ കടന്നുവന്നു. ആദ്യകാല ഘട്ടത്തിൽ ഭക്ഷ്യവിളകളായ മരിച്ചീനി, മധുരക്കിഴങ്ങ്, നെല്ല് കൂടാതെ തെരുവയും കൃഷിചെയ്തുവന്നു. പിന്നീട് ഭക്ഷ്യവിളകളിൽ നിന്ന് നാണ്യ വിളകളായ തെങ്ങ്, കമുക്, റബ്ബർ എന്നീ കൃഷികളിലേക്ക് നീങ്ങി. നെൽകൃഷി അനാദായകരവും അനാകർഷകവും ആയിത്തീർന്നതുമൂലം വയൽകൃഷിയിൽ നിന്ന് ക്രമേണ പിൻമാറുകയും ആ സ്ഥലങ്ങളും നാണ്യവിളകൾക്ക് മാറ്റുകയും ചെയ്തു.

നെൽകൃഷി ഇന്ന് കേവലം 16 ഹെക്റ്ററിലേക്ക് ചുരുങ്ങി വന്നിരികയാണ്. മഞ്ഞളിപ്പ് മഹാളി രോഗങ്ങൾമൂലം കമുക് കൃഷി നശിച്ചു കൊണ്ടിരിക്കുകയാണ്. ഒരു പതിറ്റാണ്ടു മുൻപുവരെ കൃഷിക്കാർക്ക് ഏറ്റവുമധികം സമ്പത്ത് നേടിക്കൊടുത്തിരുന്ന കറുത്ത പൊന്നിൻെറ കൃഷി ഇന്ന് അന്യം വന്നു കൊണ്ടിരിക്കയാണ്. ശാസ്ത്രീയ കൃഷി രീതികൾ ശരിയാം വണ്ണം വിനിയോഗിക്കാത്തതുമൂലം കാർഷിക വിളകളുടെ ഉല്പാദനക്ഷമത കുറഞ്ഞുകൊണ്ടിരിക്കയാണ്.

ജനസംഖ്യാവർദ്ധനവ് കൃഷി ഭൂമിയുടെ തുണ്ടം തുണ്ടമായ വിഭജനത്തിൽ കലാശിച്ചു. അങ്ങിനെ കൈവശ ഭൂമിയുടെ അളവ് കുറഞ്ഞു വന്നു. ഇതും ഉത്പാദനക്ഷമതയെ ബാധിച്ചു.

<u>പട്ടിക 7</u>

## ഭൂവിതരണം.

| നമ്പർ | കൈവശ സ്വഭാവം | എണ്ണം |
|---|---|---|
| 1 | 1 മുതൽ 10 സെൻറു വരെ | 310 |
| 2 | 10 മുതൽ 25 സെൻറു വരെ | 418 |
| 3 | 25 മുതൽ 50 സെൻറു വരെ | 490 |
| 4 | 50 മുതൽ 1 ഏക്കർ വരെ | 878 |
| 5 | 1 ഏക്കർ മുതൽ 2 ഏക്കർ വരെ | 935 |
| 6 | 2 ഏക്കർ മുതൽ 5 ഏക്കർ വരെ | 714 |
| 7 | 5 ഏക്കറിനു മുകളിൽ | 187 |

ഈ പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട കാർഷിക വിള തെങ്ങാണ്. "കല്ലെട പൊന്നട" എന്നാണ് പഴഞ്ചൊല്ല്. പാറക്കെട്ടുകളും മലകളും നിറഞ്ഞ ഈ പ്രദേശത്തെ കറുത്ത മണ്ണിൽ തെങ്ങ് തഴച്ചു വളർന്നു വന്നു. തെങ്ങു കൃഷി ഈ പഞ്ചായത്തിൽ 4358 ഹെക്റ്റർ സ്ഥലത്ത് നടത്തുന്നുണ്ട്. തെങ്ങിൻെറ ഉത്പാദനക്ഷമത മറ്റു പ്രദേശത്തേക്കാളും ഇവിടെ കൂടുതലുണ്ട്. ഒരു തെങ്ങിന് ശരാശരി 50 തേങ്ങ എന്ന തോതിൽ വിളവു ലഭിക്കുന്നു.

കമുക്കൃഷി 246.9 ഹെക്റ്റർ സ്ഥലത്ത് വ്യാപിച്ചിട്ടുണ്ട്. പഞ്ചായത്തിലെ ശങ്കരവയൽ, ഓഞ്ഞിൽ, കല്ലാനോട്, കേളോത്തുവയൽ,കോയിപ്പറമ്പ് എന്നീ പ്രദേശങ്ങളിലെ നെൽ വയലുകളിൽ ഭൂരിഭാഗവും കമുക് കൃഷി നടത്തിവരുന്നു. ഈ പ്രദേശത്ത് കൃഷി ചെയ്തു വരുന്നത് നാടൻ, കാസർകോടൻ,

മംഗള, സുമംഗള, ശ്രീമംഗള എന്നീ ഇനങ്ങളാണ്. നാടൻ മംഗള ഇനങ്ങളിൽ നിന്നാണ് കൂടുതൽ ഉത്പാദനം ലഭിക്കുന്നത്.

റബ്ബർ കൃഷി **2169** ഹെക്റ്റർ സ്ഥലത്ത് ഇപ്പോൾ നിലവിലുണ്ട്. റബ്ബറിന്റെ വില, തെങ്ങിൻ തോട്ടങ്ങളിൽ പോലും റബ്ബർ കൃഷി നടത്തുവാൻ കർഷകർക്ക് ആവേശം നൽകുന്നു. ഉയർന്ന പ്രദേശങ്ങളിലും മണൽ വയൽ പ്രദേശങ്ങളിലും റബ്ബറിന്റു ഉത്പാദനം കുറവാണ്. വനമണ്ണിലും ചെമ്മണ്ണിലും ഉത്പാദനം കൂടുതൽ ലഭിക്കുന്നു.

കൊക്കോ കൃഷി 18 ഹെക്റ്റർ സ്ഥലത്ത് നടത്തിവരുന്നു. കുറച്ചു വർഷങ്ങൾക്കു മുൻപ് കൊക്കോ കൃഷി ഇവിടെ വ്യാപകമായി ഉണ്ടായിരുന്നു. എന്നാൽ ഇടക്കാലത്തുണ്ടായ കനത്ത വിലയിടിവ് കൊക്കോ വെട്ടി നശിപ്പിക്കലിലാണ് അവസാനിച്ചത്. ഇപ്പോൾ കാഡ്ബറീസ് ഇന്ത്യയുടെ നേതൃത്വത്തിൽ കൊക്കോ കൃഷി പുനരുജ്ജീവിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ഇടവിളയായി ചേമ്പ്,ചേന, കാച്ചിൽ, പയർ, വാഴ,മത്തൻ, എന്നിവയും കൃഷി ചെയ്തുവരുന്നു. കൂടാതെ ജാതി,ഇഞ്ചി, മഞ്ഞൾ,ഗ്രാമ്പൂ എന്നിവയും കൃഷി ചെയ്യുന്നു.

ഈ പ്രദേശത്തെ ഉല്പന്നങ്ങൾ പ്രാദേശിക മാർക്കറ്റുകളിലാണ് കൂടുതൽ വിറ്റഴിക്കുന്നത്. റബ്ബർ ഉത്പാദകസംഘങ്ങളുടെ നേതൃത്വത്തിൽ റബ്ബർപാൽ സംഭരിച്ച് ഫാക്റ്ററികൾക്ക് കൈമാറുന്നതുമൂലം ഉയർന്നവില ലഭിക്കുന്നുണ്ട്. റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റിയുടെ ഒരു ഡിപ്പോയും ഇവിടെ പ്രവർത്തിക്കുന്നു.

## പട്ടിക 8

## തൊഴിലാളികളുടെ കൂലി വിവരം.

| നമ്പർ | തൊഴിലാളികളുടെ ഇനം | കൂലി പുരുഷൻ | കൂലി സ്ത്രീ |
|---|---|---|---|
| 1 | കിളക്കൽ | 70 | 50 |
| 2 | ഉഴവ് | 125 | - |
| 3 | ഞാറുനടൽ | - | 50 |
| 4 | കളപറിക്കൽ | - | 50 |
| 5 | കൊയ്ത്തു് | - | 50 |
| 6 | തേങ്ങയിടൽ | 125 | - |
| 7 | റബ്ബർ വെട്ട് | 22 | 22 |
| 8 | മരുന്ന് തളിക്കൽ | 125 | - |

## വളപ്രയോഗം

ഇടക്കാലത്ത് രാസവളങ്ങൾ കൂടുതലായി ഉപയോഗിച്ചു വന്നിരുന്നെങ്കിലും കൃഷിക്കാർ ഇപ്പോൾ ജൈവ വളപ്രയോഗത്തിലേക്ക് മടങ്ങിയെന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്. പച്ചിലവളം, കോഴിവളം, ചാണകം, കമ്പോസ്റ്റ് എന്നിവയാണ് ഉപയോഗിച്ചു വരുന്ന ജൈവ വളങ്ങൾ.

## പട്ടിക 9

അവലംബം :കൃഷിഭവൻ രേഖകൾ

### രാസവള കീടനാശിനി ഉപയോഗം

| വർഷം | രാസവളം | കീടനാശിനി | |
|---|---|---|---|
| | | ദ്രവം | ഖരം |
| 1993 - 94 | 96,300 കി ഗ്രാം | 168 | 1800 |
| 1994 - 95 | 92,800 കി ഗ്രാം | 186 | 9686 |
| 1995 - 96 | 80,600 | 117 | 9768 |

## പ്രശ്നങ്ങൾ

1. വൻ മല നിരകളും കുന്നുകളുമായതുകൊണ്ട് മണ്ണൊലിപ്പ് കൂടുതലാണ്. ഉത്പാദനക്ഷമതയെ അത് കാര്യമായി ബാധിക്കുന്നു.
2. ജലസേചന സൗകര്യമില്ലായ്മ വളരെയധികം പ്രദേശങ്ങളിലെ ഉത്പാദനക്ഷമതയെ ബാധിച്ചിട്ടുണ്ട്. മൊത്തം കൃഷിഭൂമിയുടെ 6.5% സ്ഥലത്ത് മാത്രമെ ജലസേചന സൗകര്യമുള്ളൂ.
3. കീടങ്ങളുടെ ഉപദ്രവം കാർഷിക മേഖലക്ക് കനത്ത നാശം വരുത്തുന്നു
4. അത്യുത്പാദന ശേഷിയുള്ള വിത്തുകളുടെ ദൗർലഭ്യം.
5. കർഷകത്തൊഴിലാളികളുടെ എണ്ണത്തിൽ കുറവു വന്നത് കാർഷിക മേഖലയെ തളർത്തി.
6. ഉത്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നില്ല
7. ജാതി, ഗ്രാമ്പൂ കച്ചോലം എന്നിവക്ക് മാർക്കറ്റിൽ നല്ല വില ലഭിക്കുന്നില്ല.
8. കൃഷിഭവന്റെ പ്രവർത്തനം ആശാവഹമല്ല.
9. കാർഷിക രംഗത്തുള്ളവർക്ക് വായ്പാസൗകര്യം അപര്യാപ്തമാണ്.
10. ഉത്പന്ന സംസ്കരണ യൂണിറ്റുകൾ നിലവിലില്ല.

## സാധ്യതകൾ

മണ്ണൊലിപ്പ് തടയാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വർഷങ്ങൾക്കു മുമ്പ് നിർമ്മിച്ചിരുന്ന കയ്യാലകൾ ഉയർത്തുകയും പുതിയവ നിർമിക്കുകയും ചെയ്യാവുന്നതാണ്

കൃഷി ഭൂമികളുടെ ലഭ്യത അനുദിനം കുറഞ്ഞു വരുന്ന സഹചര്യത്തിൽ നിലവിലുള്ള ഭൂമിയിൽ നിന്നു കൂടുതൽ വരുമാനമുണ്ടാക്കാൻ ഊർജ്ജിത കൃഷിരീതികൾ ആവിഷ്കരിക്കേണ്ടതാണ്.

ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനാവശ്യമായ പുതിയ കുളങ്ങൾ, കിണർ എന്നിവ നിർമ്മിക്കുവാൻ നടപടികളെടുക്കേണ്ടതാണ്.

ഗതാഗത സൗകര്യം വർദ്ധിപ്പിച്ച് ഉൽപന്നങ്ങളുടെ കടത്ത് സൗകര്യപ്രദമാക്കിയാൽ ഗുണകരമായിരിക്കും. വില കൂടുതൽ കിട്ടുന്നതിനും സഹായകമാണ്.

കൃഷിക്കനുബന്ധ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക. കൃഷിവ്യവസായമായി പ്രഖ്യാപിച്ചാൽ വ്യവസായത്തിന് ഇന്ന് ലഭിക്കുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കാവുന്നതും കൃഷി ആകർഷകമാക്കാവുന്നതുമാണ്.

കാർഷികാവശ്യത്തിന് ഉപയോഗിക്കുന്ന വൈദ്യുതി കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുക. ഗ്രൂപ്പ് ഫാമിംഗ് സംവിധാനം ഈ ഭാഗത്ത് നടപ്പിൽ വരുത്തി തെങ്ങ്കൃഷിയെ സംരക്ഷിക്കാവുന്നതാണ് കൂരാച്ചുണ്ട് പഞ്ചായത്തിൽ നീർമറി പദ്ധതികൾ നടപ്പിലാക്കി കർഷകരെ സഹായിക്കാവുന്നതാണ്.

അത്യുൽപാദന ശേഷിയുള്ള വിത്തുകൾ ഉത്പാദിപ്പിക്കുവാൻ കൂരാച്ചുണ്ടിൽ ജനപങ്കാളിത്തത്തോടെ ഒരു നഴ്സറി സ്ഥാപിക്കാവുന്നതാണ്.ഉത്പന്നങ്ങൾക്ക് തറവില നിശ്ചയിക്കുക അതു വഴി ചൂഷണം തടയാൻ സാധിക്കും.

കൃഷിഭവന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുവാൻ ഫീൽഡ് സ്റ്റാഫിനെ കൂടുതൽ നിയമിക്കാവുന്നതാണ്. കൃഷിഭവനിൽ കൂടി കർഷകർക്ക് വിതരണം ചെയ്യുവാൻ എത്തുന്ന സബ്സിഡി അർഹതയയുളവർക്കു മാത്രം വിതരണം ചെയ്യുക. മാസത്തിൽ ഒരിക്കൽ വാർഡു തലത്തിൽ കർഷക സമ്പർക്ക ക്ളാസ്സുകൾ നടത്തി കർഷകരെ നൂതന കൃഷി രീതികൾ യഥാസമയം അറിയിക്കേണ്ടതാണ്.

കാർഷിക രംഗത്തെ വായ്പ നൽകുന്ന ധനകാര്യസ്ഥാപനങ്ങൾ നടപ്പുപദ്ധതികൾ അവയുടെ പ്രത്യേകതകൾ തുടങ്ങിയ കാര്യങ്ങൾ അപ്പോളപ്പോൾ കർഷകരെ അറിയിക്കുവാനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ അവർക്ക് പ്രസ്തുത പദ്ധതികളുടെ ഗുണഫലങ്ങൾ അനുഭവിക്കാനാകൂ.

കർഷകത്തൊഴിലാളികൾ പുതിയതായി ആരും ഈ രംഗത്തേക്ക് കടന്നു വന്നിട്ടില്ല.

മറ്റു മേഖലകളിലേക്ക് ചേക്കേറുന്ന യുവതലമുറയാണ് ഇന്നത്തെ മാറിയ സഹചര്യത്തിൽ കാണാൻ കഴിയുന്നത്. ആയതിനാൽ ആ മാറ്റത്തെ ഉൾക്കൊണ്ടുകൊണ്ട് കാർഷികരംഗത്ത് വിപ്ളവകരമായ മാറ്റങ്ങൾ വരുത്തുവാൻ യന്ത്രവൽക്കരണം നടപ്പിലാക്കാവുന്നതാണ്. സ്ത്രീകളുടെ പങ്ക് കാർഷിക രംഗത്ത് വർദ്ധിപ്പിക്കാൻ അവർക്ക് പച്ചക്കറി കിറ്റുകൾ വിതരണം ചെയ്യുക. അതിനാവശ്യമായ മാർഗ നിർദ്ദേശങ്ങളും നൽകി അവരെ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

കേരള കർഷക സമിതികൾ, കുരുമുളക് വികസന സമിതികൾ, റബ്ബർ വികസന സമിതികൾ എന്നിവയുടെ പ്രവർത്തനങ്ങൾ കൃഷിക്കാർക്ക് ഉതകുന്ന വിധത്തിൽ നടത്തുക.

നാമമാത്ര, പരിമിത, ചെറുകിട,കർഷകരെമൊത്തമായി പഞ്ചായത്ത് അടിസ്ഥാനത്തിൽ വിള ഇൻഷുറൻസ് പദ്ധതിയിൽ ചേർക്കുക. അവർ ധനകര്യ സ്ഥാപനങ്ങളിൽ നിന്നും എടുക്കുന്ന കാർഷികവായ്പ 5% ൽ കടക്കാത്ത പലിശ ഏർപ്പെടുത്താവുന്നതാണ്.


" നിറം മങ്ങാത്ത സ്വപ്ന സാഫല്യം"

ഗ്യാരണ്ടിയുള്ള സ്വർണ്ണം പൂശിയ ആഭരണങ്ങൾക്ക്

6 മാസം
1 വർഷം
2 വർഷം വരെ ഗ്യാരണ്ടിയോട്കൂടി

ആയില്യം ഗോൾഡ് കവറിംഗ്

പോലീസ് സ്റ്റേഷനു സമീപം

പേരാമ്പ്ര

# <u>മൃഗസംരക്ഷണവും മത്സ്യബന്ധനവും</u>

കുടിയേറ്റ കർഷകജനതക്ക് കാലിവളർത്തൽ പ്രാധാന്യമർഹിക്കുന്നു. ധാരാളം ഭൂമിയും കുറഞ്ഞ ജനസംഖ്യയും, കാലിവളർത്തലിന് ഇതിലും അനുയോജ്യമായ സഹചര്യം മറ്റെന്തു വേണം ?. ആടുമാടുകളെ പ്രത്യേകചിലവുകളൊന്നുമില്ലാതെ വളർത്തിവന്നു.

വ്യാപാരയാവശ്യത്തിനാണെങ്കിലും അവരവരുടെ സ്വന്തമായ ആവശ്യത്തിനുള്ള പാലിൻെറയും മാംസത്തിൻെറയും കാര്യത്തിൽ സ്വയം പ്രാപ്തരായി. രാസവളപ്രയോഗം ആജ്ഞാതമായിരുന്ന കാലത്ത് കാലിവളമായിരുന്നു.

ജനസംഖ്യ വർദ്ധനവ്, ഭൂമിയുടെ തുണ്ടംതുണ്ടമായുള്ള വിഭജനം എന്നിവ കാലി വളർത്തൽ പ്രയാസകരമാക്കി. നാണ്യവിളകളുടെ വ്യാപനവും കുറ്റ്യാടി ജലസേചന പദ്ധതികളുടെ വരവു ഈ പഞ്ചായത്തിലേ പാടങ്ങളുടെ അളവിൽ ഗണ്യമായ കുറവ് സൃഷ്ടിച്ചു. ഇതുമൂലം തീറ്റപ്പുല്ലിൻെറ ആവശ്യത്തിനായി മാറ്റു ജില്ലകളില്ലേക്ക് പോകേണ്ടിവന്നു. ഉൽപാദനചിലവിൽ കാലക്രമേണ ഉണ്ടായ വർദ്ധനവ് താങ്ങാൻ കഴിയാതെ വരുകയും മൃഗപരിപാലനം ലാഭകരമല്ലാതാകുകയും ചെയ്തു.

പശു, എരുമ, ആട് എന്നിവയാണ് കൂരാച്ചുണ്ടിൽ വളർത്തി വരുന്ന പ്രധാന്യമൃഗങ്ങൾ. വളർത്തു പക്ഷികളിൽ പ്രാധാന്യം കോഴികളും താറാവുകളുമാണ്. ഗ്രാമത്തിലെ എല്ലാ വീടുകളിലും കോഴികളെ വളർത്തുന്നുണ്ട്.

15-10 1959ൽ വെറ്റിനറി സബ് സെൻറ്റർ കായണ്ണ എന്ന നാമത്തിൽ കൂരാച്ചുണ്ടിൽ ആരംഭിച്ചു സ്ഥാപ്നം 1963 ഏപ്രിൽ 1 ാം തീയതി മുതൽ മൃഗസംരക്ഷണ വകുപ്പിൻെറ കീഴിലേക്ക് മാറ്റി.

3- 8- 1981ൽ ആ സ്ഥാപനം വെറ്റിനറി ഡിസ്പെൻസറി കൂരാച്ചുണ്ട് എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങി. മൃഗാശുപത്രിയുടെ പ്രവർത്തനം തൃപ്തികരമാണ്.

ക്ഷീരവിപണന രംഗത്ത് അത്യോടി പരസ്പരസഹായ പാൽ വിതരണ സംഘം ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവെച്ചിട്ടുണ്ട്. ഇന്ന് ഈ സ്ഥാപനത്തിൻെറ പ്രവർത്തനം മന്ദീഭവിച്ചു കിടക്കുകയാണ്. ക്ഷീരവ്യവസായ രംഗത്ത് നല്ല നിലയിൽ പ്രവർത്തിക്കുന്ന ഒരു അനുബന്ധ യൂണിറ്റും ഇവിടെയുണ്ട്.

<u>പ്രശ്നങ്ങൾ</u>

1, കാലിത്തീറ്റയുടെ ഗുണനിലവാരമില്ലായ്മയും വിലകൂടുതലും പച്ച പുല്ലിൻെറ ലഭ്യത ഇല്ലായ്മ.

2, മൃഗങ്ങളുടെ ജനസംഖ്യകളിലുണ്ടായ മാറ്റത്തോടൊപ്പം രോഗങ്ങളും വർദ്ധിച്ചു വന്നു. ആടുമാടുകളുടെ പുതിയ ജനുസുകളുടെ കാര്യത്തിലാണെങ്കിൽ അവയെ ശാസ്ത്രീയമായി പരിപാലിക്കാനുള്ള അറിവ് ഇന്നും ശരിയായി കർഷകന് ലഭിച്ചിട്ടില്ല. അടുത്ത കാലത്തായി കോഴികൾക്ക് പിടിപെടുന്ന വസന്ത രോഗംമൂലം വൻ നാശനഷ്ടമാണ് ഉണ്ടായിട്ടുള്ളത്. പുതിയ ജനസുകളിലെ കാലികളിൽ വന്ധ്യത കൂടുതൽ തവണ കുത്തിവെച്ചിട്ടും ഗർഭധാരണം നടക്കാത്ത സഹചര്യങ്ങൾ ധാരാളമുണ്ട്. കൃത്രിമമായ സമയങ്ങളിൽ ബീജദാനം നടത്തുവാനാവശ്യമായ സൗകര്യം കൂരാച്ചുണ്ട് പഞ്ചായത്തിൽ നിലവിലില്ല. ശരിയായ സമയത്ത് കുത്തിവെപ്പു നടത്തുവാൻ ആശുപത്രി പരിധിയായ കക്കയം കരിയാത്തംപാറ കല്ലാനോട് ഭാഗങ്ങളിൽ ഉള്ളവർ സ്വന്തമായി വാഹനം സംഘടിപ്പിച്ച് വേണം ബന്ധപ്പെട്ടവരെ ആശുപത്രിയിൽ നിന്നു കൊണ്ടു പോകാൻ. ആവശ്യത്തിന് ജീവനക്കാർ ഇല്ലാത്ത സഹചര്യമാണ് ഇപ്പോൾ ഉള്ളത്. നിലവിലുള്ള ഡോക്ടറുടെ ഒഴിവ് നികത്തയിട്ടില്ല.

3, രോഗചികിത്സക്ക് വേണ്ടി വരുന്ന മരുന്നകൾ ആശുപത്രി ലഭ്യമല്ലാ ചെറുകിട നാമ മാത്ര കർഷകർക്ക് ചികിത്സാ ചിലവുകൾ താങ്ങുവാൻ സാധിക്കുന്നില്ല.

4. പാൽസംഭരണ യൂണിറ്റുകളുടെ അഭാവം.

## പരിഹാര മാർഗ്ഗങ്ങൾ

മൃഗ പരിപാലന രംഗത്ത് മുന്നേറ്റം നടത്തണമെങ്കിൽ ഈ രംഗത്ത് സമൂലമായ ഒരു മാറ്റം അനിവാര്യമാണ്.

ഭൂമിയിൽ നടത്തിയിട്ടുള്ള പൂൽകൃഷിത്തോട്ടം സ്വകാര്യ വ്യക്തിക്ക് പാട്ടത്തിന് കൊടുത്തിരിക്കയാണ്. അത് തിരിച്ചെടുത്ത് വിപുലീകരിച്ചാൽ വളരെയധികം ചെറുകിട കുടുംബങ്ങൾക്ക് പുല്ലുവിതരണം നടത്തുകയും പാൽ ഉത്പാദനം വർദ്ധിപ്പിക്കുകയും ചെയ്യാം. കൂടുതൽ സർക്കാർ ധനസഹായം ആവശ്യപ്പെടുകയും ചെയ്യാവുന്നതാണ്, തീറ്റപ്പുൽകൃഷി ഇടവിളകളായി നടത്തുവാൻ കർഷകരെ ബോധവൽക്കരിക്കുക. സ്വന്തം ആവശ്യം കഴിഞ്ഞുള്ള പുല്ല് സഹകരണസംഘത്തിന് നൽകുകയും അവർ അത് ശേഖരിച്ച് സംസ്കരിച്ച് ക്ഷാമകാലത്തേക്ക് സൂക്ഷിക്കുകയും ചെയ്യാവുന്നതാണ്.

ശാസ്ത്രീയമായ മൃഗപരിപാലനത്തിനുള്ള ജനങ്ങളുടെ അജ്ഞത നീക്കുന്നതിന് വാർഡുതലത്തിൽ ശിലശാല്പകൾ സംഘടിപ്പിക്കുകയും താത്പര്യമുള്ളവരെ തിരഞ്ഞെടുത്ത് പരിശീലനം നൽകുകയും ചെയ്യുക. ഇതിൽ നിന്നും തിരഞ്ഞെടുത്തവരെ ജില്ലാതലത്തിൽ പരിശീലനത്തിനയക്കുക. പരിശീലനം കഴിഞ്ഞവരെ സാമ്പത്തിക സഹായം നൽകി സ്വയം തൊഴിൽ ചെയ്യുവാൻസഹായിക്കുക.

മൃഗാശുപത്രിയിലുള്ള ഡോക്റ്ററുടെ ഒഴിവു നികത്തുക. കൂടുതൽ ലൈവ്സ്റ്റോക്ക് അസിസ്റ്റൻറുമാരെ നിയമിക്കുക. കർഷകൻെറ വീട്ടുപടിക്കൽ കൃത്രിമ ബീജസങ്കലന സൗകര്യം എത്തിക്കാവുന്നതാണ്.

മൃഗങ്ങളുടെ രോഗങ്ങൾക്ക് ആവശ്യമായ വിലകൂടിയ മരുന്നുകൾ ചെറുകിട നാമമാത്ര കർഷകർക്ക് കുറഞ്ഞവിലക്ക് നൽകാവുന്നതാണ്.

രോഗനിർണ്ണയം നടത്തുവാൻ ആവശ്യമായ രക്ത,മൂത്ര,ചാണക പരിശോധന ലാബറട്ടറി സൗകര്യം ഏർപ്പടുത്തുന്നത് നന്നായിരിക്കും. വാർഡു തോറും ഡയറി യൂണിറ്റുകൾ ആരംഭിക്കുക. ആശുപത്രിവികസന സമിതികൾ രൂപീകരിക്കാവുന്നതാണ്.

സ്കൂൾ തലത്തിൽ കുട്ടികളുടെ ആടുവളർത്തൽ പദ്ധതി, പൗൾട്രിക്ലബ് എന്നിവ രൂപീകരിക്കുക.

ഈ തൊഴിലിന് അന്തസ്സില്ല എന്നുള്ള ഒരു തോന്നൽ ഇപ്പോഴത്തെ അഭ്യസ്ഥവിദ്യരായ യുവാക്കളുടെ ഇടയിൽ ഉണ്ട്. അത് മാറ്റിയെടുക്കുവാനുള്ള ഊർജ്ജിതമായുള്ള ശ്രമം നടത്തേണ്ടതാണ്.

ഇൻഷൂറൻസിന്റെ സംരക്ഷണം പഞ്ചായത്തിലെ എല്ലാ മൃഗങ്ങൾക്കും നിർബന്ധമാക്കേണ്ടതാണ്.

മാംസ ഉത്പാദനം വിപണനം എന്നിവക്ക് ഇന്നുള്ള അസംഘടിതാവസ്ഥ മാറ്റിയെടുക്കേണ്ടത് അനിവാര്യമാണ്. കൃത്യമായി രജിസ്റ്റർ ചെയ്തു ലൈസൻസ് ഏർപ്പെടുത്തേണ്ടതാണ്. കൊല്ലുന്നതിനു മുമ്പ് വെറ്റിനറി പരിശോധന നിർബന്ധമാക്കുക. ശുചിയായ മാംസവിപണനത്തിന്റെ പ്രാധാന്യം ഇതുമായി ബന്ധപ്പെട്ടവരെ ബോധവൽക്കരിക്കേണ്ടതാണ്. തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുക.


With Best Compliments from:

DRESS LAND

Our Sister Concern

N.K. STORES.

Koorachundu.

## മത്സ്യ ബന്ധനം

പെരുവണ്ണാംമുഴി ആസ്ഥാനമായി പ്രവർത്തിക്കുന്ന ഹരിജൻ മത്സ്യതൊഴിലാളി സഹകരണ സംഘത്തിൻെറ കീഴിൽ മത്സ്യക്കുഞ്ഞുങ്ങളെ ഉത്പാദിപ്പിക്കുന്ന കേന്ദ്രം കല്ലാനോട് സ്ഥിതിചെയ്യുന്നു. ഇവിടെ നിന്ന് മത്സ്യക്കുഞ്ഞുങ്ങളെ ചുരുങ്ങിയ വിലക്ക് വിതരണം ചെയ്യുന്നുണ്ട്. കുഞ്ഞുമത്സ്യങ്ങളെ പെരുവണ്ണാംമുഴി റിസർവോയറിൽ നിക്ഷേപിക്കുകയും വലുതാവുമ്പോൾ പിടിച്ച് പൊതുജനങ്ങൾക്ക് വില്പന നടത്താറുമുണ്ട്.

കട്ല, രോഹു, സൈപ്രസ്, ഗോൾഡ്ഫിഷ്, ഫിലോപ്പിയ തുടങ്ങിയ പുതിയ ഇനങ്ങളും ചേറ് മീൻ, മനഞ്ഞിൽ, എന്നീ നാടൻ മത്സ്യങ്ങളും ഇവിടെ വിതരണത്തിനെത്താറുണ്ട്.

മത്സ്യരോഗം, കീടനാശിനികളുടെ ഉപയോഗം എന്നിവ മത്സ്യസമ്പത്തിന് വൻഭീഷണി ഉയർത്തുന്നുണ്ട്. തോട്ട പൊട്ടിച്ചു മത്സ്യം പിടിക്കുന്നതിനെതിരെ ശക്തമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രജനന സമയങ്ങളിൽ നഞ്ചുകലക്കി മത്സ്യം പിടിക്കുന്നതും നിരോധിക്കണം.


എല്ലാതരം സിമൻറുകൾക്കും
ജനൽചില്ലുകൾക്കും
സാനിട്ടറി ഉപകരണങ്ങൾ
പി. വി. സി. പൈപ്പുകൾ
ഫിറ്റിംഗ്സുകൾ
പെയിൻറ്
പ്ലൈവുഡുകൾ
മുതലായ എല്ലാവിധ
കെട്ടിട നർമ്മാണ
സാമഗ്രികൾക്കും സമീപിക്കുക.

മെയിൻറോഡ് , കൂരാച്ചുണ്ട്
PH: Resi : 60306, 60506, 60527

## പട്ടിക 10

### വളർത്തു മൃഗങ്ങളും പക്ഷികളും

| പശു | | | | | | കോഴികൾ | | |
|---|---|---|---|---|---|---|---|---|
| സങ്കരം | നാടൻ | എരുമ | ആട് | പന്നി | പട്ടി | നാടൻ | സങ്കരം | താറാവ് |
| **3192** | **2626** | **1004** | **1844** | **200** | **1685** | **15,797** | **2616** | **1000** |

## പട്ടിക 11

### കൃത്രിമ ബീജസങ്കലന വിവരങ്ങൾ

| ഇനം | 91 - 92 | 92 - 93 | 93 - 94 | 94 - 95 | 95 - 96 | ആകെ |
|---|---|---|---|---|---|---|
| പശു | 626 | **492** | **616** | **680** | **751** | **3165** |

## പട്ടിക 12

### രോഗങ്ങളുടെ വിവരങ്ങൾ

| വർഷം | മൊത്തം | ശരാശരി |
|---|---|---|
| 93 - 94 | 3510 | 9.63 |
| 94 - 95 | 3506 | 10.9 |
| 95 - 96 | 3487 | 9.55 |
| 96 - 97 **September** വരെ | 3840 | 10.66 |

# വ്യവസായം

ഭൂരിപക്ഷം ജനങ്ങളും കാർഷികമേഖലയിൽ അഭയം പ്രാപിച ഒരു പഞ്ചായത്തെന്ന നിലയ്ക്ക് വ്യവസായത്തിന് അധിക പ്രാമുഖ്യം കാണില്ല. കൂരാച്ചുണ്ട് പഞ്ചായത്തിന് ഏറെക്കാലത്തെ വ്യവസായ ചരിത്രമില്ല. വ്യവസായിയും വ്യവസായ തൊഴിലാളിയും നമുക്കന്യം തന്നെ. ഉയർന്ന പുകക്കുഴലും അതിലൂടെ ഉയരുന്ന പുകയും നമുക്ക് സങ്കല്പങ്ങൾ മാത്രം. സമയമറിയിച്ചുകൊണ്ടുള്ള സൈറൺ ശബ്ദവും ഷിഫ്റ്റ് കയറാൻ ധൃതിയിലോടുന്നതും, ഷിഫ്റ്റിറങ്ങി ക്ഷീണിതനായി വീടിനെ ലക്ഷ്യം വെക്കുന്ന വ്യവസായ തൊഴിലാളിയേയും കാണാൻ കഴിയില്ല

അടുത്ത കാലങ്ങളിലായി അതും വിരലിലെണ്ണാവുന്ന ചെറുകിട സംരംഭങ്ങൾ മാത്രമാണ് നമുക്ക് പറയാനുള്ള വ്യവസായങ്ങൾ. ഇവയിൽ ബഹുഭൂരിപക്ഷവും സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്നവയാണ്.

പട്ടിക 13

| വ്യവസായം | വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | മേഖല |
|---|---|---|---|---|---|---|---|---|---|---|---|
| എണ്ണയാട്ട് | | | 2 | 1 | | | 2 | | | | സ്വകാര്യമേഖല |
| തടി | | | | | | | | | 1 | | സ്വകൈര്യമേഖല |
| ധാന്യമിൽ | | | 1 | | | | 2 | | 1 | | സ്വകാര്യമേഖല |
| വുഡ്ഇൻഡുസ്ട്രി | | 1 | | | | | | | | | സ്വകാര്യമേഖല |
| ഹോളോബ്രിക്സ് | | 1 | | | | | | | | | സ്വകാര്യമേഖല |
| സിമൻറുല്പന്നങ്ങൾ | | | 1 | | | | | 1 | | | സ്വകാര്യമേഖല |
| മെറ്റൽഇൽഡുസ്ട്രി | | 1 | | | | 1 | | | | | സ്വകാര്യമേഖല |
| അച്ചടി | | | 2 | | | | | | | | ഒരെണ്ണം സഹകരണ മേഖലയിൽ |

എണ്ണയാട്ടൽ, തടി, ധാന്യമില്ലുകൾ ഹോളോബ്രിക്സ് നിർമ്മാണം സിമൻറുല്പന്ന നിർമ്മാണം അച്ചടി തുടങ്ങിയവയാണവ. ഇവതന്നെ വളരെക്കുറച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നവയുമാണ്. ഇതു കൂടാതെ പഞ്ചായത്തിൽ ഉല്പാധിപ്പിക്കുന്ന വളരെ പ്രധാനപ്പെട്ട 'ഉല്പന്ന'മാണ് വൈദ്യുതി. കേരളാസ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൻെറ കീഴിൽ പ്രവർത്തിക്കുന്ന 'കൂറ്റ്യാടി ജലവൈദ്യുത പദ്ധതി' കൂരാച്ചുണ്ട് പഞ്ചായത്തിലെ കക്കയത്ത് സ്ഥിതിചെയ്യുന്നു. ഇത്കൂടാതെ സാമൂഹ്യ ക്ഷേമവകുപ്പിനു കീഴിൽ 7 ാം വാർഡിലെ മണ്ണൂപൊയിൽ കേന്ദ്രമായി ഒരു വനിതാ പഴ സംസ്കരണ യൂനിറ്റ് പ്രവർത്തിച്ചിരുന്നു.

## പ്രശ്നങ്ങൾ

പഞ്ചായത്തിലെ നിലവിലുള്ള വ്യവസായ വികസനത്തൻെറ പ്രധാന പ്രശ്നമായിട്ടുള്ളത് വൈദ്യുതിയാണ്. പ്രധാന വൈദ്യുതോല്പാദകരായ പഞ്ചായത്തായിട്ടുപോലും പുതുതായി വൈദ്യുതി ലഭിക്കുന്നതിനും ഒട്ടേറെ പ്രയാസങ്ങളുണ്ട്. പുതുസംരംഭകരെ നിരുത്സാഹപ്പെടുത്തുന്ന സമീപനമാണ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമുണ്ടാകുന്നത്. സാമ്പത്തിക സഹായം നൽകുന്നതിന് ഇത്തരം

സ്ഥാപനങ്ങൾ വേണ്ടത്ര ശുഷ്കാന്തി കാട്ടാറില്ല. പലപ്പോഴും സാങ്കേതികത്വത്തിൽ ഊന്നിക്കൊണ്ട് സാമ്പത്തികസഹായങ്ങൾ നിഷേധിക്കുവാനുള്ള പ്രവണതയാണ് കൂടുതലായി കണ്ടുവരുന്നത്.

മറ്റൊരു പ്രധാന പ്രശ്നം വ്യവസായ മേഖലയിൽ മുതൽ മുടക്കാനുള്ള തദ്ദേശവാസികളുടെ വിമുഖതയാണ്. വേണ്ടത്ര പ്രോത്സാഹനമില്ലായ്മയാണ് ഈ മുഖം തിരിഞ്ഞു നില്പിന്റെ കാരണം. അതോടൊപ്പം ശാസ്ത്ര സാങ്കേതിക പരിജ്ഞാനമില്ലായ്മയും ഒരു പരിധിവരെ കാരണമായിതീരാം.

വ്യവസായങ്ങൾ തുടങ്ങുന്നതിൽ ഏറെ സന്തോഷമുണ്ടെങ്കിലും വളരെ ആശങ്കയോടുകൂടി മാത്രമേ ജനങ്ങൾ ഈ മേഖലയെ നോക്കി കാണുന്നത്. ആരൊക്കെയോ,എവിടെയൊക്കെയോ ജനമനസ്സിൽ അടിച്ചേല്പിച്ച, തൊഴിൽ ബന്ധങ്ങളെ സംബന്ധിച്ച മിഥ്യാധാരണകൾ ഇന്നും മായാതെ നിൽക്കുന്നു. തൊഴിലാളിയേ കൊള്ളക്കാരനായും മുതലാളിയെ വഞ്ചകനായും കാണുന്ന സമൂഹത്തിൽ നിന്നും ഏറെ നാം മുന്നോട്ടു പോകേണ്ടതുണ്ട്. ഇവർ പരസ്പരപൂരകങ്ങളായി വർത്തിച്ചാൽ മാത്രമേ വ്യവസായിക വളർച്ച സാദ്ധ്യമാവുകയുള്ളൂ എന്ന തിരിച്ചറിവിനുള്ള സമയമായിരിക്കുന്നു.

കാർഷിക മേഖലയെ ആശ്രയിച്ചുള്ള അസംസ്കൃത വസ്തുക്കളും, പാറയും അല്ലാതെ മറ്റൊരു അസംസ്കൃത വസ്തുക്കളും പഞ്ചായത്തിൽലഭ്യമല്ല. അതുകൊണ്ടുതന്നെ കാർഷിക മേഖലയുമായി ബന്ധപ്പെട്ട അനുബന്ധ വ്യവസായങ്ങൾക്കാണ് നമ്മുടെ പഞ്ചായത്തിൽ ഏറെ സാദ്ധ്യതയുള്ളത്. ഈ രംഗത്തെ വികസനം കാർഷികമേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിനും സഹായകരമാകും.

വ്യവസായം എന്നു കേൾക്കുമ്പോൾ തന്നെ പരിസ്ഥിതി പ്രശനമാണ് ആദ്യം മനസ്സിലെത്തുക. ഒരു പരിധിവരെ സത്യമുണ്ടെങ്കിലും എല്ലാവ്യവസായങ്ങൾക്കും പൂർണ്ണമായും ബാധകമല്ല പരിസ്ഥിതി പ്രശനങ്ങൾ കുറഞ്ഞവയേയും കൂടിയവയേയും നമ്മൾ കണക്കാക്കേണ്ടിയിരിക്കുന്നു.

അതുകൊണ്ടുതന്നെ പരിസ്ഥിതിയുടെ പേരിൽ കണ്ണുമടച്ചെതിർക്കുന്നത് വ്യാവസായീക വികസനത്തോടുള്ള പുറം തിരിഞ്ഞു നില്പായി നാം കാണണം. പരിസ്ഥിതി പ്രശ്നങ്ങൾ കുറഞ്ഞതും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതുമായ വ്യവസായങ്ങൾ നാട്ടിൽ ഉയിർത്തെഴുന്നേൽക്കേണ്ടിയിരിക്കുന്നു.

## സാദ്ധ്യതകൾ

വൈദ്യുതി പ്രശ്നത്തിന്റൊരു പരിധിവരെ പരിഹാരം കാണാൻ കഴിയുന്ന പഞ്ചായത്താണ് നമ്മുടേത്. ഊർജ്ജോല്പാദകരായ പഞ്ചായത്തെന്ന നിലയ്ക്ക് വൈദ്യുതികട്ടിൽ നിന്നും വോൾട്ടേജ് ക്ഷാമത്തിനും പരിഹാരം കാണുകയും, പുതിയ കണക്ഷനുകൾ നല്കുകയും ചെയ്യണം. ധനകാര്യ സ്ഥാപനങ്ങൾ തൊഴിൽ സംരഭകർക്ക് വേണ്ട സാമ്പത്തിക സഹായങ്ങൾ നല്കണം. ഇത് ലഭിക്കുന്നതിനുള്ള ഉപാധികൾ വളരെ ലളിതമാക്കുകയും വേണം. പുതുസംരഭകരെ ഈ രംഗത്തേക്ക് കൊണ്ടുവരുന്നതിനാവശ്യമായ പ്രോത്സാഹനങ്ങൾ വ്യവസായവകുപ്പിന്റെയും തദ്ദേശ സ്വയംഭരണ സഥാപനങ്ങളുടെയും ഭാഗത്തുനിന്നുമുണ്ടാകണം. ഏറെ പരിസ്ഥിതി പ്രശനങ്ങൾ ഉളവാകത്തതും, ഒട്ടേറെ തൊഴിലവസരങ്ങൾ ഒരുക്കുന്നതുമായ ചെറുകിട വ്യവസായങ്ങൾ പഞ്ചായത്തിലാരംഭിക്കുക വ്യവസായ വികസനത്തിന്റെ പാതയൊരുക്കാം.

## നിർദ്ദേശങ്ങൾ

### 1. കൊപ്രസംസ്കരണവും അനുബന്ധ വ്യവസായങ്ങളും

നാളീകേര ഉല്പാദനത്തിൽ മുൻപന്തിയിലുള്ള ഒരു പഞ്ചായത്താണ് കൂരാചചുണ്ട്. നാളീകേരത്തിന് ന്യായമായവില കർഷകർക്ക് ലഭിക്കാറില്ല. ഇതിനെല്ലാം പരിഹാരമായി സഹകരണ മേഖലയിലോ സർക്കാർ ഉടമസ്ഥതയിലോ ഒരുകൊപ്ര സംസ്കരണയൂണിറ്റും അതിൻെറ അനുബന്ധ വ്യവസായ യൂണിറ്റുകളും പഞ്ചായത്തിൽ തുടങ്ങണം. വെളിച്ചെണ്ണയും അനുബന്ധോല്പന്നങ്ങളും ഇവിടെ നിർമ്മിക്കണം. പച്ചത്തൊണ്ട് ചകിരിനാരാക്കാനും ചിരട്ടകൊണ്ട് കരകൗശലവസ്തുക്കൾ നിർമ്മിക്കാനുമുള്ള അനുബന്ധയൂണിറ്റുകൾ ആവശ്യമാണ്.

### 2. റബ്ബർ വ്യവസായം.

റബ്ബർ പാൽ സംസ്കരിച്ച് ചെരുപ്പ്, റബ്ബർബാൻറുകൾ, റബ്ബർ ഉപകരണങ്ങൾ എന്നിവ നിർമ്മിക്കുന്നതിനാവശ്യമായ ഒരു വ്യവസായത്തിനു രൂപം കൊടുക്കണം. ഇതിനാവശ്യമായ റബ്ബർ പാൽ പഞ്ചായത്തിൽ നിന്നു തന്നെ സംഭരിക്കാവുന്നതാണ്.

### 3. അടക്കാസംസ്കരണ യൂണിറ്റ്.

കളിപ്പാക്ക്,ചൂയിങ്ങ്ഗം തുടങ്ങിയവയ്ക്കും, പെയിൻറ് നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളിൽ പ്രാധാന്യം ഉള്ള അടക്കാ സംസ്കരണ കേന്ദ്രം കൂരാച്ചുണ്ടിൽ ആരംഭിക്കണം.

### 4. മെറ്റൽ നിർമ്മാണം

പഞ്ചായത്തിലെ പുറമ്പോക്കു ഭൂമികളായ പാറക്കെട്ടുകൾ കരങ്കൽക്വാറികളാക്കുന്ന **D.W.C.R.A.** പദ്ധതിയിൽ പെടുത്തി മെറ്റൽ നിർമ്മാണ യൂണിററുകൾ തുടങ്ങാവുന്നതാണ്.

### 5. വിവിധ ചെറുകിട വ്യവസായ യൂണിറ്റുകൾ

കുടനിർമ്മാണം, സ്കൂൾ ബാഗുകൾ നിർമ്മിക്കൽ, റെഡിമെയ്ഡ് യൂണിറ്റുകൾ, ഭക്ഷ്യസംസ്കരണം, താർപായ നിർമ്മാണം, ഇലക്ട്രോണിക്സ് ഉപകരണങ്ങൾ നിർമ്മിക്കൽ, പ്ലാസ്റ്റിക് കൊണ്ടുള്ള വിവിധ വസ്തുക്കൾ നിർമ്മിക്കൽ തുടങ്ങിയ ലാഭകരങ്ങളായ സംരംഭങ്ങൾ പഞ്ചായത്തിൽ ആരംഭിക്കണം.

വനിതാസഹായ സഹകരണങ്ങൾ മുഖേന മേല്പറഞ്ഞ യൂണിറ്റുകളിൽ നിന്നും നിർമ്മിക്കുന്ന ഉല്പന്നങ്ങൾ വിപണനം നടത്തണം.

## ടൂറിസം

കൂരാച്ചുണ്ടിന്റെ വ്യാവസായിക വളർച്ചയിൽ ഏറ്റവും കൂടിതൽ സംഭാവന ചെയ്യാവുന്ന മേഖലയാണിത്. ജില്ലയിലെ തന്നെ പ്രധാനപ്പെട്ട ടൂറിസ്റ്റ കേന്ദ്രമാണ് കക്കയം. ഉരക്കുഴി, കല്ലാനോട്, കരിയാത്തുംപാറ, കക്കയം. ഓട്ടപ്പാലം തുടങ്ങിയ പ്രദേശങ്ങളെ ഉൾപ്പെടുത്തി ഒരു ടൂറിസ്റ്റ് ശൃംഖല തന്നെ തീർക്കാൻകഴിയും. ഉരക്കുഴി വെള്ളച്ചാട്ടത്തിന്റെയും നിത്യഹരിത വനങ്ങളായ പരിസര പ്രദേശങ്ങളും മനോഹരമായ കക്കയം, പെരുവണ്ണാമുഴി ജലസംഭരണികളും ടൂറിസ്റ്റുകളുടെ മനം കുളിർപ്പിക്കാൻ പര്യാപ്തമായതുതന്നെ. കേരളത്തിന്റെ 'കൊടൈക്കനാൽ' എന്നു വിശേഷിപ്പിക്കുവാൻ മാത്രം സാദ്ധ്യതയുള്ളതാണ് ഈ പ്രദേശത്തിന്റെ മനോഹാരിത.

## പ്രശ്നങ്ങൾ

ടൂറിസ്റ്റ് മേഖലയായി കക്കയം അറിയപ്പെടുന്നുണ്ടങ്കിലും, അവിടമർഹിക്കുന്ന അംഗീകരങ്ങളോ, അനുയോജ്യമായ സൗകര്യങ്ങളോ ഒന്നും തന്നെ ഇന്നില്ല. ഒരുപദ്ധതി പ്രദേശത്തിന്റെ നിയന്ത്രണങ്ങൾ ഈ പ്രദേശത്തിന്റെ ടൂറിസ ഭാവിയെ അപകടപ്പടുത്തുന്നു. നിയന്ത്രണങ്ങൾക്കു വിധേയമായ ആസ്വാദനം മാത്രമേ വിനോദ സഞ്ചാരികൾക്കു നിലവിൽ ഇവിടെനിന്നും ലഭിക്കുന്നുള്ളൂ. അതിൽപെട്ട പ്രശ്നമാണ് ഉരക്കുഴിയിലേക്ക് പോകുന്ന വഴിക്കുള്ള കുറ്റ്യാടി ഡാം സൈറ്റിന്റെ ഗേറ്റ്. അഥവാ ആർക്കെങ്കിലും ഇവിടം സന്ദർശിക്കണമെങ്കിൽ അതിനുള്ള അനുവാദം തൃശ്ശൂരിൽ നിന്നും വാങ്ങേണ്ടി വരുന്നു.

കക്കയത്തേക്കുള്ള യാത്രാ സൗകര്യങ്ങളുടെ പരിമിതിയാണ് മറ്റൊരു പ്രശ്നം. ഈ പ്രശ്നങ്ങളെയെല്ലാം അവഗണിചച് കക്കയത്തെത്തുന്ന വിനോദസഞ്ചാരികൾക്ക് പര്യാപ്തമായ ഭക്ഷണസൗകര്യങ്ങളോ, താമസ സൗകര്യങ്ങളോ അവിടെ ലഭ്യമല്ല. കക്കയവും പെരുവണ്ണാമുഴിയും തമ്മിലും, കക്കയവും വയനാടു ജില്ലയിലെ പടിഞ്ഞാറെത്തറയുമായി ബന്ധിപ്പിക്കുന്ന റോഡ് നിർമാണത്തിന് പരിസ്ഥിതി മന്ത്രാലയത്തിന്റെ എതിർപ്പും ഇവിടുത്തെ ടൂറിസ സാദ്ധ്യതയ്ക്ക് മങ്ങലേല്പിക്കുന്നു.

## നിർദ്ദേശങ്ങൾ

1. കക്കയത്തെ കെ എസ് ഇ ബി യുടെ അധീനതയിലുള്ള ഇൻസ്പെക്ഷൻ ബംഗ്ളാവും, നശിച്ചുകൊണ്ടിരിക്കുന്ന ക്വാർട്ടേർസുകളും സൗകര്യങ്ങൾ വർദ്ധിപ്പിച്ച് വിനോദ സഞ്ചാരികളുടെ ഉപയോഗത്തിന് വിട്ടു കൊടുക്കുക.

2. കക്കയത്തേക്ക് മുൻകാലത്തുണ്ടായിരുന്നതുപോലെ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ബോട്ടു സർവീസും ബസ്സ് സർവീസുകളും ആരംഭിക്കുക.

3. കൗൺസിലിന്റെയും സ്വകാര്യവ്യക്തികളുടെയും സഹകരണത്തോടുകുടി നിലവാരമുള്ള ഹോട്ടലുകളുടെയും റസ്റ്റോറണ്ടുകളും സ്ഥാപിക്കുക.

4. കേരളത്തിൻെറ ടൂറിസം മേപ്പിൽ കക്കയത്തിന് അർഹമായ സ്ഥാനം നൽകുക.

5. മനോഹരമായ പൂന്തോട്ടവും ബോട്ടുക്ലബ്ബും നിർമ്മിക്കുക. 'റോപ്പു വെ' സവാരിക്കുള്ള സൗകര്യം ഉണ്ടാക്കുക.

6. സാഹസിക യാത്രക്ക് അനുയോജ്യമായ ടൂറിസ്റ്റ് കേന്ദ്രം കൂടിയാണ് കക്കയം. ഉരക്കുഴിയിലേക്കുള്ള യാത്ര, അമ്പലപ്പാറയിലേക്കുള്ള യാത്ര, പടിഞ്ഞാറത്തറയിലേക്കുള്ള യാത്ര എന്നിവ ഉൾപ്പെടുത്തി വെള്ളചെചാട്ടങ്ങളുടെയും, നിത്യഹരിത വനങ്ങളുടെയും, പ്രകൃതി സൗന്ദര്യം ആസ്വദിക്കാനുള്ള അവസരങ്ങളേറെയാണ്. ഇവിടങ്ങളിൽ 'വ്യൂ' പോയൻറുകൾ സ്ഥാപിക്കേണ്ടതാണ്.

7. കക്കയം കേന്ദ്രീകരിച്ച് ഒരു ഇൻഫർമേഷൻ സെൻ്ററും സ്ഥാപിക്കെണ്ടതാണ്.

8. ചൂരൽ,മുള, കുന്തിരിക്കം, ഏലം തുടങ്ങിയ വനവിഭവങ്ങൾ ടൂറിസ്റ്റുകൾക്ക് വിലക്കുവാങ്ങുന്നതിനാവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തണം.

9. ഉരക്കുഴിയിലേക്ക് പോകുന്നതിന് തടസ്സമായിട്ടുള്ള ഡാം സൈറ്റിൻെറ ഗൈറ്റ് ഡാം സൈറ്റിൻറടുത്ത് മാറ്റി സ്ഥാപിക്കുകയോ, ഉരക്കുഴിയിലേക്ക് മറ്റൊരു റോഡ് നിർമ്മിച്ചോ ഇതിന് പരിഹാരം കാണണം.

10. ഡാം സൈറ്റ് സന്ദർശനത്തിനുള്ള പാസ്സ് കക്കയത്തുനിന്നു തന്നെ കൊടുക്കുവാനുള്ള സൗകര്യം ഉണ്ടാക്കണം.

11. കക്കയത്തെ മറ്റു പ്രദേശങ്ങളുമായി ബന്ധിപ്പിക്കുന്ന റോഡുകൾക്കു അനുമതി നൽകണം.


*വിശ്വസ്തയാർന്ന 22 കാരറ്റ്*
*സ്വർണ്ണാഭരണങ്ങളുടെ*
*കമനീയ ശേഖരം!*

# *ആയില്ല്യം ജ്വല്ലേർസ്*

*എം എം അലി റോഡ്, കോഴിക്കോട്*

**Phone : 723627**

*സഹോദര സ്ഥാപനങ്ങൾ*
*പ്രകാശ് ജ്വല്ലറി*
*പ്രസുൻ ജ്വല്ലറി*
*മെയിൻ റോഡ്, പേരാമ്പ്ര*

# വിദ്യാഭ്യാസം

1930 കളിലുണ്ടായ ആഗോള ഭക്ഷ്യ പ്രതിസന്ധി തരണം ചെയ്യുന്നതിന് ഒരുകൂട്ടം കർഷക കാരണവൻമാർ തിരുവിതാംകൂറിൻെറ പല ഭാഗങ്ങളിൽ നിന്നും ഈ പ്രദേശത്തെ മലവാരങ്ങളിലെത്തി. നിലവിലുണ്ടായിരുന്ന ജൻമി കുടിയാൻ വ്യവസ്ഥയനുസരിച്ച് സ്വന്തമായി കൈവശപ്പെടുത്തിയതുമായ ഭൂമിയിൽ അദ്ധ്വാനിച്ച് ഒരളവുവരെ ഭക്ഷ്യ പ്രശ്നം പരിഹരിക്കാൻ കഴിഞ്ഞെങ്കിലും പല സാംസ്കാരിക പ്രശ്നങ്ങളും അവരെ അലട്ടിയിരുന്നു. ആരോഗ്യം, വിദ്യാഭ്യാസം, ഗതാഗതം തുടങ്ങിയ മേഖലകളിൽ അവരുടെ അടിയന്തിര ശ്രദ്ധ പതിഞ്ഞത് വിദ്യാഭ്യാസത്തിലായിരുന്നു. കല്ലാനോട് പ്രദേശത്ത് ശ്രീ അഗസ്റ്റിൻ കിഴുക്കാരക്കാട്ടും കൂരാച്ചുണ്ടിൽ ശ്രീ കുഴിപ്പള്ളി ആശാനും മുള്ളൻകുഴി ആശാനും കൂടിപള്ളിക്കൂടങ്ങൾ ആരംഭിച്ചത് ഒരാശ്വാസമായി.

## സ്കൂളുകൾ

1. നിർമ്മല യു.പി സ്കൂൾ, കാറ്റുള്ളമല
2. സെൻറ് തോമസ് യൂ പി എസ് കൂരാച്ചുണ്ട്.
3. സെൻറ് മേരീസ് എൽ പി സ്കൂൾ കല്ലാനോട്
4. സെൻറ് തോമസ് ഹൈസ്കൂൾ കൂരാച്ചുണ്ട്
5. സെൻറ് മേരീസ് ഹൈസാകൂൾ കല്ലാനോട്
6. സെൻറ് ജോസഫ്സ് എൽ പി സ്കൂൾ കരിയാത്തംപാറ (അൺ എയ്ഡഡ്)
7. കെ . എച്ച് . ഇ . ജി എൽ.പി. സ്കൂൾ കക്കയം , (സർക്കാർ)

കൂടാതെ ഒരു ഇംഗ്ളീഷ് മീഡിയം എൽ പി സ്കൂൾ, ഒരു പാരലൽ കോളേജ്, രണ്ട് ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, പതിനേഴ് അങ്കണവാടികൾ, അഞ്ച് കൃസ്ത്യൻ മാനേജ്മെൻറ് നഴ്സറികളും പഞ്ചായത്തുവക ഒരു നഴ്സറി സ്കൂളും പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു.

ഇപ്പോൾ ഈ പഞ്ചായത്തിൽ 2 ഹൈസ്കൂളുകളും 2 യു പി സ്കൂളുകളും 2 എൽ പി സ്കൂളുകളുമാണ് അംഗീകൃത മേഖലയിലുള്ളത്. ഇതിനുപുറമെ കരിയാത്തംപാറയിൽ ഒരു അൺ എയ്ഡഡ് എൽ പി സ്കൂൾ നിലവിലുണ്ട്.

ഹൈസ്കൂൾ തലത്തിൽ 783 ആൺകുട്ടികളും 701 പെൺകുട്ടികളും ഉൾപ്പടെ 1484 വിദ്യാർത്ഥികളും പ്രൈമറി തലത്തിൽ 1022 ആൺകുട്ടികളും 924 പെൺകുട്ടികളും ഉൾപ്പടെ 1946 വിദ്യാർത്ഥികളുമാണ് 96-97 വർഷത്തിൽ അദ്ധ്യയനം നടത്തുന്നത്.

ഇവരെ അഭ്യസിപ്പിക്കുന്നതിന് ഹൈസ്കൂൾ വിഭാഗത്തിൽ 34 അദ്ധ്യാപകരും 31 അദ്ധ്യാപികമാരും ആണ് ഈ വിദ്യാലയ വർഷം സേവന രംഗത്തുള്ളത്. പ്രൈമറി വിഭാഗത്തിൽ 16 അദ്ധ്യാപകരും 53 അദ്ധ്യാപികമാരും ബോധനം നടത്തുന്നു.

പ്രീ പ്രൈമറി വിഭാഗത്തിൽ 17 അങ്കണവാടികളും ഒരു പഞ്ചായത്ത് നഴ്സറി സ്കൂളും അഞ്ച് മാനേജ്മെൻറ് നഴ്സറികളും ശിശുക്ഷേമം ലാക്കാക്കി പ്രവർത്തിക്കുന്നു.

## ഭൗതിക സാഹചര്യം

ഈ പഞ്ചായത്തിലെ മിക്ക സ്കൂളുകളിലും വിദ്യാർത്ഥികളുടെ സാർവ്വത്രികവികസനത്തിന് അനുയോജ്യമല്ലാത്ത ഭൗതിക സാഹചര്യങ്ങളാണ് നിലവിലുള്ളത്. ക്ലാസ് മുറികളിലിരുന്ന് മുഷിയുമ്പോൾ പ്രകൃതിയെ നിരീക്ഷിക്കുന്നതിനും ചെറുവിനോദങ്ങളിൽ ഏർപ്പെടുന്നതിനും കുട്ടികൾ ആഗ്രഹിക്കുക സ്വാഭാവികമാണ്. ഈ ലക്ഷ്യം സാധിച്ചെടുക്കുന്നതിനാണ് കായികവിനോദത്തിനും പഠനയാത്രകൾക്കും പാഠ്യപദ്ധതിയിൽ സമയം നീക്കിവെച്ചിട്ടുള്ളത്. നിർഭാഗ്യവശാൽ കല്ലാനോട് ഹൈസ്കൂളിനൊഴികെ മറ്റു സ്കൂളുകൾക്ക് പരിമിതമായ കളിസ്ഥലങ്ങളാണുള്ളത്. അന്തർ ദേശീയ തലത്തിൽ കായിക വിനോദങ്ങൾക്ക് പ്രാധാന്യം കൂടി വരുന്ന സാഹചര്യത്തിൽ ആധുനിക സൗകര്യങ്ങളുള്ള കളി സ്ഥലങ്ങളും പരിശീലനം ലഭിച്ച കായികാധ്യാപകരും നമുക്ക് ഉണ്ടാവേണ്ടിയിരിക്കുന്നു.

പ്രവർത്തിച്ചു പഠിക്കുക എന്നുള്ളത് ഒരു തത്വമായി അംഗീകരിക്കപെട്ടിട്ടുണ്ടെങ്കിലും നമ്മുടെ സ്കൂളുകളിൽ പ്രയോഗശാലകൾ സംവിധാനം ചെയ്തിട്ടുള്ളത് പരിതാപകരമായ അവസ്ഥയിലാണ്. ചാർട്ടുകൾ പ്രദർശിപ്പിക്കുന്നതിനുള്ള അസൗകര്യം, പരീക്ഷണങ്ങൾ സെറ്റു ചെയ്യുന്നതിനുള്ള സൗകര്യക്കുറവ്, ഇടുങ്ങിയ ക്ലാസ് റൂമുകൾ ഇവയൊക്കെയാണ് പൊതു അവസ്ഥ.

വായിച്ചു വളരുക എന്ന ലക്ഷ്യവുമായി സ്കൂളുകളിലേക്ക് കടന്നുവരുന്ന പ്രതിഭകളെ നിരാശപ്പെടുത്തുന്ന വിധമാണ് സ്കൂൾ ലൈബ്രറികളുടെ അവസ്ഥ. വായനാ കോർണറുകളോ റീഡിംഗ് റൂമോ തീരെ ഇല്ലാത്ത അവസ്ഥയാണുള്ളത്.

ആയിരത്തിലധികം കുട്ടികൾ പഠിക്കുന്ന സ്ഥാപനങ്ങളിൽ പോലും ആവശ്യമായ മൂത്രപ്പുരകളും വാട്ടർടാപ്പ് സൗകര്യങ്ങളും പരിമിതമായ തോതിലേ ഉള്ളൂ.

വിശാലമായ ഹാളുകളിൽപോലും 45 ഉം 50 ഉം കുട്ടികളുള്ള ക്ലാസുമുറികളെ പ്പോലും വേർതിരിക്കുന്നതിന് ആവശ്യമായ സ്ക്രീനുകൾ പോലുമില്ല.

പഠനോപകരണങ്ങളുടെ ഉപയോഗം ഓരോ ക്ലാസിനെയും വളരെയേറെ ആകർഷകമാക്കുന്ന ഒരു ഘടകമാണ്. പാഴ് വസ്തുക്കളുപയോഗിച്ച് ചിലവുകുറഞ്ഞ പഠനോപകരണങ്ങൾ നിർമ്മിക്കുന്നതിനുള്ള ശ്രമം നടക്കുന്നതായി കാണുന്നില്ല.

ഈ മേഖലകളിൽ ഏകദേശം 50% കുട്ടികൾ ഉച്ചക്കഞ്ഞി കുടിക്കുന്നവരായിട്ടുണ്ട്. മാവേലി സ്റ്റോറുകളിൽനിന്ന് അരി എത്തിക്കുന്നതിനും വിറക്, ഉപ്പ്, മുളക് ഇവ വാങ്ങുന്നതിനും പാചക കൂലി നൽകുന്നതിനുമായി ഒരു കുട്ടിക്ക് 10 പൈസ എന്ന തോതിൽ ഗവർമേണ്ടിൽ നിന്നും ലഭിക്കേണ്ടുന്ന തുക 1996 ജനുവരി മുതൽ തീരെ ലഭിക്കാത്ത അവസ്ഥയാണുള്ളത്.

## കുട്ടികളിൽ വളർന്നുവരുന്ന അക്രമ വാസന

മാധ്യമങ്ങളുടെ സ്വാധീനം ശക്തി കുറഞ്ഞവരെ ആക്രമിക്കുന്നതിനുള്ള പരോക്ഷമായ പ്രേരണയാകുന്നില്ലേ എന്ന് സംശയിക്കണം.

കേരളത്തിലെ വിദ്യാലയങ്ങളിൽ നിലവിലുള്ള വിദ്യാഭ്യാസ സംമ്പ്രദായം നമ്മുടെ രാജ്യത്തിൻെറ വളർച്ചക്ക് അനുയോജ്യമാണെന്ന് പറയുവാൻ നിവൃത്തിയില്ല. കലാലയ വിദ്യാഭ്യാസം കഴിഞ്ഞിറങ്ങുന്ന യുവാക്കൾ പോലും ലക്ഷ്യബോധമില്ലാതെ തൊഴിൽ രഹിതരുടെ പട്ടികയിൽ സ്ഥാനം പിടിക്കുന്നു. പ്രൈമറി തലത്തിൽ തൊഴിൽ പരിചയം സെക്കൻററി തലത്തിൽ തൊഴിൽ പരിശീലനവും ഉൾപ്പെടുത്താൻ നമ്മുടെ പാഠ്യപദ്ധതിക്ക് കഴിയുന്നില്ല.

പല കാരണങ്ങളാലും നികത്തപ്പെടാതെ കിടക്കുന്ന അധ്യാപകരുടെ ഒഴിവുകൾ മൂലം ഉണ്ടാവുന്ന വർക്ക് ലോഡ് ലഘൂകരിക്കുവാൻ വേണ്ടത്ര യോഗ്യതയില്ലാത്തവർ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടുന്ന അവസ്ഥ.

പി.ടി.എ കളുടെ പ്രവർത്തനങ്ങൾ ലക്ഷ്യം നേടിയെന്ന് പറയാനാവില്ല. ആധുനിക കാഴ്ചപ്പാടനുസരിച്ച് പാഠ്യേതര പ്രവർത്തനങ്ങളെയും പാഠ്യാനുബന്ധ പ്രവർത്തനങ്ങളായിട്ടാണ് പരിഗണിക്കുന്നത്. അപ്പർ പ്രൈമറിയിലും ഹൈസ്കൂളുകളിലും ഇവയുടെ പ്രവർത്തനം ഇനിയും ഏറെ സജീവമാകേണ്ടതാണ്.

## സമാന്തര വിദ്യാഭ്യാസ പ്രവർത്തനം

ഇംഗ്ലീഷ് ഭാഷയോടുള്ള അമിതമായ അഭിനിവേശം നമ്മുടെ കുഞ്ഞുങ്ങളെ ഇംഗ്ലീഷ് മീഡിയം സ്ഥാപനങ്ങളിലേക്ക് തള്ളിവിടുന്നുണ്ട്. ചെറു പ്രായത്തിൽ ഏതൊരു പൗരനും അവൻെറ മാതൃ ഭാഷയിൽ തന്നെയാണ് വിദ്യാഭ്യാസം ആരംഭിക്കേണ്ടത്. പിറന്ന നാടിൻെറ സംസ്കാരം ഉൾക്കൊള്ളാൻ എങ്കിൽ മാത്രമേ സാധിക്കൂ.

നമ്മുടെ ഔപചാരിക വിദ്യാലയങ്ങളിൽ നിന്ന് പുറത്തുവരുന്ന മുഴുവൻ വിദ്യാർത്ഥികളെയും നഗര പ്രാന്തത്തിലുള്ള ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങൾക്കും സാങ്കതിക സ്ഥാപനങ്ങൾക്കും ഉൾക്കൊള്ളാൻ കഴിയാത്ത അവസ്ഥ ഉണ്ട്. പ്രിഡിഗ്രി തലത്തിൽ പൊതുവിദ്യാഭ്യാസം നൽകുന്നതിന് ഈ പഞ്ചായത്തിലെ സമാന്തര സ്ഥാപനമായ സെൻറ് തോമസ് കോളേജിന് കഴിയുന്നുണ്ട്. ഇതോടനുബന്ധിച്ച് നാഷണൽ പബ്ലിക് സ്കൂൾ എന്ന സ്ഥാപനം പ്രൈമറി തലത്തിൽ പ്രവർത്തിക്കുന്ന ഒരു ഇംഗ്ലീഷ് മീഡിയം സ്കൂളാണ്.

കാര്യക്ഷമമായി പ്രവർത്തിക്കുന്ന രണ്ടു ഹൈസ്കൂളുകൾ നമ്മുടെ പഞ്ചായത്തിലുണ്ടെങ്കിലും സാങ്കതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നും ഇവിടെയില്ല.

## അനൗപചാരിക വിദ്യാഭ്യാസം

കല്ലാനോട് പബ്ലിക് ലൈബ്രറി, സരിഗ കാറ്റുള്ളമല, ടാഗോർ മെമ്മോറിയൽ ലൈബ്രറി, കക്കയം മോഡേൺ ലൈബ്രറി എന്നീ സ്ഥാപനങ്ങൾ കേരളാ ഗവർമേൻറിൻെറ നേതൃത്വത്തിൽ നടന്നു വരുന്ന സാക്ഷരതാ പ്രവർത്തനത്തിൽ നിർണ്ണായകമായ പങ്കു വഹിച്ചിട്ടുണ്ട്. മൂന്ന് ജനവിദ്യാ കേന്ദ്രങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തന നിരതമാണ്.

## നിർദ്ദേശങ്ങൾ

ചിട്ടയോടുകൂടിയ കായിക പരിശീലനം ഓരോ ദിവസവും നിശ്ചിത സമയത്ത് ഓരോ ക്ലാസ് ഡിവിഷനിലെ കുട്ടികൾക്കും ലഭിക്കേണ്ടതുണ്ട്. ഇതിൽ യോഗാസന പരിശീലനവും ഉൾപ്പെടുത്താവുന്നതാണ്. പരിശീലനം ലഭിച്ച കായികാധ്യാപകരേയും മറ്റു വിദഗ്ദ്ധരേയും സാമ്പത്തിക ബാധ്യത നോക്കാതെ തന്നെ സ്കൂളുകളിൽ നിയമിക്കേണ്ടതും സൗകര്യപ്രദമായ കളിസ്ഥലവും അതിനോടനുബന്ധിച്ച് പരിശീലന ഉപകരണങ്ങൾ സൂക്ഷിക്കുന്നതിനുള്ള സൗകര്യവും ഉണ്ടാക്കേണ്ടതുണ്ട്.കായിക പരിശീലനത്തിനിടയിൽ ഉണ്ടാകാനിടയുള്ള ആകസ്മിക അപകടങ്ങളെക്കുറിച്ച് കുട്ടികളിൽ ധാരണ ഉണ്ടാക്കേണ്ടതും അപ്പർപ്രൈമറി തലം മുതൽ പ്രഥമ ശുശ്രൂഷാ പരിശീലനം ഓരോ കുട്ടിക്കും നൽകേണ്ടതാണ്. ആഴ്ചയിൽ ഒരിക്കലെങ്കിലും നിശ്ചിത സമയത്ത് അദ്ധ്യാപകരും കുട്ടികളും സംയുക്തമായി മാസ്ഡ്രിൽ പരിശീലനത്തിൽ ഏർപ്പെടേണ്ടതാണ്. അന്തർ ദേശീയ പ്രശസ്തരായ കായികതാരങ്ങളെപറ്റി സാമാന്യ ജ്ഞാനം കുട്ടികളിൽ ഉണ്ടാക്കാവുന്നതാണ്. സ്പോർട്സ് ആൽബം നിർമ്മിക്കാവുന്നതാണ്.

പരീക്ഷണശാലയിൽ പത്തു കുട്ടികൾ വീതമുള്ള ചെറു സംഘങ്ങളായി കുട്ടികളെ തിരിക്കേണ്ടതും ഓരോ സംഘത്തിനും പ്രയോഗശാലയിൽ പരീക്ഷണം നടത്തുന്നതിന് സൗകര്യപ്രദമായ വിധം പരീക്ഷണ ശാലകൾ പുന സംവിധാനം ചെയ്യേണ്ടതും ബന്ധപ്പെട്ട അധ്യാപകൻെറ സാന്നിദ്ധ്യത്തിൽ രാസവസ്തുക്കൾ കൈകാര്യം ചെയ്യുന്നതിനും കഴിയേണ്ടതാണ്. ഇത്തരം പ്രവർത്തനങ്ങളിൽ അധ്യാപകരെ സഹായിക്കുന്നതിന് സമർത്ഥരായ വിദ്യാർത്ഥികളേയും ഉൾപ്പെടുത്തണം. പ്രകൃതിയിലെ ആപൂർവ്വ വസ്തുകൾ ശേഖരിക്കുന്നതിനും നിരീക്ഷിക്കുന്നതിനും അവർക്ക് അവസരം നൽക്കേണ്ടതാണ്. കുട്ടികൾക്ക് അവനവൻെറ വീടുകളിൽ പരിമിതമായ സൗകര്യത്തിൽ പോലും ഓരോ സയൻസ് കോർണർ ആരംഭിക്കാവുന്നതാണ്.

എല്ലാ വിദ്യാലയത്തിലും പൊതു വായനാ കോർണറുകളോ റീഡിംഗ് റൂമോ ഉണ്ടാക്കേണ്ടതാണ് . കുട്ടികൾക്ക് തന്നെ അവരവരുടെ വീടുകളിൽ വായിച്ചു കഴിഞ്ഞ ആനുകാലിക പ്രസിദ്ധീകരണങ്ങളും പത്രങ്ങളും കൊണ്ടുവരാവുന്നതും നിശ്ചിത ദിവസം കഴിഞ്ഞ് മടക്കി കൊണ്ടു പോകാവുന്നതുമാണ്. ചിട്ടയോടുകൂടിയ വായന പ്രോൽസാഹിപ്പിക്കേണ്ടതും നല്ല ലൈബ്രറി നോട്ട് എഴുതുന്ന കുട്ടികൾക്ക് പ്രോഹൽസാഹന സമ്മാനം നൽകാവുന്നതുമാണ്. കുട്ടികളുടെ മേൽനോട്ടത്തിൽ അധ്യാപകരുടെ നിർദ്ദേശാനുസരണം കയ്യെഴുത്തു മാസികകളും പത്രങ്ങളും പ്രസിദ്ധീകരിക്കാവുന്നതാണ്.

കുട്ടികളുടെ വിദ്യാഭ്യാസ പ്രശ്നങ്ങൾ മുതിർന്നവർ എറ്റെടുത്താൽ കുട്ടികളുടെ സുരക്ഷിത ബോധം വർദ്ധിക്കുന്നതും കൂടുതൽ ആത്മവിശ്വാസത്തോടെ പഠനം കാര്യങ്ങളിൽ എർപ്പെടുന്നതിനും അവർക്ക് കഴിയും. ഒരോ വിദ്യാലയത്തിലും നിലവിലുള്ള വാട്ടർടേപ്പ് സൗകര്യങ്ങൾ പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യങ്ങളും (ആവശ്യമെങ്കിൽ) വർദ്ധിപ്പിക്കേണ്ടമാണ്.

ക്ളാസ് മുറിയിലെ പഠനപ്രവർത്തനങ്ങൾ ആകർഷകമാക്കുന്നതിന് പഠനോപകരണങ്ങൾ കൂടിയേ തീരു. എല്ലാം വില കൊടുത്തു വാങ്ങുന്നത് ദുഷ്കരമാണ്.

പാഴ് വസ്തുക്കളുപയോഗിച്ച് അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കും സംയുക്തമായി പഠനോപകരണങ്ങൾ നിർമ്മിക്കുന്നതിനുള്ള ശില്പശാലകൾ സംഘടിപ്പിക്കാവുന്നതാണ്. ഇത്തരം ശില്പശാലകളിൽ വിദഗ്ദപരിശീലനം ലഭിച്ച വ്യക്തികളെ ഉൾപ്പെടുത്താവുന്നതാണു്.

വിശപ്പിൽ നിന്ന് മോചനം നേടിയെങ്കിലേ വിദ്യാർത്ഥികൾക്ക് കാര്യക്ഷമമായി പഠനത്തിലൂന്നാൻ കഴിയൂ. ഈ ലക്ഷ്യം കൈവരിക്കുന്നതിന് ഗവർമെൻറ് ഏർപ്പെടുത്തിയിട്ടുള്ള ഉച്ചക്കഞ്ഞി വിതരണം മുടക്കം കൂടാതെ തുടരേണ്ടതും ഇതിൻെറ ചിലവിലേക്ക് ഗവർമെണ്ട് വകകൊള്ളിച്ചിട്ടുള്ള സഹായ ധനം മുടക്കം കൂടാതെ നൽകേണ്ടതുമാണ്.

കുട്ടികളിൽ പ്രകടമായി കാണുന്ന കുറ്റവാസനകളെ തുടക്കത്തിൽ തന്നെ കണ്ടെത്തുകയും അവർ അങ്ങിനെ പെരുമാറുന്നതിൻെറ മന: ശാസ്ത്രപരമായ കാരണങ്ങൾ മനസ്സിലാക്കുകയും തക്ക സമയത്ത് യുക്തമായ പരിഹാര നടപടികൾ സ്വീകരിക്കുന്നതിന് അധ്യാപകർക്ക് കഴിയേണ്ടതുമാണു്. ഇന്നത്തെ കുട്ടികൾ നാളത്തെ പൗരൻമാരായി വളരുമ്പോൾ ഉയർന്ന നീതി ബോധമുള്ള ജനതയായി മാറേണ്ടതുണ്ടു്. നിർഭാഗ്യവശാൽ ഇന്ന് സമൂഹത്തിൽ അനാരോഗ്യകരമായ ധാരാളം പ്രവണതകളുണ്ട്. സ്ത്രീ പീഡനം, പൂഴ്ത്തിവെപ്പ്, പൊതുധന അപഹരണം, അഴിമതി തുടങ്ങിയവ ഇതിൽ ചിലതു മാത്രമാണ്.

മാതൃകാപരമായ ജീവിതത്തിലൂടെയും ക്ലാസ് മുറികളിൽ പാഠ്യ വിഷയങ്ങൾ പഠിപ്പിക്കുമ്പോൾ തന്നെ മൂല്ല്യ വിദ്യാഭ്യാസവും അവർക്ക് നൽകുകയും കായിക ശേഷിയും ഇതര സിദ്ധികളും മറ്റുള്ളവൻെറ നൻമക്കുവേണ്ടി വിനിയോഗിക്കുന്നതിന് അവനെ പ്രപ്തനാക്കുകയും ചെയ്യാൻ വ്യക്തിത്വമുള്ള അധ്യാപകർക്കേ കഴിയൂ.

സിനിമ, ടിവി, തുടങ്ങിയ മാധ്യമങ്ങളിൽ പ്രക്ഷേപണം ചെയ്യുന്ന ചില പരിപാടികൾ കുട്ടികളെ ഒരു പരിധിവരെ സാഡിസ്റ്റുകളാക്കുന്നുണ്ട്. ഇത് ഭാവിയിൽ അവനവനും സമൂഹത്തിനും ഏറെ ദോഷം ചെയ്യുന്നു. ഈ ആത്യാപത്തിനെ നേരിടുന്നതിന് മാതാപിതാക്കളും ഗുരുജനങ്ങളും മുൻകരുതലുകൾ എടുക്കേണ്ടതാണ്.


പുതുപുത്തൻ നിത്യോപയോഗ
സാധനങ്ങൾക്കും ആസിഡ്, കയർ
മുതലായവക്കും

**കെ. സി. സ്റ്റോർസ്**

പോലീസ് സ്റ്റേഷൻ റോഡ്

കൂരാച്ചുണ്ട്

സംസ്ഥാന തലത്തിൽ തന്നെ തൊഴിൽ പരിശീലനത്തിന് ഊന്നൽ നൽകി പാഠ്യപദ്ധതി പുന:സംവിധാനം ചെയ്യേണ്ടതും ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി പുറത്തുവരുന്ന യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ കണ്ടെത്തി തന്റെ കുടുംബത്തെ സഹായിക്കാൻ അവസരമുണ്ടാക്കേണ്ടതുമാണ്.

ഓരോരോ വിഷയം പഠിപ്പിക്കുന്നതിന് അതതു വിഷയങ്ങൾ ഐഛികമായി എടുത്ത് അദ്ധ്യാപന പരിശീലനം നേടിയവരെ മാത്രമേ നിയമിക്കാവൂ. പ്രത്യേകിച്ചും, ഹൈസ്കൂളുകളിൽ ഇംഗ്ളീഷ് ഭാഷ പോലെയുള്ള വിഷയങ്ങൾ പഠിപ്പിക്കുന്നത് മാനവിക വിഷയങ്ങളിൽ വൈദഗ്ദ്ധ്യം നേടിയവരായിരിക്കും.

ഒരു സാധാരണ അധ്യാപകൻ കായിക പരിശീലനം നൽകിയാൽ കുട്ടികൾക്ക് അതു ഗുണകരമായിരിക്കുകയില്ല. സാമ്പത്തിക ബാധ്യത നോക്കാതെ പ്രൈമറി തലം മുതൽ ഒഴിഞ്ഞു കിടക്കുന്ന കായികാധ്യാപകരുടെ ഒഴിവു നികത്തേണ്ടത് കായിക വിദ്യാഭ്യാസത്തിന്റെ കാര്യക്ഷമതക്ക് അനിവാര്യമാണ്.

കുടിയേറ്റത്തിന്റെ ആരംഭകാലത്ത് ഈ പ്രദേശത്തെ ജനതക്ക് കായിക ശേഷി മാത്രമാണ് കൈമുതലായുണ്ടായിരുന്നത്. ഗ്രാമ പാതകൾ വെട്ടുകയും അതുരാലയങ്ങൾ സ്ഥാപിക്കുകയും വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിർമ്മിക്കുകയും ചെയ്തു കൊണ്ടു അവർ പുരോഗതിയുടെ പടവുകൾ പിന്നിട്ടു. എന്നാൽ വികസനം ഒരു ഘട്ടത്തിലെത്തിനിൽക്കുന്ന ഇന്ന് നമുക്ക് പൈതൃകമായി ലഭിച്ച ആ ഉണർവും ആവേശവും എങ്ങോ പോയി മറഞ്ഞിരിക്കുന്ന അവസ്ഥയാണുള്ളത്. മടപ്പള്ളി കോളേജിലും പുതുപ്പാടി ഹൈസ്കൂളിലും അധ്യാപക രക്ഷാകർതൃ സമിതിയുടെ നേതൃത്വത്തിൽ ഒട്ടനവധി ക്ഷേമപ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്.

നമ്മുടെ പി ടി എ കൾ അവസരത്തിനൊത്തുയർന്നാൽ ഓരോ വിദ്യാഭ്യാസ സ്ഥാപനങ്ങളേയും ഭൗതിക പുരോഗതിയിലേക്ക് നയിക്കാൻ അവർക്ക് കഴിയും.

1950 കളിൽ പോലും നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ'മോക്പാർലിമെന്റ്' 'മോക് അസംബ്ലി', ഡിബേറ്റ്, എന്നിവ സംഘടിപ്പിക്കപ്പെട്ടിരുന്നു. സ്കൂൾ സാഹിത്യ സമാജങ്ങൾ കാര്യക്ഷമമായി നടന്നിരുന്നു. യുവജനോത്സവത്തിന്റെയും കായിക മേളകളുടെയും ലഹരിയിൽ വിദ്യാലയങ്ങളിലെ പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ ഇടക്കാലത്ത് മങ്ങിപ്പോയില്ലേ എന്ന് സംശയിക്കുന്നു. പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ ഒരോ സ്കൂളുകളിലും ഇനിയും സജീവമാകേണ്ടതുണ്ടു്.

സ്കൗട്ട്, ഗൈഡ്സ്, റെഡ് ക്രോസ്, ഇവയോടൊപ്പം തന്നെ സയൻസ് ക്ലബ്ബുകൾ, കാർഷിക ക്ലബ്ബുകൾ, സാമൂഹ്യ വനവൽക്കരണ ക്ലബ്ബുകൾ, ബാല സാഹിത്യ വേദികൾ തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിക്കേണ്ടതും ഇതിന്റെ ചുമതല തത്പരരും അർപണ ബോധവുമുള്ളവരുമായ അദ്ധ്യാപകർ ഏറ്റെടുക്കേണ്ടതാണ്.

150 രാഷ്ട്രങ്ങളോളം പങ്കെടുക്കുന്ന ഒരു സൗന്ദര്യ മത്സരം ബാംഗ്ലൂരിൽ നടക്കുന്നു. നമ്മുടെ പരസ്യ പലകകളിൽ സ്ത്രീകളുടെ നഗ്ന സൗന്ദര്യം പ്രദർശിപ്പിച്ച് നാം കാശാക്കുകയാണ്. 30% സീറ്റുകൾ സിവിൽ സർവീസിലും സ്ത്രീകൾക്ക് സംവരണം ചെയ്തിരിക്കുന്നതായി കാണുന്നു. വർഷങ്ങളായി സ്ത്രീകളെക്കൊണ്ട് അദ്ധ്വാനിപ്പിക്കുകയും സമ്പത്തു മുഴുവൻ പുരുഷ സമൂഹം കൈയടക്കാൻ ശ്രമിക്കുകയും ചെയ്യുന്ന ഒരവസ്ഥയാണുള്ളത്. ദേവ പ്രീതിക്കായി ഉടന്തടിച്ചാട്ടം നടത്തുന്ന

സ്ത്രീകളും പെൺകുഞ്ഞുങ്ങളെ നര ബലി കൊടുക്കുന്ന സമൂഹവും നമുക്ക് സുപരിചിതമാണ്. ഉപഭോഗ വസ്തുക്കൾ സ്വന്തമാക്കുന്നതിനുള്ള ത്വരയിൽ ഉടപ്പിറന്നവന്റെ കരളുപോലും വിറ്റ് കാശാക്കുന്ന അവസ്ഥ ഏറെ അപകടകരമാണ്. നിരോധിക്കപ്പെട്ട മരുന്നുകൾ പോലും വിപണിയിൽ ഇറക്കി കീശ വീർപ്പിക്കുന്നതിന് നമുക്ക് മടിയില്ല. ലളിത ജീവിതം നയിച്ച് പ്രകൃതിയുമായി പൊരുത്തപ്പെടണമെന്ന് ശിഷ്യരെ ഉത്ബോധിപ്പിക്കുമ്പോഴും ആഢംബരം കൈവിടാൻ കൂട്ടാക്കാത്ത നേതാക്കളും നമുക്കുണ്ട്. സാമൂഹ്യ നീതി നമുക്ക് അന്യമായിക്കൊണ്ടിരിക്കുന്നു. മാതൃ സംസ്കാരത്തെ നാം തള്ളിപ്പറയുന്നു. ഈ അവസ്ഥ മാറണം. ഇത് മാറ്റിയേ തീരൂ. നമുക്ക് വിദ്യാലയങ്ങളിൽ നിന്ന് തുടങ്ങാം.


*വീടുവിട്ടാൽ മറ്റൊരു വീട്*

രുചികരമായ ഭക്ഷണ പാനീയങ്ങൾ

ശീതള പാനീയങ്ങൾ

എല്ലാ വിധ പഴങ്ങൾക്കും

# ഹോട്ടൽ ബ്ലൂസ്റ്റാർ

കൂൾ ബാർ

ഐസ്ക്രീം പാർലർ

കൂരാച്ചുണ്ട്

NB. കല്യാണം, റ്റീപാർട്ടി, മുതലായവക്ക് പ്രത്യേക സൗകര്യങ്ങൾ

## പട്ടിക 14

| നമ്പർ | സ്കൂളിന്റെ പേര് | ഡിവിഷൻ | കെട്ടിടം സ്ഥിരം | കെട്ടിടം അസ്ഥിരം | മുറി സ്ഥിരം | മുറി അസ്ഥിരം | മൂത്രപ്പുരകളുടെ എണ്ണം | കക്കൂസ് എണ്ണം | വൈദ്യുതി | പാചകമുറി | സ്റ്റാഫ് റൂം | കുടിവെള്ളം |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | നിർമ്മല യൂ പി സ്കൂൾകാറ്റുള്ളമല | 10 | 3 | | 12 | | | 1 | 2 | | | |
| 2 | സെൻറ് തോമസ് യൂ പി സ്കൂൾ കൂരാച്ചുണ്ട് | 32 | 1 | 4 | 5 | 4 | 1 | 1 | | | | |
| 3 | സെൻറ് തോമസ്സ് കൂരാച്ചുണ്ട് | 18 | 1 | 1 | 21 | 1 | 2 | 2 | | | | |
| 4 | സെൻറ് മേരീസ് ഹൈസ്കൂൾ കല്ലാനോട് | 19 | 6 | | 30 | | 4 | 4 | | | | |
| 5 | സെൻറ് മേരീസ് എൽ പി കല്ലാനോട് | 8 | 2 | | | | 2 | 2 | | | | |
| 6 | സെൻറ് ജോസഫ്സ് എൽ പികരിയാത്തംപാറ | 3 | 1 | | | | | | | | | |
| 7 | കെ എച്ച് ഇ.പി.ജി എൽപി സ്കൂൾകക്കയം | 4 | 1 | | 6 | | 1 | | | | | |

പട്ടിക 15 അധ്യാപകർ വിദ്യാർത്ഥികൾ 1996 - 97 വർഷം

| | | വിദ്യാർത്ഥികൾ | | | അധ്യാപകർ | | | |
|---|---|---|---|---|---|---|---|---|
| നമ്പർ | സ്കൂളിന്റെ പേര് ആൺ | പെൺ | ആകെ | | അനുവദിച്ച പോസ്റ്റ് | പുരുഷൻ | സ്ത്രീ | ആകെ |
| 1 | നിർമല യു.പി സ്കൂൾ കാറ്റുള്ളമല | 148 | 149 | 297 | 14 | 3 | 11 | 14 |
| 2 | സെൻറ് തോമസ് യു.പി സ്കൂൾ കാറ്റുള്ളമല | 697 | 616 | 1313 | 40 | 10 | 30 | 40 |
| 3 | സെൻറ് തൊമസ് ഹൈസ്ക്കൂൾ കൂരാച്ചുണ്ട് | 379 | 351 | 730 | 32 | 18 | 14 | 32 |
| 4 | സേൻറ്മേരീസ് ഹൈസ്കൂൾ കല്ലാനോട് | 404 | 350 | 754 | 33 | 16 | 17 | 33 |
| 5 | സെൻറ് മേരീസ് എൽ,പിസ്കൂൾ കല്ലാനോട് | 122 | 107 | 229 | 8 | 1 | 7 | 8 |
| 6 | സെൻറ്ജോസഫ് എൽ.പിസ്കൂൾ അൺ എയ്ഡഡ് കരിയാത്തം പാറ | 29 | 36 | 65 | 3 | | 3 | 3 |
| 7 | കെ.എച്.ഇ.ജി. എൽ,പി. സ്കൂൾ കക്കയം | 26 | 16 | 42 | 4 | 2 | 2 | 4 |

പട്ടിക 16

5 വർഷത്തെ എസ്.എസ്,എൽ,സി. വിജയശതമാനം

| സ്കൂളിൻെറ പേര് | 91 - 92 | 92 - 93 | 93 - 94 | 94 - 95 | 95 - 96 |
|---|---|---|---|---|---|
| സെൻറ് മേരീസ് ഹൈസ്കൂൾ കല്ലാനോട് | 74% | 71% | 72% | 72% | 61% |
| സെൻറ് തോമസ് ഹൈസ്കൂൾ കൂരാച്ചുണ്ട് | 73% | 72% | 71% | 63% | 65% |


## കെട്ടിട നിർമ്മാണ രംഗത്ത് ഒരു നവീനാശയം

ചിലവ് ചുരുങ്ങിയതു ഈടും, ഉറപ്പും, സമയലാഭവും ലഭിക്കുന്ന സിമൻറിൽ തീർത്ത കട്ടിള,ജനൽ,ഇഷ്ടിക എന്നിവ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ഉത്തരവാദപ്പെട്ട ടെക്നീഷ്യൻമാരാൽ തയ്യാറാക്കി "ഗ്ളോസി" കൂരാച്ചുണ്ടിൽ നിന്നും വിപണിയിൽ ഇറക്കുന്നു.

നിർമ്മാതാക്കൾ

# ഗ്ലോസി ഇൻഡസ്ട്രീസ്

ചെമ്പ്രറോഡ്, കൂരാച്ചുണ്ട

**Phone 60337**

റബ്ബർ, അടയ്ക്ക, കശുവണ്ടി തുടങ്ങിയ കാർഷികോല്പാദനങ്ങൾ ലാഭകരമായി വിപണനം ചെയ്യുന്നതിന്

# തോംസൺ ട്രേഡേർസ്

കൂരാച്ചുണ്ട്

സെൻറ് തോമസ് ദേവാലയത്തിനു മുൻവശം.

# ആരോഗ്യം

പ്രതികൂല പരിത:സ്ഥിതികളുടെ നടുവിലേക്ക് സ്വയം ഇറങ്ങിച്ചെന്നവരാണ് നമ്മുടെ പൂർവ്വികർ. മലയോരത്തേക്ക് കാലുകുത്തിയപ്പോൾ അവരെ സ്വാഗതം ചെയ്തത് മലമ്പനിവാഹകരായ അനോഫലീസ് കൊതുകുകളും, കൊടിയ തണുപ്പും, കാട്ടുമൃഗങ്ങളും പട്ടിണിയുമായിരുന്നു. മലമ്പനിയും പട്ടിണിയും മൂലം മരണം നിത്യസംഭവങ്ങളായിരുന്നു. ജീവിക്കാനുള്ള ആഗ്രഹം കൊണ്ട് അറിയുമായിരുന്ന നാട്ടറിവുകളും കേട്ടറിവുകളും ശങ്കയെന്യേ എടുത്തു പ്രയോഗിക്കുന്നതായിരുന്നു. അന്നത്തെ ചികിൽസയും ശുശ്രൂഷകളും. മലമ്പനിക്ക് ചികിൽസക്കായി ഉപയോഗിച്ചിരുന്നത് കൊയിനഗുളികയോ തുള്ളിയോ ആയിരുന്നു. ഇതു സുലഭമായിരുന്നില്ല. അതിനു പകരം അന്ന് ഉപയോഗിച്ചിരുന്ന ഒരു നാടൻമരുന്നാണ് കാട്ടുജീരകം. പൂവത്തുങ്കൽ വൈദ്യർ, കുഴിവേലി വൈദ്യർ, കുമ്പുക്കൽ വൈദ്യർ, താമരക്കാടു വൈദ്യർ തുടങ്ങിയ ആയുർവ്വേദ വൈദ്യൻമാരും പുത്തൂർ വൈദ്യൻ (അലോപ്പതി) എന്നിവരായിരുന്നു ആദ്യകാല ആതുരശുശ്രൂഷ രംഗത്തെ പ്രവർത്തകർ. ആദ്യകാല അലോപ്പതി ഡോക്ടർമാരിൽ പ്രമുഖൻ ഡോ കെ ടി ആൻറണിയാണ്.

കൂരാച്ചുണ്ടിലെ ജനങ്ങൾ സംഘടിച്ച് രണ്ടേക്കർ സ്ഥലം വാങ്ങി ആശുപത്രിക്കുവേണ്ടി സംഭാവന ചെയ്യുകയും നിരവധി നിവേദനങ്ങൾ നൽകിയതിൻെറയും ഫലമായി അനുവദിച്ചു കിട്ടിയതാണ് ഇന്നത്തെ പ്രൈമറി ഹെൽത്ത് സെൻറർ. ആശുപത്രി കെട്ടിടവും നാട്ടുകാർ തന്നെ പണിതു നൽകുകയായിരുന്നു. കക്കയത്തുള്ള ഗവഃ ആശുപത്രിയാവട്ടെ, കുറ്റ്യാടി ഹൈഡ്രോ ഇലക്ട്രിക് പ്രൊജക്ട് നിർമ്മിക്കുന്ന കാലത്ത് അതിൽ പ്രവർത്തിക്കുന്നവരുടെ ആവശ്യാർത്ഥം തുടങ്ങിയതാണ്. കൂരാച്ചുണ്ടിലെ ഗവഃ ആയുർവ്വേദ ആശുപത്രി 1958-ലാണ് ആരംഭിച്ചത്. ഇന്നും പരിമിതസൗകര്യങ്ങളോടെ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ചികിൽസക്കായി പേരാമ്പ്ര, ബാലുശ്ശേരി,കോഴിക്കോട് എന്നിവിടങ്ങളിലെ ആശുപത്രികളെ ആശ്രയിക്കേണ്ട അവസ്ഥയിലാണിന്നും.

183.12 ആണ് ഈ പഞ്ചായത്തിലെ ജനസാന്ദ്രത. പൊതുമരണ നിരക്ക് 3.21% ആണ്. 1991-ലെ സെൻസസ് പ്രകാരം 16,111 ആണ് പഞ്ചായത്തിലെ ആകെ ജനസംഖ്യ.കക്കയത്തും കൂരാച്ചുണ്ടിലും ഓരോ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ഒരു ആയുർവ്വേദ ഡിസ്പൻസറിയും അടങ്ങുന്നതാണ് ഇവിടുത്തെ പൊതുജനാരോഗ്യ മേഖല. രണ്ടു സ്വകാര്യ അലോപ്പതി ആശുപത്രികളും 2 സ്വകാര്യ ഹോമിയോ ഡിസ്പെൻസറിയും ഒരു ഡെൻറൽ ക്ളിനിക്കും, സ്വകാര്യ ആയുർവ്വേദ ഡിസ്പെൻസറിയും, രണ്ടു കുടുംബക്ഷേമകേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. 3 ാം വാർഡിലെ മണ്ടോപ്പാറയിൽ ഒരു സബ്സെൻറർ പണിപൂർത്തിയാക്കിയിട്ട് വർഷങ്ങളായെങ്കിലും പ്രവർത്തനം ആരംഭിച്ചിട്ടില്ല. കക്കയത്തുള്ള പ്രൈമറി ഹെൽത്ത് സെൻറർ നല്ല നിലയിൽ പ്രവർത്തിച്ചു വന്നിരുന്ന സ്ഥാപനമായിരുന്നു. രോഗികളെ കിടത്തി ചികിത്സിച്ചിരുന്ന ആശുപത്രിയുടെ ഇന്നത്തെ സ്ഥിതി ദയനീയമാണ് സ്ഥിരമായി ഒരു ഡോക്ടർ പോലുമില്ലാത്തസ്ഥിതിയാണിന്ന്. സാധാരണ രോഗങ്ങൾക്ക് പോലും കിലോമീറ്ററുകളോളം സഞ്ചരിച്ച് വേണം ഒരു സ്വകാര്യ ആശുപത്രിയെ സമീപിക്കാൻ വിദഗ്ദ ചികിൽസക്ക് ഇന്ന് പതിനാലു കിലോമീറ്റർ അകലെ ബാലുശ്ശേരിയിലോ പേരാമ്പ്രയിലോ പോകേണ്ടിവരുന്നു. ആയതു കൊണ്ട് കൂരാച്ചുണ്ട് പി.എച്ച്.സി രോഗികളെ കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യം ഉണ്ടാക്കുവാനുള്ള അവശ്യം അനുവദിച്ച് വർഷങ്ങളായെങ്കിലും കെട്ടിടം പണി ഇതുവരെയും തുടങ്ങിയിട്ടില്ല.

17 അംഗൻവാടികളാണ് ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നത് പരിമിതികളുണ്ടെങ്കിലും വനിതകളുടെയും ശിശുക്കളുടെയും ആരോഗ്യ പരിപാലന രംഗത്ത് സാരമായ ചലനമുണ്ടാക്കാൻ അംഗൻവാടികൾക്ക് കഴിഞ്ഞിട്ടുണ്ട് കൂടാതെ ശിശു ആര്യോഗ്യരംഗത്തും വലിയ പുരോഗതിയുണ്ടാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട് .

വിവിധവാർഡുകളിലായി 12-വയസ്സിൽ താഴെ 1946 കുട്ടികളാണുള്ളത് 1022 ആൺകുട്ടികളും 924 പെൺകുട്ടികളുമാണുള്ളത്.

1വയസ്സിൽ താഴെ - . 283
1മുതൽ 6 വയസ്സു വരെ - 1161
6മുതൽ12 വയസ്സു [illegible] - 502

എന്നിങ്ങനെയാണുള്ളത്

നവജാതശിശുക്കളെ ബാധിക്കുന്ന ടെറ്റനസിനെതിരെ ഗർഭിണികൾക്കുള്ള കുത്തിവെയ്പ്, ഡിഫ്തീരിയ, ടെറ്റനസ്, വില്ലൻചുമ എന്നിവക്കെതിരെ കുത്തിവെയ്പ്, അഞ്ചാംപനിക്കെതിരെയുള്ള കുത്തിവെയ്പ് പോളിയോ വരാതിരിക്കാനുള്ള തുള്ളി മരുന്ന് എന്നീ രോഗ പ്രതിരോധ നടപടികൾ, അംഗൻ വാടികളുടെ പ്രവർത്തന ഫലമായി പ്രാഥമിക ആരോഗ്യകേന്ദ്രത്തിലൂടെ പ്രാവർത്തികമാക്കിയിട്ടുണ്ട്.

നമ്മുടെ ഗവ: ആയുർവ്വേദ ഡിസ്പെൻസറിയിൽ പ്രതിദിനം ശരാശരി 70 രോഗികൾ ചികിത്സക്കെത്തുന്നു. പ്രതിവർഷം 12000 രൂപക്കുള്ള മരുന്ന്മാത്രമേ അനു വദിക്കുന്നുള്ളൂ. മൂന്നു മാസത്തേക്ക് അനുവദിക്കുന്ന മരുന്നുകൾ ഒരാഴ്ചത്തേക്ക് വിതരണം ചെയ്യാൻ മാത്രമേ തികയുകയുള്ളു. ഇന്ന് എത്തുന്ന രോഗികൾക്ക് ശരിയായ രീതിയിൽചികിത്സ നൽകാൻ 1.50 ലക്ഷം രൂപയുടെ മരുന്ന് വേണ്ടിവരും അവശ്യമരുന്നുകൾ ലഭ്യമാകുമ്പോൾ ചികിത്സക്കെത്തുന്നവരുടെ എണ്ണം ഗണ്യമായി വർധിക്കും.

പട്ടിക 17

| | | കുട്ടികളുടെ പ്രധിരോധ കുത്തിവെപ്പ് | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ഡി. ഫി. റ്റി | | | | പോളിയോ | | | | ഡി.ററി | | | | |
| കുട്ടികൾ | ബി.സി.ജി | 1D | 2D | BD | B | 1 | 2 | 3 | BD | 1D | 2D | 3D | BD | മിസിൽസ് |
| 1 വയസ്സിൽ താഴെ | 256 | 249 | 228 | 208 | .. | 249 | 228 | 201 | ... | ... | ... | ... | ... | 65 |
| 1......3 വയസ്സ് | 485 | 485 | 485 | 485 | 485 | 485 | 485 | 485 | 485 | ... | ... | ... | ... | 485 |
| 3......6 | 673 | 605 | 605 | 605 | 605 | 673 | 673 | 605 | 605 | 68 | 68 | ... | 501 | 601 |

പട്ടിക 18

ഹെൽത്തു സെൻററുകളിൽ നിന്ന് ലഭിച്ച രോഗവിവരങ്ങൾ

| | | | രോഗങ്ങൾ സംബന്ധിച്ച വിവരങ്ങൾ | | | | | |
|---|---|---|---|---|---|---|---|---|
| ആകെ വർഷം | ഇൻ പേഷ്യൻറ് എണ്ണം | ഔട്ട് പേഷ്യൻറ് എണ്ണം | ത്വക്ക് രോഗം | വാത രോഗം | പകർച്ച വ്യാധികൾ | മറ്റുള്ള രോഗങ്ങൾ | വിഷ ചികിൽസ | |
| 92-93 | ,,,,,, | 11922 | 500 | 803 | 686 | 9928 | ,,, | 23819 |
| | ,,,,,, | 11559 | 600 | 803 | 847 | 9309 | ,,, | 23118 |
| | ,,,,,, | 11540 | 420 | 729 | 845 | 9546 | ,,, | 25580 |
| | ,,,,,, | 12284 | 602 | 725 | 1215 | 9742 | ,,, | 24568 |

കുട്ടികളുടെ ആരോഗ്യ പോഷണ നിലവാരം പരിശോധിച്ച് ലഘുവായ പോഷണക്കുറവുള്ളവർ 1 ാം ഗ്രേഡ്, മിതമായ പേഷണക്കുറവുള്ളവർ 2 ാം ഗ്രേഡ്, ഗുരുതരമായ പോഷണക്കുറവുള്ളവർ 3 ാം ഗ്രേഡ്, നോർമ്മൽ എന്നിങ്ങനെ ഇനം തിരിച്ചപ്പോൾ 284 പേർ നോർമ്മൽ ഗ്രൂപ്പിലും 1 ാം ഗ്രേഡിൽ 44 പേരും, 2 ാം ഗ്രേഡിൽ 103 പേരും 3 ാം ഗ്രേഡിൽ 3 പേർ എന്നീ തോതിൽ കാണപ്പെട്ടു.

## പട്ടിക - 19

കുട്ടികളുടെ ആരോഗ്യ പോഷണ നിലവാരം

| പ്രായം | നോർമൽ | | 1 ാം ഗ്രേഡ് | | 2 ാം ഗ്രേഡ് | | 3 ാം ഗ്രേഡ് | |
|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1വയസിൽ താഴെ | 104 | 90 | 40 | 38 | 6 | 4 | Nil | 1 |
| 2 വയസിൽ താഴെ | 148 | 145 | 72 | 73 | 24 | 23 | Nil | Nil |
| 3 വയസിൽ താഴെ | 204 | 193 | 103 | 118 | 25 | 31 | 2 | Nil |

1 ാം ഗ്രേഡ് - ലഘുവായ പോഷണക്കുറവുള്ളവർ

2 ാം ഗ്രേഡ് - മിതമായ പോഷണക്കുറവുള്ളവർ

3 ാം ഗ്രേഡ് - ഗുരുതരമായ പോഷണക്കുറവുള്ളവർ

അവലംബം. സെക്കണ്ടറി ഡാറ്റാകലക്ഷൻ

പകർച്ച വ്യാധികളെക്കുറിച്ച് പരിശോധിച്ചതിൽ നിന്ന് 93-94 മുതൽ 95-96വരെ ജലജന്യ രോഗങ്ങൾ 376, വായുജന്യ രോഗങ്ങൾ -972, പ്രാണിജന്യ രോഗങ്ങൾ -2, മറ്റുള്ളവ -3 എന്നീ ക്രമത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

പട്ടിക 20

പകർച്ച വ്യാധികൾ

| വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 1993-94 | 118 | 314 | 1 | 1 |
| 1994-95 | 132 | 248 | 1 | 1 |
| 1995-96 | 126 | 410 | - | 1 |

പട്ടിക 21

കഴിഞ്ഞ നാലു വർഷങ്ങളിൽ

ആയുർവേദ ആശുപത്രിയിൽ ചികിൽസക്കെത്തിയ രോഗികളുടെ വിവരങ്ങൾ

| വർഷം | പുരുഷൻമാർ | സ്ത്രീകൾ | കുട്ടികൾ | ആകെ | ശരാശരി |
|---|---|---|---|---|---|
| 1992-93 | 4535 | 10282 | 3361 | 18178 | 50 |
| 1993 94 | 5086 | 8914 | 3543 | 17543 | 48 |
| 1994 95 | 4669 | 5985 | 2965 | 13619 | 37 |
| 1995 96 | 4254 | 9210 | 2918 | 16382 | 45 |

## പ്രശ്നങ്ങൾ സാധ്യതകൾ

ഗ്രാമസഭകളിൽനിന്നു വന്ന റിപ്പോർട്ടനുസരിച്ച് കൂരാച്ചുണ്ട് പഞ്ചായത്തിൽ 60 ശതമാനത്തോളം കുടുംബങ്ങളും സ്വന്തമായി കക്കൂസില്ലാത്തവരാണ്. സാമ്പത്തിക പരാധീനത, ആവശ്യകതയെക്കുറിച്ചുള്ള അജ്ഞത, ജലദൗർലഭ്യം ഇതെല്ലാമാണ് കാരണമായി പറയാവുന്നത്.

ദുർബലവിഭാഗങ്ങൾക്ക് കക്കൂസ് നിർമ്മിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം അനുവദിച്ച് സമയബന്ധിതമായി നടപ്പിൽ വരുത്തണം.

കക്കൂസിനുള്ള ടാങ്ക് നിർമ്മിക്കാൻ പാറകാരണം കഴിയാത്ത കോളനി പ്രദേശങ്ങളുണ്ട്. അവിടെ പൊതു ടേങ്കു നിർമ്മിക്കുന്നതിൽ ശ്രദ്ധിക്കണം.

കൂരാച്ചുണ്ട് ബസ്റ്റാൻറിലുള്ള പണിപൂർത്തിയായ കംഫർട്ട് സ്റ്റേഷൻ തുറന്നു കൊടുക്കണം.

മത്സ്യ മാർക്കറ്റിലെ മൽസ്യ വിതരണത്തിന് സമയം ക്ളിപ്തപ്പെടുത്തി നൽകണം. കേടായതും പഴകിയതുമായ മൽസ്യം വിൽപന നടത്തുന്നത് തടയണം.

അങ്ങാടികളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിന് ആവശ്യമായ വെയ്സ്റ്റ് ബോക്സുകൾ സ്ഥാപിക്കണം.

അറവു ശാലയിലെ മാലിന്യങ്ങൾ തോടുകളിലൊഴുക്കി ജലം മലിനമാക്കുന്നത് തടയണം.

കൊതുകു നിവാരണത്തിന് നടപടിയെടുക്കണം.

വളർത്തു നായ്ക്കളിൽ പ്രതിരോധ കുത്തിവെപ്പ് പേവിഷബാധയ്ക്കെതിരെ നിർബന്ധമാക്കുകയും അലഞ്ഞു തിരിയുന്ന നായകളെ യഥാസ്ഥാനങ്ങളിൽ കൊന്നൊടുക്കുകയും വേണം.

കോളനി പ്രദേശങ്ങൾ, വിശിഷ്യാ ആദിവാസി കോളനി പ്രദേശങ്ങൾ, താമസിക്കുന്നവർക്കായി പോഷകാഹാര വിതരണപരിപാടി നടപ്പിലാക്കണം.

നിലവിലുള്ള ആതുര ശുശ്രൂഷാ കേന്ദ്രങ്ങളുടെ സ്ഥിതി മെച്ചപ്പെടുത്തണം. ആവശ്യമായത്ര ജീവനക്കാരെ നിയമിക്കുകയും വേണ്ടത്ര സൗകര്യങ്ങളേർപ്പെടുത്തുകയും വേണം.

കക്കയം, കൂരാച്ചുണ്ട് എന്നിവിടങ്ങളിലെ പ്രൈമറി ഹെൽത്ത് സെൻററുകളിൽ കിടത്തി ചികിൽസിക്കുന്നതിനുള്ള സൗകര്യമൊരുക്കണം.

ഓരോ വാർഡിലും ഓരോ കുടുംബക്ഷേമ കേന്ദ്രം സ്ഥാപിക്കണം.

ഒരു ഹോമിയോ ഡിസ്പൻസറി സ്ഥാപിക്കണം.


ആകാശ് മോട്ടോർ പമ്പു സെറ്റുകളുടെയും
ഗ്രീവ്സ് മണ്ണെണ്ണ പമ്പുസെറ്റുകളുടെയും
കൂടാതെ പ്ലംബിംഗ് സാധനങ്ങളുടെയും
പേരാമ്പ്രയിലെ അംഗീകൃത വിതരണക്കാർ

# ഭാരത് എൻജിനീയറിംഗ് കമ്പനി

പേരാമ്പ്ര, **Phone : 250459**

# കുടി വെള്ളം പൊതുജനാരോഗ്യം

കൂരാച്ചുണ്ടിലെ ജനങ്ങൾ കൂടുതലും കുടിനീരിന് ഉപയോഗിക്കുന്നത് ഉറവകളാണ്. പാറക്കെട്ടുകളും കുന്നുകളും കൂടുതലായുള്ള സ്ഥലമായത് കൊണ്ട് കിണറുകളും കുളങ്ങളും എല്ലാ പ്രദേശങ്ങളിലും പ്രായോഗികമല്ല. കോഴിക്കോട് ജില്ലയിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന ഒരു പ്രദേശമാണ് കൂരാച്ചുണ്ട്. എന്നിട്ടും മാർച്ച് മുതൽ ജൂൺ 15 വരെ പല പ്രദേശങ്ങളിലും കുടിനീർ ക്ഷാമം അനുഭവപ്പെടുന്നുണ്ട്. ഈ സമയങ്ങളിൽ സർക്കാർ സഹായത്തോട് കൂടി ലോറികളിൽ ജല വിതരണം നടത്താറുണ്ട് .എല്ലാ വർഷവും ഭീമമായ സംഖ്യ ചിലവഴിച്ചു കൊണ്ട് താത്ക്കാലിക സംവിധാനം ഏർപ്പെടുത്താറുണ്ടെങ്കിലും ശാശ്വതമായ പരിഹാരങ്ങൾക്കാവശ്യമായ ഒന്നും തന്നെ ദീർഘവീക്ഷണത്തോടെ നടപ്പാക്കിയിട്ടില്ല. ഈപഞ്ചായത്തിൽ പൊതു കിണറുകൾ 13 എണ്ണവും കുഴൽക്കിണർ 8 എണ്ണവും നിലവിലുണ്ട്. ഈപഞ്ചായത്തിൽ പൊതുജലവിതരണ സംവിധാനം നിലവിലില്ല.

1. കണ്ണാടിപ്പാറ,പുളിവയൽ കോളനി,കോയിപ്പറമ്പ് കോളനി, ശങ്കരവയൽ കോളനി-

   പുളിവയൽ ഭാഗത്ത് കുളം കുഴിച്ച് മോട്ടോറിന്റെ സഹായത്തോടുകൂടി ജലവിതരണം നടത്താവുന്നതാണ്.

2. കൂരാച്ചുണ്ട് അങ്ങാടി, മാതൃകാ അംങ്കണവാടി, കണിയാമ്പാറ കോളനി-

   ഈസ്ഥലങ്ങളിലെ ജലക്ഷാമം പരിഹരിക്കാൻപഞ്ചായത്തുവക സ്ഥലത്ത് കിണർനിർമിക്കുകയും അങ്ങാടിയിലുള്ള കിണർ ആഴം വർദ്ധിപ്പിക്കുകയും ചെയ്ത് വെള്ളം പമ്പു ചെയ്താൽ ജലക്ഷാമം പരിഹരിക്കുവാൻ കഴിയും.

3. കാളങ്ങാലി നാലുസെൻറ് കോളനി-

   നിലവിലുള്ള കിണർ നവീകരിച്ച് ഉപയോഗിക്കാവുന്നതാണ്.

4. പാൽ സൊസൈറ്റി കോളനി, ചെരിയംപുറം കോളനി-

   ചെരിയം പുറത്ത് എന്ന സ്ഥലത്ത് കുളം നിർമിച്ച് പമ്പ് ചെയ്ത് പരിഹരിക്കാവുന്നതാണ്.

5. പനച്ചിക്കൽ കോളനി, അമ്പലപ്പാറ-

   ആ പ്രസ്തുത പ്രദേശത്ത് പഞ്ചായത്തിന് സ്വന്തമായി കിട്ടിയകുളം വികസിപ്പിച്ച് മോട്ടോർ ഉപയോഗിച്ചാൽപ്രശ്നം പരിഹരിക്കാവുന്നതാണ്.

6. മണ്ടോപ്പാറ കോളനി-

   കിണർ നർമ്മിക്കുവാൻ നടപടികൾ സ്വീകരിച്ചാൽ ജല ദൗർലഭ്യം പരിഹരിക്കാവുന്നതാണ്

7. പോലീസ് സ്റ്റേഷൻ കോളനി-

   നിലവിലുള്ള കിണറിന് ആഴം കൂട്ടി ജലവിതരണം ശക്തിപ്പെടുത്താം.

8. 30 - ാം മൈൽ 4 സെൻറ് കോളനി, ലക്ഷം വീട് കോളനി, തുവ്വക്കടവ് ഭാഗം,കക്കയം മലഭാഗം-

ഉരക്കുഴിയിൽ നിന്നും ഊർജമില്ലാതെ പൈപ്പ്
മാത്രം ഉപയോഗിച്ച് കുടിനീർ പ്രശ്നം പരിഹരിക്കാം.

9. 27 ാം മൈൽ-

ജലശേഖരമുള്ള ഭൂവുടമകളുടെ സ്ഥലത്ത് കുളം
നിർമിച്ച് ജലവിതരണം നടത്താം.

10. 28ാം മൈൽ-

ഇവിടെ പാസാക്കിയിട്ടുള്ള കുഴൽ കിണർ
നിർമിച്ചാൽ അവിടുത്തെ കുടിനീർ പ്രശ്നം
പരിഹരിക്കാം.

11. മുത്താച്ചിപ്പാറ കോളനി-

സ്ഥലത്തെ ഭൂവുടമകളുടെ സഹായത്തോടെ
കുളം നിർമിച്ച് ജലവിതരണം നടത്താവുന്നതാണ്.

12. 28ാം മൈൽ ലക്ഷം വീട് കോളനി-

പഞ്ചായത്തിലേക്ക് വാഗ്ദാനം ലെഭിച്ചിട്ടുള്ള
സ്ഥലം ഉപയോഗപ്പെടുത്തി ജലവിതരണത്തിനുള്ള നടപടികൾ
സ്വീകരിക്കാവുന്നതാണ്.

13. പാറയിൽ കോളനി 6ാം വാർഡ്-

പഞ്ചായത്തിന് വാഗ്ദാനം ലഭിച്ച സ്ഥലത്ത്
കുളം നിർമിച്ച് കുടിവെള്ള പ്രശ്നം പരിഹരിക്കാം.

14. കല്ലാനോട് നാലുസെൻറ് കോളനി-

പഞ്ചായത്തിന് ലഭിച്ച സ്ഥലത്ത് കുളം നിർമിച്ച് ജലക്ഷാമം
പരിഹരിക്കാം.

15. ലക്ഷം വീട് കോളനി കല്ലാനോട്-

ഇറിഗേഷൻ ഭൂമിയിൽ കിണർ നിർമിച്ച്
മോട്ടോർ ഉപയോഗിച്ച് ജലവിതരണം നടത്താം.

16. 7 ാം വാർഡ് മണ്ണൂപൊയിൽ-

ചാലിടം, കാപ്പുമ്മൽ കുന്ന് വയലിടയിൽനിന്ന്ഊർജമില്ലാതെ
പൈപ്പുപയോഗിച്ച് ജലവിതരണം നടത്താം.

17. പൊറാളി കോളനി പുളിക്കണ്ടിപ്പാറ, ആനപ്പാറക്കണ്ടി-

പൂവത്താം കുന്നിൽ നിലവിലുള്ള നീരുറവ
ഉപയോഗപ്പെടുത്തിയാൽ ജലക്ഷാമം പരിഹരി
ക്കാവുന്നതാണ്. കക്കുഴിഭാഗത്ത് കുളം നിർമിച്ചും
ഈപ്രശ്നം പരിഹരിക്കാം.

18. കണിയാം പാറ- പതിയിൽ ക്കുളവും ജല വിതരണത്തിന് ഉപയോഗിക്കാം.

19. കാററുള്ളമല- കാററുള്ളമലയിൽലഭ്യമായ ജലസ്രോതസുകളിൽനിന്നുള്ള സൗകര്യം ഉപയോഗിച്ചാൽ ആഭാഗങ്ങളിലുള്ള ജല ദൗർലഭ്യം പരിഹരിക്കാം.

20. കൊടിയനാർ മല ഈ സ്ഥലത്തിനടുത്തുള്ള പ്രകൃതി സ്രോതസിൽനിന്നും പൈപ്പ് ഉപയോഗിച്ചാൽ പ്രശ്നത്തിന്പരിഹാരമാകും

21.പൊന്നുണ്ടമല ആപ്രദേശത്തുള്ള നീരുറവ ഉപയോഗിച്ച് ജലവിതരണം നടത്തുവാൻ സാധിക്കും ഒരു ബണ്ട് നിർമ്മിക്കേണ്ടി വരും

22.താക്കോലായ്മല മലയിലുള്ള നീരുറവ് വികസിപ്പിച്ചെടുത്താൽ ജലക്ഷാമം പരിഹരിക്കാം

23.കാറ്റുള്ള മല മുകൾഭാഗം നമ്പികുളം ഭാഗത്ത് നിലവിലുള്ള കുളം നവീകരിച്ച് ഹോസ്മുഖേന വെള്ളം വിതരണം നടത്താവുന്നതാണ്.

24.വട്ടച്ചിറ കോളനി വട്ടച്ചിറ തോടിൻെറ അരകിൽ കിണർ കുഴിച്ചാൽ മോട്ടോർ ഉപയോഗിച്ചാൽ ജല വിതരണം നടത്താം.

25.മെതിയടിപ്പാറ കുഴൽക്കിണർ സ്ഥാപിക്കുക മാത്രമേ പരിഹാരമുള്ളു.

കൂരാച്ചുണ്ട് പഞ്ചായത്തിലെ അഞ്ചാം വാർഡിൻെറ കിഴക്ക് മാറി സ്ഥിതി ചെയ്യുന്ന ഉരക്കുഴിയുടെ സമീപത്തു നിന്ന് പൈപ്പ് മുഖേന ഊർജ്ജത്തിൻെറ സഹായമില്ലാതെ വെള്ളം ഒഴുക്കിക്കൊണ്ടു വന്ന് ടാങ്കിൽ ശേഖരിക്കുകയാണെങ്കിൽ കൂരാച്ചുണ്ട് പഞ്ചായത്തു മുഴുവൻ ശുദ്ധജലം വിതരണം ചെയ്യാൻ സാധിക്കും. ഈ നിർദേശം ഗ്രാമസഭകളിൽ സജീവമായി ചർച്ചചെയ്യപ്പെട്ടതാണ്.


കല്ല്യാണ വസ്ത്രങ്ങൾക്കും

വർണ്ണ ശബളമായ പുതുപുത്തൻ വസ്ത്രശേഖരങ്ങൾക്കും

# ഫാഷൻ സെൻെറർ

പോലീസ് സ്റ്റേഷനു മുൻവശം

പേരാമ്പ്ര

# ഗതാഗതം

1940 കളിൽ തിരുവിതാംകൂറിന്റെ മദ്ധ്യ ഭാഗങ്ങളിൽ നിന്ന് കുടിയേറിയ കർഷകമക്കൾ കോഴിക്കോട്ടു നിന്ന് കരിഗ്യാസ് വണ്ടികളിൽ പേരാമ്പ്ര എത്തി കരികുളം അമ്പായപ്പാറ വഴി ദർഭപ്പുല്ലും തൊട്ടാവാടിയും തള്ളിനീക്കി ഏതാണ്ട് ഒരു ദിവസത്തെകാൽ നട വഴി കൂരാച്ചുണ്ടിൽ എത്തി ച്ചേർന്നിരുന്നു. പിന്നീട് കുളത്തുവയലിലും, കൂരാച്ചുണ്ടിലും പള്ളികളും മറ്റു നിർമ്മിക്കുകയും പ്രസ്തുത പള്ളികളിൽ വികാരിമാരായി വന്ന ഫാദർ തോമസ് ആയല്ലൂർ, ഫാദർ വർഗ്ഗീസ് തയ്യിൽ എന്നിവരുടെ നേതൃത്വത്തിൽ പേരാമ്പ്ര – കൂരാച്ചുണ്ട്, കൂരാച്ചുണ്ട് – ബാലുശ്ശേരി, തലയാട് – കരിയാത്തുംപാറ, കൂരാച്ചുണ്ട് കരിയാത്തുംപാറ എന്നീ റോഡുകൾ കുടിയേറ്റ കർഷകരെ സംഘടിപ്പിച്ച് നൂറു ശതമാനവും ശ്രമദാനമായി വെട്ടിയുണ്ടാക്കി. കുടിയേറ്റം ശക്തമായതോടെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് പുതിയ പുതിയ റോഡുകൾ കുടിയേറ്റ ജനത തന്നെ കൂട്ടായ അദ്ധ്വാനത്തിലൂടെ വെട്ടിത്തുറന്നു.

കുറ്റിയാടി H.E. പ്രൊജക്ടിന്റെ നിർമ്മാണവുമായി ബന്ധപ്പെടുത്തി എസ്റ്റേറ്റ് മുക്കിൽ നിന്ന് കക്കയം ഡാം സൈറ്റ് വരെ ഈ പഞ്ചായത്തിൽ ആദ്യമായി ടാർ റോഡ് നിർമ്മിക്കപ്പെട്ടു. പിന്നീട് ചെമ്പ്ര പുഴക്ക് പാലം തീർന്നതോടുകൂടി കൂരാച്ചുണ്ടിലേക്ക് ടാർ ചെയ്ത റോഡ് നീളുകയും കൂരാച്ചുണ്ട് പാലത്തിന്റെ നിർമ്മാണത്തോടു കൂടി പേരാമ്പ്ര കൂരാച്ചുണ്ട് റോഡ് പൂർണ്ണമായും ഗതാഗത യോഗ്യമായി തീരുകയും ചെയ്തു.

കൂരാച്ചുണ്ടിൽ നിന്ന് കല്ലാനോട് ഭാഗത്തേക്കും അവിടെ നിന്ന് 28-ാം മൈൽ പ്രദേശത്തേക്കും ടാർ റോഡുകൾ നിർമ്മിച്ചു. ബാലുശ്ശേരി– കൂരാച്ചുണ്ട് റോഡിൽ മഞ്ഞപ്പാലവും കൈതക്കൊല്ലി പ്പാലവും നിർമ്മിച്ച് ടാറിങ്ങ് പണി പൂർത്തിയാക്കി. ബാലുശ്ശേരി കൂരാച്ചുണ്ട് റോഡ് ഗതാഗത യോഗ്യമായി.

ഇപ്പോൾ കൂരാച്ചുണ്ട് പഞ്ചായത്തിൽ താഴെ പട്ടികയിൽ ചേർത്ത വിധം 45.250 കി. മീ. ടാർ റോഡും 3.900 കി. മീ മെറ്റൽ റോഡും 77.160 കച്ചാ റോഡും നിലവിൽ ഉണ്ട്.

**പട്ടിക 22**

| റോഡുകളുടെ സ്ഥിതി വിവരം വാർഡ് അടിസ്ഥാനത്തിൽ | | | |
|---|---|---|---|
| വാർഡ് | ടാർ | മെറ്റൽ | കച്ച |
| 1 | 6km | 1.400km | 6km |
| 2 | .800km | .500km | 4.350km |
| 3 | 2km | – | 5.670km |
| 4 | 21km | – | 7.950km |
| 5 | 4.500 | 2km | 8.200km |
| 6 | 3km | – | 9.430km |
| 7 | 2km | – | 13.520km |
| 8 | 4km | – | 10.850km |
| 9 | 4km | – | 11.190km |
| ആകെ | 45.250km | 3.900km | 77.160km |

നിലവിലുള്ള കച്ചാറോഡുകളും മെറ്റൽ റോഡുകളും ടാർചെയ്ത് ഗതാഗത യോഗ്യമാക്കേണ്ടത് ഈ പഞ്ചായത്തിന്റെ പുരോഗതിക്ക് വളരെ അത്യാവശ്യമാണ്. ഇപ്പോൾ പഞ്ചായത്തിലുള്ള 45.250km ടാർ റോഡിൽ 14.820km റോഡ് മാത്രമെ PWD വഴിയും മറ്റു ഏജൻസികൾ വഴിയും പണി കഴിപ്പിച്ചിട്ടുള്ളൂ. ബാക്കിയുള്ളവ കക്കയം H.E. പ്രൊജക്ട് കുറ്റ്യാടി ഇറിഗേഷൻ പ്രൊജക്ട് എന്നിവയുടെ ആവശ്യാർത്ഥം നിർമ്മിക്കപ്പെട്ടവയാണ് ബാക്കിറോഡുകളിൽ J.R.Y. അൺ ടെയ്ഡ് എന്നിവയിൽപ്പെടുത്തി വളരെ കുറഞ്ഞഅളവിൽ മാത്രമെ മെറ്റിലിംഗ് ചെയ്യാൻ സാധിച്ചിട്ടുള്ളൂ.

ഈ പഞ്ചായത്തിലുള്ള 77.160 കി.മീ. കച്ചാ റോഡ് മുഴുവൻ തന്നെ ജനങ്ങൾ കൂട്ടായ് വെട്ടി ഉണ്ടാക്കിയവയാണ് എന്നാൽ സാഹസികമായ കുടിയേറ്റവും സംഘടിതമായ റോഡുവെട്ടലും കഴിഞ്ഞ് 50 ഏറെ വർഷങ്ങൾ പിന്നിട്ടെങ്കിലും റോഡുകളുടെ വികസനത്തിന്റെയും മറ്റും കാര്യത്തിൽ ഗവർമേണ്ടിന്റെ ഭാഗത്തുനിന്ന് കാര്യമായ പ്രവർത്തനങ്ങൾ ഈ പ്രദേശത്തു ലഭിച്ചിട്ടില്ല.

## പ്രശ്നങ്ങൾ

1. ഈ പഞ്ചായത്ത് മലനിരകൾ നിറഞ്ഞതും വളരെ വിസ്തൃതവും ആണ്. റോഡുകൾക്കു ദൈർഘ്യം കൂടുതലും റോഡുനിർമ്മാണം വളരെ ശ്രമകരവും ആണ്.

2. വെട്ടിയുണ്ടാക്കിപ്പടുത്ത റോഡുകൾ തന്നെ മലവെള്ളപ്പാച്ചിലിൽ ഓരോ വർഷവും നഷ്ടപ്പെടുകയും എല്ലാവർഷവും പുനർ നിർമ്മിക്കേണ്ട അവസ്ഥയുമാണ്. തന്മൂലം അതിഭീമമായ അദ്ധ്വാനവും സാമ്പത്തിക ബാധ്യതയും ഉണ്ടാകുന്നു. പലവാർഡുകളിലും ഗതാഗത യോഗ്യമായ റോഡുകൾ ഇല്ലെന്നു തന്നെ പറയാം.

നിലവിലുള്ള റോഡുകൾ തന്നെ കാലാകാലങ്ങളിൽ കേടുപാടുകൾ തീർക്കുകയോ റി ടാറിംഗ് നടത്തുകയോ ചെയ്യാത്തതിനാൽ വാഹനഗതാഗതം വളരെ ഏറെ ദുഷ്ക്കരം ആണ്.

വളരെ ഏറെ യാത്രക്കാർ ഈ പഞ്ചായത്തിൽ ഉണ്ടെങ്കിലും ബസ്കാത്തുനിൽക്കുന്നതിന് വെയിറ്റിംഗ് ഷെഡുകളും മറ്റും ഈ പ്രദേശത്തില്ല. വേണ്ടത്രയില്ല റോഡുമാർഗ്ഗം മാത്രമെ ഈ പഞ്ചായത്തിൽ യാത്രാസൗകര്യം ഉള്ളു. അതുകൊണ്ട് റോഡുകളുടെ നിർമ്മാണവും വികസനവും പഞ്ചായത്തിനെ സംബന്ധിച്ച് പരമപ്രധാനം ആണ്. കോഴിക്കോട് വയനാട്, വടകര മുതലായ ഭാഗങ്ങളിലേക്ക് യാത്രചെയ്യുന്നവർ ധാരാളം ഉണ്ടെങ്കിലും ആവശ്യമായ പൊതു വാഹനങ്ങൾ ഈ റൂട്ടുകളിൽ ഓടുന്നില്ല.

കൂരാച്ചുണ്ടിലേയ്ക്കുള്ള എല്ലാറോഡുകളും തന്നെ മലനിരകളിൽ കൂടിയുള്ളതാണ് അതിനാൽ ലോറികളും മറ്റും നിശ്ചിത അളവിൽ ലോഡ് വെച്ച് ഓടിക്കാൻ കഴിയുന്നില്ല.

## പരിഹാരമാർഗ്ഗം

പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളാൽ റോഡ് നിർമ്മിക്കുന്നതും നിലനിർത്തുന്നതും ഭാരിച്ച പണച്ചെലവുള്ള കാര്യമാണ്. പഞ്ചായത്തിന്റെ പരിമിതമായ സാമ്പത്തിക സാദ്ധ്യതകൾ ഉപയോഗിച്ച് റോഡുകളുടെ പണി പൂർത്തീകരിക്കാൻ സാദ്ധ്യമല്ല. അതുകൊണ്ട് പഞ്ചായത്തിലെ റോഡുകൾ സംസ്ഥാന ഗവൺമെണ്ടും ജില്ലാ പഞ്ചായത്തും പ്രത്യേക പരിഗണനകൊടുത്ത് നിർമ്മിക്കുകയും പരിരക്ഷിക്കുകയും ചെയ്യേണ്ടതാണ്.

റോഡ് നിർമ്മിക്കുന്നതിനോടൊപ്പം തന്നെ ഡ്രൈനേജ് സൗകര്യങ്ങൾ നിർബന്ധമായും ഏർപ്പെടുത്തേണ്ടതാണ്.

റോഡ് റിപ്പേറിങ്ങും, പുനർനിർമ്മാണവും യഥാകാലങ്ങളിൽ നടത്തുകയും ചുരം റോഡുകൾ സംരക്ഷിക്കുന്ന പരിഗണന ഈ പ്രദേശത്തുള്ള റോഡുകൾക്കും കൊടുക്കേണ്ടതുമാണ്.

റോഡുകളിൽ കയറ്റം കൂടിയ ഭാഗങ്ങളിൽ റോഡ് ലൈൻ മാറ്റിയും ചുരം റോഡിന്റെ സാങ്കേതിക വിദ്യകൾ ഉപയോഗിച്ചും നിശ്ചിത അളവിലുള്ള ലോഡുകൾ കയറ്റി പോകത്തക്ക വിധം റോഡുകൾ പുനഃസംവിധാനം ചെയ്യേണ്ടതാണ്.

അത്യാവശ്യമായ ഭാഗങ്ങളിൽ വെയിറ്റിംഗ് ഷെഡുകൾ നിർമ്മിക്കുകയും ബസ് സ്റ്റാന്റ് വികസിപ്പിച്ച് ബസുകൾ പാർക്ക് ചെയ്യുന്നതിനു വേണ്ട സൗകര്യം ഏർപ്പെടുത്തേണ്ടതുമാണ്.

കോഴിക്കോട്, വയനാട്, വടകര എന്നീ ഭാഗങ്ങളിലേയ്ക്കും എറണാകുളം, തിരുവനന്തപുരം, കോട്ടയം, പാല എന്നീ ദീർഘദൂര സ്ഥലങ്ങളിലേയ്ക്ക് K.S.R.T.C ബസുകൾ ഏർപ്പെടുത്തേണ്ടത് ഒഴിച്ചുകൂടാൻ പാടില്ലാത്ത ആവശ്യമാണ്.

9-ാം പദ്ധതി ജനകീയ ആസൂത്രണം നടപ്പിലാക്കുന്നതുകൊണ്ട് ഒരു പരിധിവരെയെങ്കിലും പ്രശ്നങ്ങൾ പരിഹരിക്കപ്പെടും എന്ന പ്രതീക്ഷയിലാണ് ജനങ്ങളും ഭരണസമിതിയും.

# ഗതാഗതം

## വാർഡ് 1

1. കൂരാച്ചുണ്ട് കണ്ണാടിപ്പാറ റോഡിന്റെ ടാറിംഗ് പ്രവത്തി പൂർത്തീകരിക്കുക.

2. പുളിവയൽ - പുളിവയൽ ഹരിജൻ കോളനി - ശങ്കര വയൽ റോഡിന്റെ പ്രവൃത്തി

3. ശങ്കര വയൽ മിച്ചഭൂമി റോഡ്

4. P.W.D. റോഡടക്കം എല്ലാ റോഡുകളു ടെയും ഡ്രയിനേജ് പ്രവർത്തി.

5. കാളങ്ങാലി കൂട്ടുങ്കൽ താഴെ റോഡ് വിപു ലീകരിക്കുക.

6. കണ്ണാടിപ്പാറ – നരിനട റോഡ് നവീകരി ക്കുക.

7. മറുമണ്ണ് – കണ്ണാടിപ്പാറ റോഡ് നവീകരി ക്കുക.

8. ശങ്കരവയൽ – നരിനട അമ്പലം – നരിനട റോഡ്

9 ചെരിയും പുറത്ത് താഴെ – വട്ടക്കണ്ടി – പെരുങ്കൈത റോഡ്

## വാർഡ് II നവീകരണ റോഡുകൾ

1. ഹൈസ്കൂൾ റോഡ്.

2. കൂരാച്ചുണ്ട് മൂന്നാം മുക്ക് റോഡ്.

3. പനേവയൽ – ശങ്കരവയൽ റോഡ്

4. ഗവൺമെന്റ് ഹോസ്പിറ്റൽ റോഡ്.

5. ഇടക്കരോട്ടു മുക്ക് ചക്കിട്ടപ്പാറ റോഡ്

6. കൂട്ടുങ്കൽ താഴെ– ഓട്ടപ്പാലം എർത്ത് ഡാം റോഡ്

7. തുണ്ടിയിൽ താഴം – ആറാം ബെണ്ട് 8ാം ബണ്ട് റോഡ്.

8. കാളങ്ങാലി നാലു സെന്റ് റോഡ്

9. കൈതക്കൊല്ലിയിൽ നിന്നും പേരാമ്പ്രയി ലേക്ക് ബൈപ്പാസ് റോഡ് നിർമ്മിക്കാവുന്നതാണ്.

## IIIാം വാർഡ് നവീകരണം ആവശ്യമായത്

1. ഒടു കുഴി – പൂവത്തുംചോല റോഡ്

2. ഓട്ടപ്പാലം – കണിയാറാകത്ത് താഴെ – വെട്ടിക്കുഴി ജംഗ്ഷൻ – മണ്ഡോപ്പാറ ഹെൽത്ത് സെന്റർ റോഡ്.

3. ഓട്ടപ്പാലം – എട്ടാംബണ്ട് – ഇറിഗേഷൻ സ്ഥലം.

4. ഓട്ടപ്പാലം പള്ളത്ത് കോളനി റോഡ്.

5. സ്റ്റേഷൻ കോളനി റോഡ് – താമരശ്ശേരി താഴെ റോഡ്

6. സ്റ്റേഷൻ ജംഗ്ഷൻ ഉണത്തും ചാൽ നട പ്പാത.

7. കളറുകുഴി – ഒറ്റപ്ളാക്കൽ താഴെ റോഡ്

## IV–ാം വാർഡ്

1. കക്കയം – മുതുക്കാട് റോഡ് പൂർത്തീകരി ക്കുക.

2. 30–ാം മൈൽ തൂവ്വക്കടവ് റോഡ്

3. J.T. ജോർജ്ജ് റോഡ്

4. ഡാം സൈറ്റ് – നരിയോട് റോഡ് (7 1/2 കി.മീ)

5. കക്കയം ആദിവാസി കോളനി – അമ്പല ക്കുന്ന് പഞ്ചായത്ത് റോഡ്.

6. ലക്ഷം വീട് – സുജ സ്മാരക റോഡ് നവീ കരിക്കുക.

## V-ാം വാർഡ്

1. 27ാം മൈൽ മണിച്ചേരി റോഡ് നിർമ്മിക്കുക.

2. 28ാം മൈൽ പേരിയ റോഡ് നിർമ്മിക്കുക.

## നവീകരണം ആവശ്യമായ റോഡ്

1. 27ാം മൈൽ കല്ലാനോട് റോഡ്

2. കരിയാത്തംപാറ – മീൻമുട്ടിറോഡ്

3. 28ാം മൈൽ ലക്ഷം വീട് – കരിയാത്തം പാറ റോഡ്

4. കല്ലാനോട് – മുത്തശ്ശിപ്പാറ റോഡ്

5. കല്ലാനോട് – നടത്തിൽ താഴെ അങ്കണവാടി 27ാം മൈൽ റോഡ്.

## VI-ാം വാർഡ്

1. 27–ാം മൈൽ കല്ലാനോട് റോഡ്

2. ഇല്ലിപ്പ്ലായി – മണിച്ചേരി റോഡ് (N.R.E.P)

3. കല്ലാനോട് കോൺവെന്റ് റോഡ്

4. പുതിയിട്ടയിൽ താഴെ – മണിച്ചേരി റോഡ്

5. കല്ലാനോട് തൂവ്വകടവ് റോഡ്

6. പൂവത്തിൽ ചോല– താന്നിയാം കുന്ന് – കോടക്കുന്ന് റോഡ്.

7. പൂവത്തും ചോല– കുറുവത്താഴെ – NREP

ലിങ്ക്റോഡ്

8. കല്ലാനോട് - ലക്ഷം വീട് കോളനി റോഡ്

9. കല്ലാനോട് - കാനാട്ട് താഴെ - മണ്ഡോപ്പാററോഡ്

## പുതിയ റോഡുകൾ

1. കല്ലാനോട് - മണിച്ചേരി ആദിവാസി കോളനി റോഡ്

2. കല്ലാനോട് താഴെ അങ്ങാടി - തൂവ്വക്കടവ് റോഡ്

3. കല്ലാനോട് - നാലുസെന്റ് കോളനി - തൂവ്വക്കടവ് റോഡ്

4. മണ്ടോപ്പാറ - ബൈപ്പാസ് റോഡ്

## VII-ാം വാർഡ്

### നവീകരിക്കേണ്ട റോഡ്, നടപ്പാത

1. പൂവ്വത്തും ചോല - കോട്ടക്കുന്ന് - വയലട റോഡ്, മണ്ണുപൊയിൽ - വട്ടച്ചിറ - വയലിട റോഡ്, വട്ടച്ചിറ വയലിട റോഡ്.

2. ചാലിടം - മണ്ണൂപ്പൊയിൽ നടപ്പാത റോഡാക്കി മാറ്റുക.

3, കുറുപത്താഴെ– വഴി അച്ചാർ കമ്പനി റോഡ്

4. കാരക്കുന്നുമ്മൽ താഴെ - വട്ടച്ചിറ റോഡ്

5. V.C.K മുക്കിൽ നിന്നു ചാലിടത്തേക്കുള്ള നടപ്പാത നിർമ്മാണം.

## VIIIാം വാർഡ് നവീകരിക്കേണ്ടത്

1. കുരിശുപള്ളി - കക്കുഴി താഴെ - മുളവട്ടം കടവ് റോഡ്

2. കൈതക്കൊല്ലി - ഓഞ്ഞിൽ റോഡ് 3. ഓഞ്ഞിൽ വെങ്കിട്ടതാഴെ റോഡ്

4. അംഗൻവാടി ഓഞ്ഞിൽ റോഡ് 5. പൊറാളി - കുരിശുപള്ളി - ആനപ്പാറക്കണ്ടി റോഡ്

6. പൊറാളി - പൂവത്താംകുന്ന് റോഡ്

7. പത്തേട്ട് താഴെ മുത്തശ്ശിപ്പാറ റോഡ്

### പുതിയ റോഡുകൾ

1. പതിയിൽ - പുതിയേടത്ത് - പേഴുംകാട്ടിൽ താഴെ - ഓഞ്ഞിൽ റോഡ്

2. ഇളംപ്ളാശേരി താഴെ - പൂവത്താംകുന്ന് റോഡ്

## IXാം വാർഡ് നവീകരിക്കേണ്ടത്

1. എരപ്പാംതോട് - കാറ്റുള്ള മലനമ്പിക്കുളം

2. കാറ്റുള്ള മല - വയർലസ് സ്റ്റേഷൻ

3. വട്ടച്ചിറ - പൊന്നുണ്ടമല റോഡ്

4. എരപ്പാംത്തോട് - ശ്മശാനം റോഡ്

5. വട്ടച്ചിറ ആനപ്പാറക്കണ്ടി റോഡ്

6. വട്ടച്ചിറ ഇടിഞ്ഞക്കുന്ന് റോഡ്

7. എരപ്പാംത്തോട് - മൈതിയടിപ്പാറ റോഡ്

8. പൊന്നുണ്ട മല - താക്കോലായ്മല

9. നിർമല യു.പി. സ്കൂൾ ഊളേരി

10. പതിയൻ കന്നിയാം പാറ റോഡ്

11. വട്ടച്ചിറ വയലിട റോഡ്

12. കാറ്റുള്ള മല - ലക്ഷംവീട് കോളനി റോഡ്

13. വട്ടച്ചിറ - കുരിശു പാററോഡ്

### നടപ്പാത നിർമ്മിക്കേണ്ടതാണ്

1. കാറ്റുള്ള മല റോഡിൽ - പുളിക്കൽ ജോസഫിന്റെ റോഡുമുതൽ ഏറത്തു വീട് വരെ.

2. പതിയിൽ - കണിയാമ്പാറ റോഡിൽ കോളനിയിലേക്ക് യാത്രാ സൗകര്യം ഉണ്ടാക്കണം.

### ഗതാഗത യോഗ്യമല്ലാത്ത റോഡ്

1. ശ്മശാനം - താക്കോലായ്മല

2. ഇടിഞ്ഞകുന്ന് - തോരാട്.

# ഊർജ്ജം

കുടിയേറ്റ മേഖലയായ കൂരാച്ചുണ്ട് പഞ്ചായത്തിലെ ജനങ്ങൾ ലോഭമില്ലാതെ വിറക് ഉപയോഗിച്ച് ശീലിച്ചവരാണ്. ഇവിടെ ഇന്നും പ്രധാന ഊർജ്ജ സ്രോതസ്സ് വിറകുതന്നെയാണ്. ആധുനികതയുടെ സിമ്പലുകളായ ഗ്യാസ് അടുപ്പുകൾ വാങ്ങുന്നത് ഒരു ഫാഷനായി തീർന്നിട്ടുണ്ട്. ചുരുക്കം ചിലർ മണ്ണെണ്ണ സ്റ്റൗവും ഉപയോഗിക്കുന്നു. വീടുകളിൽ വെളിച്ചത്തിന് ഭൂരിപക്ഷമാളുകളും മണ്ണെണ്ണവിളക്കുകൾ തന്നെ ഉപയോഗിക്കുന്നു. മലബാറിലെ ഏക ജലലൈദ്യുത ഉല്പാദനകേന്ദ്രം ഈ പഞ്ചായത്തിലാണ്. കുറ്റ്യാടി H.E പ്രൊജക്ട്. അതിന്റെ ശേഷി പരമാവധി വർദ്ധിപ്പിക്കാനും, ഉപഘടകങ്ങൾ ഉണ്ടാക്കേണ്ടതും അത്യാവശ്യമാണ്. വൈദ്യുതി കണക്ഷൻ ഉള്ള വീടുകളുടെ വിവരം പട്ടികയിൽ പെടുത്തിയിരിക്കുന്നു. ഇന്നും കൃഷിക്കാർ അധികവും അവരുടെ പമ്പ് സെറ്റുകളും മറ്റും പ്രവർത്തിപ്പിക്കുന്നത് ഡീസൽ, മണ്ണെണ്ണ എന്നിവ ഉപയോഗിച്ചാണ്. കാരണം കരന്റു കണക്ഷൻ കിട്ടാനുള്ള പ്രയാസവും താമസവും. 1977–74 കാലഘട്ടത്തിലാണ് കല്ലാനോട്, കൂരാച്ചുണ്ട് പ്രദേശങ്ങൾ വൈദ്യുതീകരിക്കപ്പെട്ടത്. 3612 വീടുകളുള്ള പഞ്ചായത്തിൽ 1318 വീടുകൾ മാത്രമെ വൈദ്യുതീകരിക്കപ്പെട്ടിട്ടുള്ളൂ എന്നതാണ് യാഥാർത്ഥ്യം. 6 ഹരിജൻ കോളനികളും 3 ലക്ഷം വീട് കോളനികളും നമ്മുടെ പഞ്ചായത്തിൽ വൈദ്യുതീകരിക്കപ്പെടേണ്ടതായിട്ടുണ്ട്. വളരെ വിശാലമായ നമ്മുടെ പഞ്ചായത്തിൽ കേവലം ട്രാൻസ്ഫോമറുകൾ മാത്രമേ ഉള്ളൂ. എന്നതാണ് വസ്തുത ചുരുക്കം ചില ബയോഗ്യാസ് പ്ളാന്റുകളും നമ്മുടെ പഞ്ചായത്തിൽ ഉണ്ട്.

**പട്ടിക 23**

| നിലവിലുള്ള വൈദ്യുതി ഉപഭോക്താക്കളുടെ എണ്ണം<br>വൈദ്യുതി ഉപഭോക്താക്കളുടെ എണ്ണം<br>സട്രീറ്റ് ലൈറ്റുകളുടെ എണ്ണം | |
|---|---|
| a ഗാർഹികം 1365 | ബൾബ് 87 |
| b വ്യാപാരം 702 | മെർക്കുറി ലാമ്പ് 12 |
| c വ്യവസായം 13 | സോഡിയം |
| d കാർഷികം | വേപ്പർ ലാമ്പ് |

**പട്ടിക 24**

| പഞ്ചായത്ത് പരിധിയിലെ ട്രാൻസ്ഫോർമറുകളുടെ എണ്ണം | |
|---|---|
| 1. കരിയത്തും പാറ<br>2. കല്ലാനോട്<br>3. ഒടിക്കുഴി<br>4. കൂരാച്ചുണ്ട്<br>5. കൂരാച്ചുണ്ട്<br>6. പതിയിൽ<br>7. കാറ്റുള്ളമല<br>8. കേളോത്തുവയൽ | സട്രീറ്റ് ലൈറ്റിനു വേണ്ടി പ്രതമാസം അടയ്ക്കുന്ന തുക 1058/R |
| 1995–96 കാർഡ് ഉടമകൾക്ക് 14500 ലിറ്റർ 71 മണ്ണെണ്ണ പെർമിറ്റുകൾക്കായി 5942 ലിറ്റർ മണ്ണെണ്ണയും നമ്മുടെ പഞ്ചായത്തിൽ വിതരണം നടത്തി | |

## പ്രശ്നങ്ങൾ

1. വിറകിന്റെ അമിതമായ ഉപയോഗം പരിക്ഷത്ത് അടുപ്പുകൾ സ്വീകരിക്കാനുള്ള വിമുഖത.

2. ആവശ്യത്തിനു മണ്ണെണ്ണ ഗ്യാസ് കണക്ഷൻ, ഡീസൽ ഇവ ലഭിക്കായ്ക ഇവയുടെ വില വർദ്ധനവ്.

3. ഭൂപ്രകൃതിയുടെ പ്രത്യേകതമൂലം വൈദ്യുത കണക്ഷനു മെറ്റീരിയൽ ചിലവും സ്ഥാപന ചിലവും ഏറുന്നു.

4. വൈദ്യുതി ബോർഡിന്റെ സെക്ഷൻ ഓഫീസ് 25.കി.മി 13.കി.മീ. അകലെയായി യഥാക്രമം ഉണ്ണികുളം പേരമ്പ്ര എന്നിവിടങ്ങളിലാണ്. രണ്ടു ഓഫീസുകളോടു ബന്ധപ്പെടേണ്ടതു കൊണ്ടും രണ്ടും വളരെയേറെ ദൂരത്തായതിനാലും പഞ്ചായത്തിലെ ജനങ്ങൾ നേരിടുന്ന പ്രയാസം ചെറുതല്ല.

5. വളരെ ഏറെ വിസ്തൃതമായ പഞ്ചായത്തിൽ 8 ട്രാൻസ്ഫോമറുകളെ സ്ഥാപിച്ചിട്ടുള്ളൂ തന്മൂലം പ്രസരണനഷ്ടവും വോൾട്ടേജ് ക്ഷാമവും വൈദ്യുതീകരിക്കലിനുള്ള ചെലവും വളരെ കൂടുതലാണ്.

## പരിഹാര മാർഗ്ഗങ്ങൾ

1. വിറക് ചെലവ് കുറയ്ക്കുന്ന പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുക സാധ്യമാകുന്നിടത്തോളം ബെയോഗ്യാസ് പ്ളാന്റ് സ്ഥാപിക്കുക.

2. അത്യാവശ്യക്കാർക്കു ഗ്യാസ് കണക്ഷൻ കിട്ടുന്നതിന് ഒരു ഗ്യാസ് ഏജൻസി കൂരാച്ചുണ്ടിൽ സ്ഥാപിക്കുക.

3. കൂരാച്ചുണ്ട് കേന്ദ്രമാക്കി ഇലക്ട്രിസിറ്റി സെക്ഷൻ ആഫീസ് സ്ഥാപിക്കുക.

4. ഉണ്ണികുളം പേരാമ്പ്ര എന്നീ രണ്ടു സെക്ഷൻ ആഫീസിൽ കൂടി നടക്കുന്ന കൂരാച്ചുണ്ട് പഞ്ചായത്തിലെ വൈദ്യുതി വിതരണം ഈ പുതിയ ആഫീസിന്റെ കീഴിൽ ആക്കുക. കൂടുതൽ ട്രാൻസ് ഫോമറുകൾ സ്ഥാപിച്ച് പ്രസരണ നഷ്ടവും വോൾട്ടേജ് ക്ഷാമവും പരിഹരിക്കുക.

5. കൂരാച്ചുണ്ട് പഞ്ചായത്തിന് ആവശ്യമായ വൈദ്യുതി കക്കയത്തു നിന്ന് തന്നെ ലഭ്യമാക്കുക.

6. റൂറൽ ഇലക്ട്രിഫിക്കേഷൻ പദ്ധതി മുഖേന പഞ്ചായത്തിലെ മുഴുവൻ വീടുകളും വൈദ്യുതീകരിക്കുക.

7. പഞ്ചായത്തിലെ ജലസ്രോതസ്സുകളുടെ സർവ്വേ നടത്തി സാധ്യമായിടത്ത് മിനി പവർസ്റ്റേഷനുകൾ സ്ഥാപിക്കുക.

# മാർക്കറ്റ്

മുൻപ് കാലത്ത് ശനിയാഴ്ച ഒരു ആഴ്ചത്തെ പഞ്ചായത്തിലുണ്ടായിരുന്ന ഇവിടേക്കാവശ്യമായ നാളീകേരം ഉണക്ക മത്സ്യം, ഇറച്ചി, പച്ചക്കറികൾ തുടങ്ങിയവ ഇവിടേയ്ക്ക് കൊണ്ട് വന്ന് വിറ്റിരുന്നതും, ഇവിടെ നിന്നുള്ള വാഴക്കുല, കപ്പ തുടങ്ങിയവ കൊണ്ടുപോയിരുന്നതും ഈ ആഴ്ച ചന്തയിലൂടെയായിരുന്നു. ഈ ക്രയവിക്രയങ്ങളുടെ ഗതി കൂരാച്ചുണ്ട് വികസിച്ചതോട് കൂടി മാറി. ഗതാഗത സൗകര്യം വർദ്ധിക്കുകയും സ്ഥിരം കച്ചവടസ്ഥാപനങ്ങൾ നിലവിൽ വരുകയും, നാളീകേരം തുടങ്ങിയ ചില ഉല്പന്നങ്ങൾ ഇവിടെ ധാരാളമാകുകയും ചെയ്തതോടെ ആഴ്ചചന്തകളുടെ പ്രസക്തി നഷ്ടപ്പെട്ടു.

## നിർദ്ദേശങ്ങൾ

1. കൂരാച്ചുണ്ട്, കല്ലനോട്, കക്കയം എന്നിവിടങ്ങളിൽ ആധുനിക സൗകര്യങ്ങളോട് കൂടിയതും, ശുചിത്വമുള്ളതുമായ മത്സ്യ മാംസ മാർക്കറ്റ് സ്ഥാപിക്കണം.

2. മുൻ കാലങ്ങളിൽ നിലനിന്നിരുന്ന ശനിയാഴ്ച ചന്തകൾ വീണ്ടുമാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. ഇത് കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് മാന്യമായ വില ലഭിക്കുന്നതിന്ന് സാഹചര്യമൊരുക്കും.

# ഭവന നിർമ്മാണം

പഞ്ചായത്തിലെ പാർപ്പിടങ്ങളുടെ സ്ഥിത വിലയിരുത്തിയാൽ, സമ്പന്നരുടെയിടയിൽ പെരുകി വരുന്ന കോൺക്രീറ്റ് സൗധങ്ങളോടുള്ള ഭ്രമവും, താഴ്ന്ന വരുമാനക്കാരുടെ ഇടയിൽ ചുരുങ്ങിയ സൗകര്യങ്ങളോടുകൂടിയതാണെങ്കിലും ഒരു വീടുണ്ടാക്കുക എന്ന സ്വപ്ന സാക്ഷാത്ക്കാരത്തിനായുള്ള കാത്തിരിപ്പും ഉൾച്ചേർന്ന ഒരു ചിത്രമാണ് നമുക്ക് ലഭിക്കുക. കൈരളി ഭവന നിർമ്മാണ പദ്ധതിപോലെ, രാജീവ് ദശലക്ഷം ഭവനനിർമ്മാണ പദ്ധതിപോലെ, ദുർബ്ബലജന വിഭാഗങ്ങൾക്കായി ഭവന നിർമ്മാണത്തിന്നായുള്ള ലോണും ഗ്രാന്റും ലഭ്യമാക്കിയിട്ടുണ്ടെങ്കിലും അർഹരായവർക്കെല്ലാം കൊടുക്കാൻകഴിയാത്തതും അനുവദിക്കുന്ന തുകയുടെ അപര്യാപ്തതയും സാങ്കേതികത്വവും മറ്റും മൂലം ഭവനരഹിതരുടെ പ്രതീക്ഷയ്ക്കു മങ്ങലേല്ക്കുന്നുണ്ട്.

കുടിയേറ്റ മേഖലയായ ഈ പഞ്ചായത്തിൽ പ്രകടമായ മറ്റൊരു പ്രവണത, കമ്പിവേലികെട്ടിത്തിരിച്ച, ആൾപ്പാർപ്പില്ലാത്ത, വാസയോഗ്യമാ പുരയിടങ്ങളുടെ എണ്ണം വർധിച്ചു വരുന്നു എന്നതാണ്. മററു പ്രദേശങ്ങളിൽ നിന്നുള്ള ഗൾഫ് പണക്കാർ താരതമ്യേന ഉയർന്ന വില നൽകി, നല്ല പുരയിടത്തിൽ വാങ്ങിക്കുന്നതിൽ താല്പര്യ പ്രകടിപ്പിച്ചു തുടങ്ങിയതിന്റെ ഫലമായാണീമാറ്റം. ആർഭാട മനോഭാവവും അനുകരണ ഭ്രമവും മൂലം ശേഷിക്കപ്പുറമുള്ള വീടു നിർമ്മിക്കുന്നതിന്റെ ഫലമായി രൂപം കൊണ്ട, കടബാധ്യതകൾ തീർക്കാൻ പുതുതായി നിർമ്മിച്ച വീടുതന്നെ വില്ക്കേണ്ടി വന്ന അനുഭവങ്ങളുണ്ടായിട്ടുണ്ട്.

ചെറ്റക്കുടിലുകളിൽ നിവസിക്കുന്ന, വർഷം തോറും കെട്ടിമേയാൻ പോലും പ്രയാസം അനുഭവിക്കുന്ന നിരവധി നിർദ്ധന കുടുംബങ്ങൾ പഞ്ചായത്തിലുണ്ട് എന്ന വസ്തുത പരിശോധിക്കുമ്പോഴാണ് ഈ വൈരുദ്ധ്യത്തിന്റെ ആഴം അറിയുക.

ദ്വിതീയ വിവര ശേഖരണത്തിൽ നിന്നും കിട്ടിയ കണക്കനുസരിച്ച് ഈ പഞ്ചായത്തിന്റെ

ആൾ താമസമുള്ള 3662 ഭവനങ്ങൾ ഉണ്ട്. വാർഡു വിഭജനത്തിനു മുമ്പുള്ള കണക്ക് ചുവടെ കൊടുക്കുന്നു.

**പട്ടിക. 23**

| വാർഡ് നമ്പർ | വീടുകളുടെ എണ്ണം. | മേൽപ്പുരയുടെ സ്വഭാവം | | | |
|---|---|---|---|---|---|
| | | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ |
| 1 | 409 | 80 | 224 | 105 | – |
| 2 | 465 | 63 | 171 | 227 | 4 |
| 3 | 510 | 76 | 222 | 210 | 2 |
| 4 | 479 | 44 | 152 | 281 | 2 |
| 5 | 414 | 63 | 134 | 214 | 3 |
| 6 | 469 | 93 | 174 | 201 | 1 |
| 7 | 482 | 53 | 199 | 220 | 10 |
| 8 | 434 | 117 | 127 | 190 | – |
| ആകെ | 3662 | 589 | 1403 | 1648 | 22 |

പഞ്ചായത്തിലെ മൊത്തം വീടുകളിൽ 16.08% കോൺക്രീറ്റ് കെട്ടിടങ്ങളാണെങ്കിൽ 38.31% ഓടു മേഞ്ഞവയും 45% ഓലമേഞ്ഞവയും 0.6% ഷീറ്റുകൾ നിരത്തിയവയുമാണെന്ന് കാണാം.

പുതിയ ഭരണസമിതി നിലവിൽ വന്നതിന്ന് ശേഷം ചെറ്റക്കുടിലുകളിൽ താമസിക്കുന്നവരുടെ സ്ഥിതി മനസ്സിലാക്കി ഉചിതമായ പദ്ധതികളിൽ ഉൾപ്പെടുത്തി പാർപ്പിട പ്രശ്നം പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ അപേക്ഷ ക്ഷണിച്ചിരുന്നു. ലഭിച്ച അപേക്ഷകൾ വിലയിരുത്തിയതിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത് ചെറ്റക്കുടിലുകളിൽ വസിക്കുന്നവരിൽ 80% ത്തിലേറെ സ്വന്തമായി വീടുണ്ടാക്കാൻ കഴിവില്ലാത്തവരാണെന്നാണ്.

മുപ്പതാം മൈൽ (കക്കയം), ഇരുപത്തെട്ടാം മൈൽ കല്ലാനോട്, പൂവ്വത്തും ചോല, എരപ്പാംതോട് എന്നിവിടങ്ങളിലുള്ള ലക്ഷംവീട് കോളനികളിലായി 90 വീടുകളുണ്ട്. ഇരട്ട വീടുകളാണെല്ലാം. ഗുണമേന്മ കുറഞ്ഞ സാമഗ്രികൾ ഉപയോഗിച്ച് നിർമ്മിച്ച ഈ വീടുകൾ, കാലപ്പഴക്കത്താലും യഥാക്രമം റിപ്പയർ ചെയ്യാത്തതിനാലും ഇടിഞ്ഞു പൊളിഞ്ഞു വീഴാറായ സ്ഥിതിയിലാണുള്ളത്. ഇരട്ട വീടുകളായതുകൊണ്ട് റിപ്പയർ ചെയ്യണമെങ്കിൽ രണ്ടു കുടുംബങ്ങൾ ഒരേ സമയം തയ്യാറാവണമെന്നതാണ് പ്രശ്നം. കാലാനുസൃതമായ മാറ്റം വരുത്തേണ്ടതാണ് പൂവ്വത്തും ചോല, എരപ്പാംതോട്, 28–ാം മൈൽ എന്നിവിടങ്ങളിലെ വീടുകൾ വൈദ്യുതീകരിച്ചിട്ടില്ല. കക്കയത്തെ 30–ാം മൈൽ, കല്ലാനോട് എന്നിവിടങ്ങളിലെ വീടുകൾ വൈദ്യുതീകരിച്ചതാണ്. ഈ കോളനികളിൽത്തന്നെ കക്കൂസ് ഇല്ലാത്ത വീടുകളുമുണ്ട്. കക്കയം, കല്ലാനോട്, കാളങ്ങാലി എന്നിവിടങ്ങളിലുള്ള 4 സെന്റ് കോളനികളിൽ, വിരലിലെണ്ണാവുന്നവർ ഒഴികേ ചെറ്റക്കുടിലുകളിലാണ് വസിക്കുന്നത്. കുടിവെള്ളത്തിന്റെ ദൗർലഭ്യം, വീടിന്റെ ശോചനീയാവസ്ഥ എന്നിവ ലക്ഷംവീടുകളുടെയും 4 സെന്റ് കോളനികളുടെയും പൊതു പ്രശ്നങ്ങളിൽ ചിലതാണ്.

പഞ്ചായത്തിലെ 4, 6 എന്നീ വാർഡുകളിലായി രണ്ട് പട്ടികവർഗ്ഗ കോളനികളുണ്ട്. 4–ാം വാർഡിൽ കക്കയത്തുള്ള അമ്പലക്കുന്ന് പട്ടിക വർഗകോളനിയിലെ വീടുകൾ പൂർണ്ണമായും ചെറ്റക്കുടിലുകളാണ്. 6–ാം വാർഡിലെ മണിച്ചേരിമല കോളനിയിലും ഭവനരഹിതരായ പട്ടിക വർഗ്ഗ കുടുംബങ്ങളുണ്ട്. പട്ടികജാതി വിഭാഗങ്ങളുടെ ഇടയിലും വാസയോഗ്യമായ പാർപ്പിടമില്ലാത്തവരുണ്ട്.

കെട്ടിട നിർമ്മാണ രംഗത്തെ ചിലവുകൾ നാൾതോറും വർധിച്ചു വരികയാണ്. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില ഗണ്യമായ തോതിൽ വർധിച്ചിട്ടുണ്ട്.

തൊഴിലാളികളുടെ കൂലി നിരക്കിലും വലിയ വർധനവുണ്ടായിട്ടുണ്ട്. നിർമ്മാണ മേഖലയിൽ തൊഴിലെടുക്കുന്ന അവിദഗ്ദ തൊഴിലാളികളുടെ എണ്ണം വർധിച്ചു വരികയാണ്. കാർഷിക വൃത്തിയിലേർപ്പെട്ടിരുന്ന തൊഴിലാളികൾ നിർമ്മാണ മേഖലയിലേക്ക് ചേക്കേറുന്നതാണ് കാരണം.

## പ്രശ്നങ്ങൾ

കെട്ടിട നിർമ്മാണ സാമഗ്രികളുടെ രൂക്ഷമായ വിലക്കയറ്റം, നിർമ്മാണ സാമഗ്രികൾ എളുപ്പത്തിൽ ലഭ്യമല്ലാത്തതിനാൽ ട്രാൻസ്പോർട്ടിംഗിന് വേണ്ടി വരുന്ന ചാർജ്ജിങ്ങ് ഇതെല്ലാം ചേർന്ന് നിർമ്മാണചിലവ് വർധിപ്പിക്കുന്നു.

വിവിധ ഏജൻസികളിൽ നിന്ന് ഭവന നിർമ്മാണവായ്പ നല്കിവരുന്നുണ്ടെങ്കിലും യഥാസമയം വായ്പ ലഭിക്കുന്നതിന് തടസ്സമായി നില്ക്കുന്ന സാങ്കേതികത്വത്തിന്റെ നൂലാമാലകൾ ഉപഭോക്താക്കൾക്ക് പ്രയാസമുണ്ടാക്കുന്നു.

ചിലവു കുറഞ്ഞ കെട്ടിട നിർമ്മാണ രീതിക്ക് തീരെ പ്രചാരം കിട്ടിയിട്ടില്ല. ഈ മേഖലയിലെ വിദഗ്ധരുടെ അഭാവം പ്രവർത്തനങ്ങൾക്ക് തടസ്സമാവുന്നു.

നിർമ്മാണ മേഖലയിൽ വിദഗ്ദ തൊഴിലാളികളുടെ പ്രത്യേകിച്ച് മരപ്പണിക്കാർ തുടങ്ങിയവരുടെ ദൗർലഭ്യം ഇപ്പോൾ അനുഭവപ്പെടുന്നു. തിരുവനന്തപുരം ജില്ലയുടെ പലഭാഗങ്ങളിൽ നിന്നും തമിഴ്നാടിന്റെ വിവിധ പ്രദേശങ്ങളിൽ നിന്നുമുള്ള മേസ്തിരിമാർ ഉൾപ്പെടെയുള്ള കൽപ്പണിക്കാർ, ക്വാറി തൊഴിലാളികൾ തുടങ്ങി ധാരാളം പേർ ഇവിടെ തൊഴിലെടുക്കുന്നുണ്ട്. ഇതുകൂടി ഇല്ലായിരുന്നെങ്കിൽ ആ മേഖലയിലെ വിദഗ്ദ തൊഴിലാളികളുടെ ദൗർലഭ്യം അതിരൂക്ഷമായേനേ.

നിലവിലുള്ള ലക്ഷംവീടുകൾ, കാലപ്പഴക്കത്താലും യഥാക്രമം റിപ്പയർ ചെയ്യാത്തതിനാലും നിലം പൊത്താറായ സ്ഥിതിയാണ്.

~~ഏറ്റെടുത്ത് ചില~~ നാലു സെന്റ് കോളനിക്കായി ഏറ്റെടുത്ത ചില ഭൂമിയുടെ ഭൂമിശാസ്ത്രപരമായ കിടപ്പ് വീട് നിർമ്മിക്കുന്നതിന്ന് അനുയോജ്യമല്ല.

## സാദ്ധ്യതകൾ

പഞ്ചായത്ത് കേന്ദ്രമാക്കി ഹൗസിങ്ങ് സൊസൈറ്റി രൂപീകരിച്ച് ലളിതമായ വ്യവസ്ഥയിൽ വായ്പ ലഭ്യമാക്കണം.

കെട്ടിട നിർമ്മാണ സാമഗ്രികൾ ചുരുങ്ങിയ ചിലവിൽ നിർമ്മിച്ച് വിതരണം ചെയ്യുന്നയൂണിറ്റ് രൂപീകരിക്കണം.

നിർധനർക്കായുള്ള പ്രത്യേക ഭവന നിർമ്മാണ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കണം. നാലു സെന്റ് കോളനിപോലുള്ള പദ്ധതികൾക്കായി സ്ഥലമെടുക്കുമ്പോൾ കുറഞ്ഞ ചിലവിൽ പശ്ചാത്തല സൗകര്യങ്ങൾ കെട്ടി ഒരുക്കിക്കൊടുക്കുന്നതിന്ന് അപര്യാപ്തമായ സ്ഥലം തെരഞ്ഞെടുക്കുന്നതിൽ ശ്രദ്ധിക്കണം. അപ്രകാരം ഏറ്റെടുക്കുന്ന ഭൂമി പ്ലോട്ട് തിരിച്ച് വിതരണം ചെയ്യുമ്പോൾ പാർപ്പിടങ്ങളുണ്ടാക്കാൻ സൗകര്യപ്രദമാണെന്ന് ഉറപ്പ് വരുത്തണം. സാമ്പത്തിക പ്രയാസം കൊണ്ട് ഇടയ്ക്കുവെച്ച് പണി പൂർത്തീകരിക്കാൻ കഴിയാതെ പോയ, ഉദാഹരണമായി ഓടു വാങ്ങാൻ കാശില്ലാത്തതിനാൽ ഓല മേഞ്ഞ, വീടുകൾ നവീകരിക്കുന്നതിന്ന് അർഹരായവർക്ക് ധനസഹായം നൽകുന്ന ഷെൽറ്റർ അപ്ഗ്രഡേഷൻ പദ്ധതി ഏറ്റെടുത്ത് വിപുലമായി നടപ്പിലാക്കണം.

ദുർബ്ബല വിഭാഗങ്ങൾക്ക് വീടുണ്ടാക്കുന്നതിൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾക്ക് വലിയ പങ്കുവഹിക്കാൻ കഴിയും. സാമൂഹ്യ ഇടപെടലിലൂടെ, വീടില്ലാത്തവന് വീടുണ്ടാക്കുന്നതിൽ സർക്കാർ ധന സഹായത്തിന് പുറമേ സന്നദ്ധ സംഘടനകളുടെ പങ്കാളിത്തം ഉറപ്പാക്കുന്നിതിന്ന് മുൻകൈ എടുക്കണം.

സാനിറ്റേഷൻ പ്രദാനം ചെയ്യുന്നതിന്ന് പദ്ധതി ഉപയോഗപ്പെടുത്തി പാർപ്പിടങ്ങളോടൊന്നിച്ച് കക്കൂസും, കുളിമുറിയും പണിതു കൊടുക്കണം. സന്നദ്ധ സംഘടനകളുടെ സഹായം തേടാവുന്നതാണ്.

ദുർവ്യയ ഭവന നിർമ്മാണം നരുൽസാഹപ്പെടുത്തുന്നതിന് ഉചിതമായ നികുതി സംവിധാനം ഏർപ്പെടുത്തണം.

ചിലവു കൂടിയ മതിലുകൾക്ക് പകരം പരിസ്ഥിതിക്ക് ഗുണകരമായ ജൈവവേലികൾ പ്രചരിപ്പിക്കണം.

# സംസ്കാരം

വൈവിധ്യ പൂർണ്ണങ്ങളായ പല കാലഘട്ടങ്ങളുടെയും സാംസ്കാരിക ചരിത്രമാണ് കൂരാച്ചുണ്ടിന്റേത്. വളരെ കാലം മുമ്പ് ജന വാസയോഗ്യമായ സ്ഥലമാണ് കൂരാച്ചുണ്ടെന്നത് നമുക്ക് പറയാൻ കഴിയും. പ്രദേശത്തിലെ പല ഭാഗങ്ങളിലും കണ്ട അവശിഷ്ടങ്ങൾ അതിന്റെ സാദ്ധ്യതകളിലേയ്ക്ക് വിരൽ ചൂണ്ടുന്നു. അത്യോടി കോവിലകവും, അതിനോടനുബന്ധിച്ച ആനപ്പന്തികളും, ക്ഷേത്രങ്ങളും, കുളങ്ങളും, കിണറുകളും അതിന്റെ ഉദാഹരണങ്ങളാണ്. ജന്മി നാടുവാഴിത്തത്തിന്റെയും അടച്ചിമർത്തപ്പെട്ട സാധാരാണക്കാരന്റേയും ജീവിതമായിരുന്നിരിക്കണം ആ പഴയ കാലഘട്ടം. ഹൈന്ദവാചാരങ്ങളും സംസ്കാരവും പാലിച്ചു പോന്നിരുന്ന ഒരു ജനത ഈ പ്രദേശങ്ങളിലുണ്ടായിരുന്നു. ഇന്നവയേക്കുറിച്ചന്വേഷിച്ചാൽ അർദ്ധസത്യങ്ങളും, പൊടിപ്പും തൊങ്ങലുകളും മാത്രം ബാക്കി. ഒരു വൻ പടയോട്ടമോ, വംശനാശം തന്നെ സംഭവിച്ച പകർച്ച വ്യാധികളോ, ഈ സംസ്കാരത്തിന്റെ അടിവേരുകളററു പോകുന്നതിന്ന് കാരണമായി.

പിന്നീട് 40 കളിൽ മദ്ധ്യതിരുവിതാങ്കൂറിൽ നിന്നുള്ള കുടിയേറ്റ കർഷകരുടെ വരവ് കൂരാച്ചുണ്ടിൽ ഒരു പുതു സംസ്കാരത്തിന് നാമ്പുകളിടുകയായിരുന്നു. കാട്ടുമൃഗങ്ങൾ സ്വൈര്യ വിഹാരം നടത്തുന്ന ഒരു വനം പ്രദേശമായിരുന്നു കൂരാച്ചുണ്ട്. തദ്ദേശീയരായ കൃഷിക്കാർ പുറം കൃഷിയിറക്കുന്നതിനു മാത്രമെ ഇവിടെ വരവുണ്ടായിരുന്നുള്ളൂ. കുടിയേറ്റക്കാർ തിരുവിതാങ്കൂറിലെ വിവിധ ഭാഗങ്ങളിൽ നിന്നുള്ളവരായിരുന്നു. അവിടങ്ങളിലെ വിവിധങ്ങളായ സംസ്കാരങ്ങൾ ആവാഹിച്ചെടുത്തവരായിരുന്നു അവർ. കുടിയേറ്റത്തിന്റെ ആദ്യനാളുകളിൽ കൃഷിഭൂമി വെട്ടിതെളിക്കുവാനും, തനിക്കും തന്റെ കുടുംബങ്ങൾക്കും, വരുംതലമുറയ്ക്കും ഭാവിശോഭനമാക്കുന്നതിനുള്ള തത്രപ്പാടിലായിരുന്നു തങ്ങളുടെ വിശ്വാസവും ആചാരങ്ങളും മുറുകേപ്പിടിച്ച്, പ്രകൃതിയോട് ഏറെമല്ലടിക്കേണ്ടിവന്നു. ഭൂമി സ്വന്തമാക്കുന്നതോടൊപ്പം തങ്ങളുടെ ആചാരങ്ങളും അനുഷ്ഠാനങ്ങളും പാലിക്കുവാൻ ദേവാലയങ്ങൾക്ക് രൂപം കൊടുക്കുവാനും അവർ മറന്നില്ല. ആദ്യം കൂരാച്ചുണ്ടിലും (1946) പിന്നീട് കല്ലാനോട്ടും ക്രൈസ്തവ ദേവാലയങ്ങൾ കെട്ടിപ്പടുത്തു. അതിന്റെ ഭാഗമായി സാംസ്കാരിക പ്രവർത്തനങ്ങളും തുടങ്ങി. ഇതിന്റെ പ്രാരംഭമായി വിദ്യഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിച്ചു. കൂരാച്ചുണ്ട് ആസ്ഥാനമായി സെന്റ് തോമസ് എലിമെന്ററി സകൂൾ പ്രവർത്തനമാരംഭിച്ചു. വിദ്യാഭ്യാസ പ്രവർത്തനത്തോടൊപ്പം കലാ കായിക രംഗങ്ങളിലേയ്ക്കും ജനങ്ങളുടെ ശ്രദ്ധ തിരിഞ്ഞിരുന്നു. കായിക ക്ഷമത വെല്ലാൻ മറ്റൊരു ജനതയുമില്ലെന്ന് അവർ മണ്ണിൽ തെളിയിച്ചു. ~~തങ്ങളുടെ കരുത്തും വിശ്വാസവും അവർ മണ്ണിൽ തെളിയിച്ചു.~~ തങ്ങളുടെ കരുത്തും വിശ്വാസവും വികസന പ്രവർത്തനങ്ങളിലേയ്ക്കും വ്യാപിപ്പിച്ചു.

കൂരാച്ചുണ്ടിന്റ വളർച്ചക്കൊപ്പം മറ്റു പല സംസ്കാരങ്ങളുടെയും കടന്നുവരവ് ആരംഭിച്ചു. കച്ചവട ആവശ്യങ്ങൾക്കും കാർഷിക വൃത്തിയ്ക്കുമായി കൂരാച്ചുണ്ടിന്റെ സമീപ പ്രദേശങ്ങളിൽ നിന്നുള്ളവരുടെ വരവോട് കൂടി, അവരുടെ ആചാരങ്ങളും വിശ്വാസങ്ങളും കൂടി ഇടകലർത്തി കച്ചവട ആവശ്യങ്ങൾക്കായി ഇവിടെ എത്തിയവരിൽ ഭൂരിപക്ഷവും ഇസ്ലാമിക ആചാരങ്ങളുള്ള ജനതയായിരുന്നു. അവരുടെ ആചാരാനുഷ്ഠാനങ്ങൾക്കായി കൂരാച്ചുണ്ടിലൊരു മുസ്ലീം പള്ളി~~കൾ~~ സ്ഥാപിക്കുകയുണ്ടായി. മദ്ധ്യതിരുവിതാങ്കൂറിലെയും സമീപ പ്രദേശങ്ങളിലേയും മുസ്ലീം സഹോദരങ്ങൾ വിത്യസ്ത സംസ്കാരത്തിന്റെ ഭാഗങ്ങളായിരുന്നു. ഈ വിത്യസ്തത എല്ലാ മത വിഭാഗങ്ങളിലും കാണാം. ഭൂമിയോട് മല്ലിടുന്നതിനും പ്രശ്നങ്ങൾ പങ്കിടുന്നതിന്നും ഒരുമിച്ചു

ജീവിക്കുന്നതിന്നും ഇതൊന്ന്മൊരു തടസ്സമായി രുന്നില്ല. വിശപ്പിന്റെ വിള ഏവരുടെയും പ്രശ്ന മാണെന്ന തിരിച്ചറിവും, വരും നാളെയേക്കുറി ച്ചുള്ള സംസ്കാരത്തിന് നമ്മുടെ നാട് രൂപം കൊടുത്തു.

കാലത്തിനനുസരിച്ച് സാംസ്കാരിക മുന്നേറ്റം ഇവിടുത്തെ ജനതയിലുമുണ്ടായി. സാംസ്കാരിക പ്രവർത്തനങ്ങളുടെ ഭാഗമായി ക്ലബുകളും കലാ കേന്ദ്രങ്ങളും രൂപം കൊള്ളാൻ തുടങ്ങി. നാടക ങ്ങളാടാനും ആസ്വദിക്കാനും ജനങ്ങൾ മുന്നോട്ട് വന്നു. “നിർമല ആർട്സ് ക്ലബ്” എന്ന സാംസ്കാ രിക പ്രസ്ഥാനത്തിന് തുടക്കം കുറിച്ചു. ഒട്ടേറെ നാടകങ്ങൾ ഈ ക്ലബിലൂടെ അവതരിപ്പിച്ചു. കൂരാ ച്ചുണ്ടിനു പുറത്ത് ഒട്ടേറെ സ്റ്റേജുകളിൽ ഈ നാട കങ്ങൾ അരങ്ങു തകർത്തു. സംഘാടകരിൽ പലരും പലവഴികളിലേയ്ക്ക് പിരിഞ്ഞതോട് കൂടി ക്ലബിന്റെ പ്രവർത്തനവും നിശ്ചലമായി. ഒടിക്കുഴി കേന്ദ്രമായി പ്രവർത്തിച്ച ജവഹർ മെമ്മോറിയൽ ലൈബ്രറി, കല്ലാനോട് നടനാകലാസമിതി തുട ങ്ങിയ സാംസ്കാരിക രംഗത്തെ തുടർച്ചയായി രുന്നു പിന്നീട് കൂരാച്ചുണ്ടിൽ രൂപം കൊണ്ട ഒരു പ്രശസ്ത സാംസ്കാരിക ഗ്രൂപ്പാണ് വൈ. എം. സി (യംഗ് മെൻസ് ഡ്രാമാറ്റിക്ക് ക്ലബ്ബ്.) കൂരാച്ചു ണ്ടിന്റെ ചരിത്രത്തിൽ ഒട്ടേറെ മൂല്യങ്ങൾ കാത്തു സൂക്ഷിച്ച ഒരു സാംസ്കാരിക പ്രസ്ഥാനമാണിത്. ജവഹർ മെമ്മോറിയൽ ലൈബ്രറിയും, കരി യാത്തും പാറയിലെ ടാഗോർ മെമ്മോറിയൽ ലൈബ്രറിയും വായനയുടെ ലോകത്തിലേയ്ക്ക് പുതിയ വാതായാനങ്ങൾ തുറന്നു. പിൽക്കാ ലത്തു രൂപം കൊണ്ട കല്ലാനോട് പബ്ലിക് ലൈബ്ര റിയും ഇതിൽ എടുത്തു പറയേണ്ടതാണ്. ഒട്ടേറെ പുസ്തക സമ്പത്തുമായി, നേട്ടങ്ങളും അംഗീകാ രങ്ങളുമായി, വായിക്കുന്നതിനുള്ള ത്വരവളർത്തു ന്നതിൽ ഈ സ്ഥാപനങ്ങൾ മഹത്തായ പങ്കുവ ഹിച്ചു. പിന്നീട് കൂൺ മുളക്കുന്നതുപോലെ ഒട്ട നവധി കലാസാംസ്കാരിക സംഘടനകൾ കൂരാ ച്ചുണ്ട് പഞ്ചായത്തിൽ രൂപം കൊണ്ടെങ്കിലും വള രുന്നതിനേക്കാൾ വേഗത്തിൽ തകർന്നുകൊണ്ടി രിക്കുകയാണ്.

കൂരാച്ചുണ്ട്, കല്ലാനോട്, കക്കയം, കരിയാ ത്തുംപാറ കാറ്റുള്ള മല, ഓഞ്ഞിൽ എന്നിവിടങ്ങ ളിൽ കൃസ്തീയ ദേവാലയങ്ങളുണ്ട്. കൂരാച്ചുണ്ട് സെന്റ് തോമസ് പള്ളി തിരുനാൾ എല്ലാ വർഷവും ഡിസംബർ 26, 27, 28, 29 തിയ്യതികളി ലായി അത്യാഡംബര പൂർവ്വം നടത്തപ്പെടുന്നു. ഇത് ഒരു മത വിഭാഗത്തിന്റെ ആഘോഷം മാത്ര മായല്ല കാണുന്നത്. പഞ്ചായത്തിലെ സകലമാന ജനങ്ങളുടെയും ഉത്സവമായിതീരുന്നു. ഇത്ര യേറെ ജനപങ്കാളിത്തമുള്ള മറ്റൊരാഘോഷവും പഞ്ചായത്തിലില്ല. മറ്റു കൃസ്തീയ ദേവാലയങ്ങ ളിലും തിരുനാളാഘോഷങ്ങൾ നടത്താറുണ്ട്.

ഹൈന്ദവ ദേവാലയങ്ങളിൽ കക്കയം അർദ്ധ നാരീശ്വര ക്ഷേത്രം, പൂവത്തും ചോല അയ്യപ്പഭ ജന മഠം മുത്താച്ചിപ്പാറ ദേവീക്ഷേത്രം പൊടിപ്പൂ ര് ശിവ ക്ഷേത്രം, പതിയിൽ ഭഗവതീക്ഷേത്രം പൂവത്താംകുന്നുമ്മൽ അയ്യപ്പ ഭജനമഠം എന്നിവ യാണ് പ്രധാനമായിട്ടുള്ളത്. അത്യോടി, കാള ങ്ങാലി, പൂവത്തുംചോല, കക്കയം എന്നിവിടങ്ങ ളിൽ ജുമാഅത്ത് പള്ളികളും കൂരാച്ചുണ്ട് അങ്ങാടി, പൊറോളി കേളോത്ത് വയൽ എന്നി വിടങ്ങളിലുള്ള നിസ്കാര പള്ളികളുമാണ് മുസ്ലീം ആരാധനാലയങ്ങൾ.

പഞ്ചായത്തിലെ സാംസ്കാരികനിലയം കല്ലാ നോട് ആസ്ഥാനമായി പ്രവർത്തിക്കുന്നു. മുമ്പിത് കല്ലാനോട് പബ്ലിക് ലൈബ്രറി എന്നാണറിയപ്പെ ട്ടിരുന്നത്.

**പട്ടിക 24**

| പേര് | സ്ഥാപിച്ച വർഷം | ഗ്രേഡ് | പുസ്തകങ്ങളുടെ എണ്ണം | ശരാശരി പ്രതിമാസ വിതരണം. | ആനുകാലികങ്ങളുടെ എണ്ണം | സ്വന്തമായി കെട്ടിടം ഉണ്ടോ? |
|---|---|---|---|---|---|---|
| പബ്ലിക് ലൈബ്രറി | 1971 | – | 5000 | 450 | ലഭ്യമല്ല | ഉണ്ട് |
| ജവഹർ മെമ്മോറിയൽ ലൈബ്രറി | 1967 | C | 2000 | 450 | 1 | ഉണ്ട് |
| ദീപ്തി ലൈബ്രറ & റീഡിംഗ് റൂം | 1981 | F | 1287 | 250 | 6 | ഉണ്ട് |
| ടാഗോർ മെമ്മോറിയൽ ലൈബ്രറി. | 1961 | | 4020 | 1200 | 18 | ഉണ്ട് |
| മോഡേൺ ലൈബ്രറി. | – | – | – | – | – | |

മൂന്ന് ജനവിദ്യകേന്ദ്രങ്ങളും പഞ്ചായത്തിലുണ്ട്. കൂരാച്ചുണ്ടങ്ങാടിയിലെ ജനവിദ്യകേന്ദ്രം നിശ്ചലമാണ്. സിനിമാ പ്രദർശനത്തിനായി ഒരു തിയറ്ററും പഞ്ചായത്തിലുണ്ട്. 90% വീടുകളിലും റേഡിയോ ഉണ്ട്. 311 വീടുകളിൽ ടി. വിയും, 60 വീടുകളിൽ ഡിഷ് ആന്റിനയുമുണ്ട്.

കവിയും ചിത്രകാരനുമായ പോൾ കല്ലാനോടിനെപ്പോലെയുള്ളവർ സാംസ്കാരിക രംഗത്ത് നമ്മുടെ നാടിന്റെ സംഭാവനയാണ്. കായിക രംഗത്തും ഒട്ടനവധി പ്രതിഭകൾക്കും ജന്മം നല്കിയ മണ്ണാണ് കൂരാച്ചുണ്ടിന്റേത്. ദേശീയ തലത്തിൽ ശ്രദ്ധേയരായ ടി. കെ സെബാസ്റ്റ്യൻ, പി. എം ആന്റെണി എന്നിവരും നമ്മുടെ നാടിന്റെ അഭിമാനങ്ങളാണ്. സംസ്ഥാന ജില്ലാതലങ്ങളിൽ മികവു പുലർത്തിയ ഒട്ടനവധി കായികതാരങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. സ്കൂൾ കായിക മത്സരങ്ങളിൽ കല്ലാനോട്, കൂരാച്ചുണ്ട്, സ്കൂളുകൾ മികച്ച നിലവാരം പുലർത്തി പോരാറുണ്ട്. കേരളത്തിലെ ആദ്യത്തെ ഗ്രാമീണ സ്റ്റേഡിയം കല്ലാനോട് സ്ഥിതിചെയ്യുന്നു. കായികരംഗത്തെ പരിപോഷിപ്പിക്കുന്നതിൽ സ്റ്റേഡിയം സുപ്രധാനമായ പങ്കുവഹിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ ആദിവാസികളായ "പണിയ" സമുദായങ്ങളുടെ ഇടയിൽ ഉടുക്കുകൊട്ട് കോൽക്കളി തുടങ്ങിയ കലകൾ നിലനിന്നിരുന്നു ഈ കലകൾ നമുക്കന്ന്യം നിന്നു പോയി. മറ്റു പരമ്പരാഗത അനുഷ്ഠാന കലകൾ പഞ്ചായത്തിലില്ല. കല്ലാനോട് ജൂബിലി സ്റ്റേഡിയത്തിൽ നടത്തപ്പെടാറുള്ള ഫാദർ വട്ടുകുളം മെമ്മോറിയൽ ഫുട്ബോൾ ടൂർണ്ണമെന്റും കൂരാച്ചുണ്ടിൽ നടന്ന സെന്റ് തോമസ് എവർ റോളിങ്ങ് ട്രോഫിക്കുവേണ്ടിയുള്ള വോളിബോൾ മത്സരങ്ങളും കായിക രംഗത്ത് എടുത്തു പറയേണ്ടവതന്നെ.

## പ്രശ്നങ്ങൾ

ഇന്ന് കൂരാച്ചുണ്ടിലെ സാംസ്കാരിക രംഗം വളരെ വേദനാജനകമാണ്. ഒരു കാലത്ത് അഭിമാനകരങ്ങളായി പ്രവർത്തിച്ച കലാസംഘടനകൾ ഒരു വലിയ പതനത്തിന്റെ വക്കിലാണ്. ചിലതെല്ലാം 'ജീവിക്കുന്നുണ്ടേ' എന്നറിയിക്കാൻ മാത്രം ജീവിക്കുന്നു. ചിലപ്രദേശങ്ങളിൽ ഒറ്റപ്പെട്ട ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ടെങ്കലും സമൂഹത്തിൽ ഫലപ്രദമായി ഇടപെടാൻ സാധിക്കുന്നില്ല. ഇതൊരർത്ഥത്തിൽ ആ പ്രസ്ഥാനങ്ങളുടെ ഒറ്റപ്പെട്ട പ്രശ്നമല്ല. സാംസ്കാരിക രംഗത്തേ മൊത്തത്തിൽ ഗ്രസിച്ചിരിക്കുന്ന ജീർണ്ണതയാണ് ഇതിന് കാരണം. 1980 കൾക്ക് ശേഷം കേരളത്തിലെ സാംസ്കാരിക രംഗത്ത് വന്ന അപചയങ്ങളെ കാണാതിരുന്നു കൂടാ. പൈങ്കിളി സാഹിത്യത്തിന്റെ കടന്നു വരവിനുശേഷം വായനയുടേയും സാംസ്കാരികരംഗങ്ങളുടെയും പ്രവർത്തനം നിശ്ചലമാകുവാൻ തുടങ്ങുകയായിരുന്നു. കൂടാതെ ദൃശ്യ ശ്രവ്യ മാധ്യമങ്ങൾ വായനയുടെ ലോകത്തു നിന്നും നമ്മെ വഴിതെറ്റിക്കുന്നു. വികലമായ ബോധ മണ്ഡലം വളർത്തി, നന്മയും തിന്മയും തിരിച്ചറിയാതാകുകയും യുവ തലമുറയേ വഴിതെറ്റിക്കുകയും ചെയ്യുന്നു.

മുമ്പുകാലത്ത് സാമൂഹ്യമാറ്റങ്ങളുടെ ചുക്കാൻ പിടിച്ചിരുന്നുത് ക്ലബ്ബുകളായിരുന്നെങ്കിൽ ഇന്ന് സാമൂഹ്യതിന്മകൾക്കുള്ള മറയായി ക്ലബ്ബുകൾ മാറുന്നു. ക്രിയാത്മകമായി പ്രവർത്തിക്കേണ്ടിടങ്ങളിൽ നിഷ്ക്രിയത്വം പുലർത്തുന്ന സാംസ്കാരികമായ ഈ പിന്നോട്ടടി ജനങ്ങൾ തമ്മിലുള്ള സഹകരണത്തിലും അല്പമൊക്കെ ബാധിച്ചിട്ടുണ്ട്. പൊതുസ്ഥാപനങ്ങളുടെ നിർമാണത്തിലും, പാലങ്ങളും, പാതകളും തീർക്കുന്നതിലുമുണ്ടായ ഐക്യം ഇന്നില്ല. പുതിയ തലമുറയിൽ വായനാശീലം കുറഞ്ഞു വരുന്നതായി കാണുന്നു. പുസ്തകങ്ങൾ വായനക്കാരെ കാത്തിരിക്കേണ്ട അവസ്ഥ സംജാതമായിരിക്കുന്നു.

കായിക രംഗത്താണെങ്കിൽ ഒരു പൊതു കളിസ്ഥലം പഞ്ചായത്താസ്ഥാനത്തില്ല. കായിക വിദ്യാഭ്യാസത്തിന് വേണ്ടത്ര ശ്രദ്ധ നല്കുവാൻ ഇതു മൂലം സാധിക്കുന്നില്ല.

## നിർദ്ദേശങ്ങൾ

1. കൂരാച്ചുണ്ട് കേന്ദ്രീകരിച്ച് ഒരു പൊതുവായ വായന ശാല ആരംഭിക്കുക.

2. പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ഒരു ഗ്രന്ഥശാല കൂരാച്ചുണ്ടിൽ സ്ഥാപിക്കണം.

3. പത്തോ പതിനഞ്ചോ വീടുകളുൾപ്പെടുത്തി ഹോ ലൈബ്രറികൾ പ്രവർത്തിപ്പിച്ചാൽ വനിതകൾക്കും കുട്ടികൾക്കും കൂടുതൽ പ്രയോജനപ്പെടുത്താൻ കഴിയുന്നതാണ്. ഇതിനാവശ്യമായ പുസ്തകങ്ങളും മറ്റും ജനങ്ങളുടെ സഹകരണത്തോടെ സംഘടിപ്പിക്കാവുന്നതാണ്. കുട്ടികൾക്ക് വിജ്ഞാന പ്രദവും അതോടൊപ്പം രസകരവു

മായ പുസ്തകങ്ങൾ ശേഖരിക്കുകയും വിതരണം നടത്തുകയും ചെയ്യുന്നതിലൂടെ ദൃശ്യമാധ്യമങ്ങളോടുള്ള അമിതാസ്ക്തി കുറച്ചുകൊണ്ടുവരാനും അതിലൂടെ അവരുടെ സർഗശേഷിയും ബുദ്ധിയും വികസിപ്പിക്കുവാനും കഴിയുന്നതാണ്.

4. ജനസഹകരണത്തോടെ നിർമ്മിക്കപ്പെടുന്ന വായനശാലകൾക്കും ജനവിദ്യാ കേന്ദ്രം പോലുള്ള സ്ഥാപനങ്ങൾക്കും, പഞ്ചായത്തിന്റെ ധനസഹായത്താൽ എല്ലാം ആനുകാലികങ്ങളും എത്തിച്ചു കൊടുത്താൽ നവ സാക്ഷരകർക്കും അതിലുപരി പ്രദേശത്തിലെ വായനക്കാർക്കും ഗുണകരമാവുന്നതിലൂടെ വിജ്ഞാന സമ്പാദനത്തിന് ആക്കം കൂട്ടാവുന്നാതാണ്.

5. കേളോത്ത് വയൽ, കോടി പറമ്പ്, കാളങ്ങാലി, പുവത്തുംചോല, വട്ടച്ചിറ, പതിയിൽ മുക്ക് എന്നീ സ്ഥലങ്ങളിൽ വായനശാലകൾ സ്ഥാപിക്കണം.

6. അത്യോടി പള്ളിക്കു സമീപം പഞ്ചായത്തിന്റെ നശിച്ചു കൊണ്ടിരിക്കുന്ന കെട്ടിടത്തിൽ വായനശാല തുടങ്ങിയ സാംസ്കാരിക സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിലൂടെ ആ കെട്ടിടം അന്യാധീനപ്പെട്ടുപോകുന്നതൊഴിവാക്കാൻ കഴിയുന്നു ഒരു വായനശാലയായി മാറ്റുവാനും കഴിയും. ~~[illegible]~~ പ്രദേശത്തെ മുഴുവൻ ജനങ്ങൾക്കും ഉപയോഗിക്കുവാൻ

7. തൃപ്തികരമായി പ്രവർത്തിക്കുന്നതും കൂടുതൽ ജനോപകാരപ്രദവുമായ ലൈബ്രറികൾക്കും മറ്റും ടി.വി സെറ്റുകൾ പോലുള്ളവയ്ക്ക് ധനസഹായം ഉറപ്പ് വരുത്തേണ്ടതുണ്ട്.

8. പഞ്ചായത്ത് കേന്ദ്രമായി കൂരാച്ചുണ്ട് അങ്ങാടിയിൽ ഒരു കമ്മ്യൂണിറ്റി ഹാൾ കം ഷോപ്പിങ്ങ് കോംപ്ലക്സ് സ്ഥാപിക്കുന്നതിലൂടെ, പൊതുപരിപാടികൾ നടത്താനനുഭവപ്പെടുന്ന സ്ഥല ദൗർലഭ്യം ഒരു പരിധിവരെ പരിഹരിക്കാവുന്നതാണ്. ഇതിന്നായി ഉപയോഗ ശൂന്യമായി കിടക്കുന്ന പഞ്ചായത്ത് മിനിസ്റ്റേഡിയം ഉപയോഗപ്പെടുത്താവുന്നതാണ്.

9. പഞ്ചായത്തിലെ രജിസ്റ്റർ ചെയ്യപ്പെട്ട ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തി. 'നല്ല രീതിയിൽ പ്രവർത്തിക്കുന്നവയ്ക്ക് വേണ്ട പ്രോത്സാഹനങ്ങൾ നല്കണം.

10. കലാ കായിക രംഗത്തെ പ്രതിഭകളെ കണ്ടെത്തുന്നതിനായി വാർഡുതലത്തിലും പഞ്ചായത്തുതലത്തിലും കലാകായികമേളകൾ പ്രാദേശിക ക്ലബ്ബുകളുടേയും മറ്റു സന്നദ്ധസംഘടനകളുടേയും പങ്കാളിത്തത്തോടെ സംഘടിപ്പിക്കണം. ഇങ്ങനെ കണ്ടെത്തുന്ന പ്രതിഭകൾക്ക് വേണ്ട പരിശീലനങ്ങളും പ്രോത്സാഹനങ്ങളും നല്കി അവരുടെ കഴിവ് വളർത്തിക്കൊണ്ട് വരണം.

11. കൂരാച്ചുണ്ടിൽ ഒരു പൊതുകളിസ്ഥലം നിർമ്മിക്കണം.

12. പഞ്ചായത്തിൽ ഒരു ജിംനേഷ്യം സ്ഥാപിക്കണം.

13. നല്ല സിനിമകൾ പ്രചരിപ്പിക്കുന്നതിനായി ഒരു ഫിലിം സൊസൈറ്റി സ്ഥാപിക്കണം.

14. പഞ്ചായത്ത് സാംസ്കാരിക കേന്ദ്രത്തിന് ഗ്രന്ഥശാല സംഘത്തിന്റെ അനുമതി വാങ്ങുവാൻ പഞ്ചായത്ത് ശ്രമിക്കണം. ലൈബ്രറി സാംസ്കാരിക നിലയത്തിൽ ലയിപ്പിക്കണം.

# വനിതാക്ഷേമം

ഒരു പരിഷ്കൃത സമൂഹത്തിന്റെ പ്രത്യേകത അതിൽ സ്ത്രീയ്ക്ക് ലഭിക്കുന്ന പദവിയാണ്. മറ്റൊന്ന് അവിടെയുള്ള സ്ത്രീകളുടെ എണ്ണം പുരുഷൻമാരോടൊപ്പമോ അതിൽ കൂടുതലോ ആണെന്നുള്ളതാണ്. മറ്റൊരു പ്രധാന കാര്യം സ്ത്രീകളുടെ വിദ്യാഭ്യാസ നിലവാരമാണ്.

അവസാനം പറഞ്ഞ രണ്ടുകാര്യങ്ങളിലും കേരളം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ മുന്നിലാണ് എന്നു മാത്രമല്ല അമേരിക്ക കാനഡ, തുടങ്ങിയ വികസിത രാജ്യങ്ങൾക്കൊപ്പവുമാണ്. എന്നാൽ ഉയർന്ന വിദ്യാഭ്യാസവും മറ്റ് അനുകൂല സാഹചര്യങ്ങളും ഉണ്ടായിട്ടും കേരളത്തിൽ സ്ത്രീകളുടെ സാമൂഹ്യപദവി ഇന്നും വളരെ പിന്നിലാണ്. പൊതുരംഗത്തു പ്രവർത്തിക്കുന്ന ചുരുക്കം സ്ത്രീകൾ ഉണ്ടെങ്കിലും ഭൂരിപക്ഷവും സ്വന്തം കുടുംബങ്ങളിൽ ഒതുങ്ങിക്കഴിയാൻ ആഗ്രഹിക്കുന്നവരാണ്. ഉയർന്ന ജോലികളിലധികവും പുരുഷൻമാർ കയ്യടക്കിയിരിക്കുന്നു. സമൂഹത്തിൽ നൂറ്റാണ്ടുകളായി നിലനിന്നിരുന്ന പുരുഷമേധാവിത്വവും മതങ്ങളുടെ മതിൽക്കെട്ടുകളും സ്ത്രീയുടെ പിന്നോക്കാവസ്ഥയക്ക് കാരണമായിട്ടുണ്ട്.

കേരളത്തിൽ തന്നെ പുരുഷൻമാരെ അപേക്ഷിച്ച് സ്ത്രീകളുടെ എണ്ണം കുറവുള്ള ചുരുക്കം ചില പഞ്ചായത്തുകളിലൊന്നാണ് കൂരാച്ചുണ്ട്. 1991ലെ സെൻസസ് അനുസരിച്ച് 16,111 ആണ് ആകെ ജനസംഖ്യ. അതിൽ 8241 പുരുഷൻമാരും 7974 സ്ത്രീകളും ആണ്. പഞ്ചായത്തിൽ 4500 കുടുംബങ്ങൾ ഉണ്ട് അതിൽ 500 കുടുംബങ്ങളിൽ സ്ത്രീകളാണ് അന്നദാതാക്കൾ. 1500 കുടുംബങ്ങളിൽ സ്ത്രീയും പുരുഷനും ഒരു പോലെ അന്നദാതാക്കളാണ്.

## വിദ്യാഭ്യാസം

പൊതു വിദ്യാഭ്യാസ നിലവാരത്തിൽ കൂരാച്ചുണ്ട് പഞ്ചായത്തിലെ സ്ത്രീകൾ പുരുഷൻമാരേക്കാൾ മുൻപിലാണ്. എങ്കിലും ഉന്നതവിദ്യഭ്യാസരംഗത്തും സാങ്കേതിക വിദ്യാഭ്യാസരംഗത്തും പുരുഷൻമാരാണ് മുൻപന്തിയിൽ. SSLC വിദ്യാഭ്യാസത്തിനുശേഷം കോളെജ് തലത്തിലെത്തുമ്പോഴേയ്ക്കും ചില സമുദായങ്ങളിലെ പെൺകുട്ടികളുടെ എണ്ണം മറ്റു വിഭാഗങ്ങളെ അപേക്ഷിച്ച് കുറയുന്നതായി കാണുന്നു. സ്കൂളുകളിലെ കുട്ടികളുടെ ആൺ പെൺ അനുപാതം താഴെ കൊടുക്കുന്നു.

**പട്ടിക 25**

| 1996–97 വർഷത്തിൽ | | | |
|---|---|---|---|
| വിഭാഗം | ആൺ | പെൺ | ആകെ |
| ഹൈസ്കൂൾ | 783 | 701 | 1484 |
| പ്രൈമറി | 1022 | 924 | 1946 |
| | 105 | 1625 | 3430 |

## ആരോഗ്യരംഗം

ഈ പ്രദേശത്തെ സ്വകാര്യ ആസ്പത്രികൾ PHC എന്നിവിടങ്ങളിൽ നടത്തിയ അന്വേഷണങ്ങളിൽ നിന്ന് മനസ്സിലാക്കാവുന്നത് രോഗാതുരത കൂടുതൽ സ്ത്രീകൾക്കാണ് എന്നാണ്.

## തൊഴിൽ

വിദ്യാഭ്യാസ നിലവാരം ഉയർന്നു. കുട്ടികളുടെ എണ്ണം കുറഞ്ഞു. പഴയ കാലഘട്ടത്തെ അപേക്ഷിച്ച് ആധുനിക സൗകര്യങ്ങളുടെ ഫലമായി സ്ത്രീകൾക്ക് അധ്വാനം കുറയുകയും കൂടുതൽ സമയം ലഭ്യമാവുകയും ചെയ്തിട്ടുണ്ട്. പക്ഷേ വരുമാനമുണ്ടാക്കുന്ന തൊഴിലുകളിൽ കൂടുതലായി സ്ത്രീകൾ ഏർപ്പെടുന്നില്ല. പരമ്പരാഗതമായി സ്ത്രീകൾ ജോലി ചെയ്തിരുന്ന കാർഷിക മേഖലയിലെ വിളവിന്യാസത്തിലുണ്ടായ മാറ്റം

സ്ത്രീകളുടെ തൊഴിലവസരങ്ങളിൽ ഗണ്യമായ കുറവു വരുത്തി. കുറെ സ്ത്രീകൾ ഇന്ന് നിർമ്മാണതൊഴിലുകളിലേയ്ക്കും ചുമട്ടുജോലികളിലേയ്ക്കും മാറിയിട്ടുണ്ട്. പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ ജോലിചെയ്യുന്നവരിൽ അധികവും സ്ത്രീകളാണ്.

1991 ലെ സെൻസസ് അനുസരിച്ച് പഞ്ചായത്തിൽ തൊഴിൽ ചെയ്യുന്നവരുടെ സ്ത്രീ പുരുഷ അനുപാതം താഴെ കൊടുക്കുന്നു.

| തൊഴിൽ | സ്ത്രീ | പുരുഷൻ |
|---|---|---|
| കാർഷികത്തൊഴിലുകൾ | 182 | 642 |
| മൃഗപരിപാലനം | 142 | 1609 |
| കരിങ്കൽ ക്വാറികളിൽ ജോലി ചെയ്യുന്നവർ | 10 | 29 |
| ഗൃഹോപകരണങ്ങളുടെ നിർമ്മാണം | 6 | 10 |
| മറ്റു വസ്തുക്കൾ നിർമ്മിക്കുന്നവർ | 20 | 138 |
| നിർമ്മാണത്തൊഴിലാളികൾ | 14 | 117 |
| കച്ചവടം വാണിജ്യം | 13 | 409 |
| ഗതാഗതം, വാർത്താവിനിമയം | 16 | 174 |
| മറ്റു മേഖലകൾ | 234 | 406 |
| നാമമാത്രത്തൊഴിലാളികൾ | 117 | 129 |
| പ്രത്യേകത്തൊഴിലില്ലാത്തവർ | 7123 | 4004 |

ടൈലറിംഗ്, പായനെയ്ത്ത്, മെറ്റലടി, റെഡിമെയ്ഡ്, വസ്ത്രനിർമ്മാണം, അച്ചാർ നിർമ്മാണം എന്നീ മേഖലകളിലും ഇന്ന് സ്ത്രീകൾ ജോലി ചെയ്യുന്നു.

ഈ പഞ്ചായത്തിൽ 17 അംഗൻവാടികളുണ്ട്. ഈ വർഷത്തെ കണക്കനുസരിച്ച് പഞ്ചായത്തിൽ

| | |
|---|---|
| ഒരു വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾ | 283 |
| 1 –2 വയസ്സുവരെ പ്രായമുള്ള കുട്ടികൾ | 235 |
| 2–3 വയസ്സുവരെ പ്രായമുള്ള കുട്ടികൾ | 250 |
| 3–6 വയസ്സുവരെ പ്രായമുള്ള കുട്ടികൾ | 676 |
| ഗർഭിണികൾ | 146 |
| കഴിഞ്ഞ വർഷത്തെ ജനനങ്ങൾ | 179 |
| അനുപൂരക പോഷകാഹാരം ലഭിക്കാത്ത കുട്ടികളുടെ എണ്ണം. | 769 |
| അനുപൂരക പോഷകാഹാരം ലഭിക്കാത്ത ഗർഭിണികളുടെ എണ്ണം. | 119 |
| മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം. | 105 |

രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ നേതൃത്വത്തിൽ വനിതകൾ ഉണ്ടെങ്കിലും പ്രവർത്തനങ്ങൾ വളരെ പരിമിതമാണ്. സമൂഹത്തിൽ നിലനിൽക്കുന്ന സ്ത്രീകളോടുള്ള അവഗണനയും വിവേചനവും മറ്റു പരിമിതികളും അവരുടെ പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്.

പൊതുരംഗത്തു പ്രവർത്തിക്കുന്ന സ്ത്രീകളെപ്പറ്റി പൊടിപ്പും തൊങ്ങലും വെച്ച് അഭിപ്രായം പറയുന്നതും മുന്നിട്ടിറങ്ങുന്നതിൽ നിന്നും സ്ത്രീകളെ നിരുത്സാഹപ്പെടുത്തുന്നു. മഹിളാ സമാജങ്ങൾ നിലവിലുണ്ടെങ്കിലും പ്രവർത്തനങ്ങളിൽ പങ്കെടുക്കുവാനുള്ള സ്ത്രീയുടെ താൽപര്യക്കുറവും പുരുഷൻമാരുടെ നിരുത്സാഹപ്പെടുത്തലും വീട്ടിലെ ജോലിഭാരവുമെല്ലാം മഹിളാ സമാജങ്ങളുടെ പ്രവർത്തനത്തെ ബാധിക്കുന്നു.

സ്ത്രീധന പീഡനങ്ങൾ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടില്ല. സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ അങ്ങിങ്ങ് ഉണ്ടാവുന്നത് ആശങ്കാജനകമാണ്.

സ്ത്രീകൾ നടത്തുന്ന കൂരാച്ചുണ്ടിലുള്ള സഹകരണപ്രസ്സ് വിജയകരമായി പ്രവർത്തിക്കുന്നു. കാറ്റുള്ള മലയിലുള്ള വനിതാ സഹകരണ സംഘം, മണ്ണു പൊയിലിലുള്ള ഭക്ഷ്യസംസ്കരണ സഹകരണസംഘം എന്നിവയും കൂരാച്ചുണ്ട് പഞ്ചായത്തിൽ നിലവിലുണ്ട്.

## പ്രശ്നങ്ങൾ

1 സ്ത്രീകളുടെ തൊഴിലില്ലായ്മ വളരെ രൂക്ഷമാണ്.

2. തൊഴിൽ മേഖലയിൽ വിവേചനം നിലനിൽക്കുന്നു.

3. ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികളിൽ സ്ത്രീകൾ അവഗണിയ്ക്കപ്പെടുന്നു.

4. സ്ത്രീ പീഡനം, പുരുഷൻമാരുടെ മദ്യപാനം സ്ത്രീ പീഠനത്തിനുള്ള കാരണമാകാറുണ്ട്.

5. പൊതു സ്ഥലങ്ങളിൽ പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യമില്ലായ്മ

## നിർദ്ദേശങ്ങൾ

1. നിലവിലുള്ള വനിതാ സഹകരണസംഘങ്ങളുടെ പ്രവർത്തനം ലാഭകരവും വിജയപ്രദവുമാക്കാൻ വേണ്ട ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകുവാനും വേണ്ടി വന്നാൽ യന്ത്രസാമഗ്രികൾ നവീകരിക്കുവാനും വേണ്ട ഉപദേശക സംഘം രൂപീകരിക്കുക.

2. (a)മണ്ണൂപ്പൊയിലിൽ പ്രവർത്തിക്കുന്ന ഭക്ഷ്യ സംസ്കരണ കേന്ദ്രത്തിന് ലൈസൻസ് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം.

(b) വൈദ്യുതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണം.

(C) ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുക.

(d) കേടായ യന്ത്രസാമഗ്രികൾ മാറ്റുക.

3. കൂരാച്ചുണ്ട് ഹൈസ്കൂളിന് താഴെയുള്ള പൊടിമില്ല് തുറന്ന് പ്രവർത്തിക്കാനാവശ്യമായ നടപടി വേണം.

4. പഞ്ചായത്തിൽ പച്ചക്കറി,ഔഷധസസ്യങ്ങൾ, കുറ്റിമുല്ല, എന്നിവയുടെ കൃഷി പഞ്ചായത്തടിസ്ഥാനത്തിൽ പ്രോത്സാഹിപ്പിക്കുക, സ്ത്രീകൾക്ക് വേണ്ട പരിശീലനവും വിത്തുകളുടെ ലഭ്യതയും ഉറപ്പ് വരുത്തുക.

5. സ്ത്രീകൾ നിർമ്മിക്കുന്ന പച്ചക്കറികളും മറ്റ് ഉൽപ്പന്നങ്ങളും വിറ്റഴിക്കാൻ വിപണി കണ്ടെത്തുക.

6. പൊന്നുണ്ട മലയിലെ മിച്ച ഭൂമിയിൽ ആ പ്രദേശത്തെ സ്ത്രീകളുടെ നേതൃത്വത്തിൽ പച്ചക്കറിയും, ഔഷധസസ്യങ്ങളും കുറ്റിമുല്ലയും കൃഷി ചെയ്താൽ 250 സ്ത്രീകൾക്ക് തൊഴിൽ നൽകാൻ കഴിയും. ഇവിടേയ്ക്കാവശ്യമായ ജലം, നമ്പികുളത്ത് നിന്ന് കൊണ്ട് വരാവുന്നതാണ്.

7. പശു, കോഴി, പന്നി, മത്സ്യം ഇവയെ വളർത്തുന്നതിലൂടെ സ്ത്രീകൾക്ക് തൊഴിൽ ലഭ്യമാവുകയും വരുമാനം വർദ്ധിക്കുകയും ചെയ്യും.

8. കൂരാച്ചുണ്ട് പഞ്ചായത്തിൽ വനിതകളുടെ നേതൃത്വത്തിൽ ഒരു സോപ്പു നിർമ്മാണ യൂണിറ്റ് ആരംഭിക്കുകയും വീടുതോറും വിപണനം നടത്തുകയും ചെയ്താൽ വിജയസാധ്യതയുണ്ടെന്നു മാത്രമല്ല കുറെ സ്ത്രീകൾക്ക് തൊഴിൽ ലഭിക്കുകയും ചെയ്യും.

9. കസേര നെയ്ത്ത്, കുട്ട നെയ്ത്ത്, പായ നെയ്ത്ത് എന്നിവയിൽ സ്ത്രീകൾക്ക് പരിശീലനം നൽകണം.

## സാമൂഹ്യ പദവി ഉയർത്താനുള്ള മാർഗ്ഗങ്ങൾ

1) പഞ്ചായത്തു തലത്തിൽ വിവിധ വനിതാ സംഘടനാ നേതാക്കളേയും ജനപ്രതിനിധികളെയും ഉൾപ്പെടുത്തി ഒരു വനിതാക്ഷേമക്കമ്മിറ്റി ഉണ്ടാക്കണം.

2. സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾ തടയുന്നതിന്നും ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിനും പഞ്ചായത്തുതലത്തിൽ ഒരു ലീഗൽ സെൽ രൂപീകരിക്കണം.

3. എല്ലാ സ്കൂളുകളിലും സുരക്ഷിതമായ മൂത്രപ്പുരകൾ ഉണ്ടാക്കണം. മൂത്രപ്പുരകളിൽ ജലലഭ്യതയും ഉറപ്പ് വരുത്തണം.

4. സ്കൂളുകളിൽ പെൺകുട്ടികളെ പാഠ്യേതര വിഷയങ്ങളിൽ (കലാ കായികം) നിർബ്ബന്ധമായും പങ്കെടുപ്പിക്കുകയും പ്രത്യേകം പരിശീലനവും ഉറപ്പ് വരുത്തുകയും ചെയ്യണം.

5. പഞ്ചായത്തിൽ ഒരു വനിതാ വായനശാല സ്ഥാപിക്കണം.

6. സ്ത്രീകൾക്കും പുരുഷൻമാർക്കും സ്ത്രീകളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാൻ വേണ്ട ബോധവൽക്കരണ ക്ലാസുൾ സംഘടിപ്പിക്കുക.

7. കൂരാച്ചുണ്ട്, കല്ലാനോട്, കക്കയം തുടങ്ങിയ പ്രധാന കേന്ദ്രങ്ങളിലെങ്കിലും നിർബന്ധമായും പ്രാഥമിക സൗകര്യങ്ങൾ ഉറപ്പ് വരുത്തണം.

8. മദ്യപാനം മൂലം കൂടുതൽ ദുരിതമനുഭവിക്കുന്നത് സ്ത്രീകളാണ്. കൂരാച്ചുണ്ട് പഞ്ചായത്തിൽ മദ്യനിരോധനം ഏർപ്പെടുത്തണം.

9. കൂരാച്ചുണ്ടിൽ ഒരു മെഡിക്കൽ ലബോറട്ടറിക്ക് സാധ്യതയുണ്ട്.

10. പുകയില്ലാത്ത അടുപ്പുകൾ വിറകിന്റെ ചെലവ് പകുതി കണ്ടു കുറയ്ക്കാനും ചൂടും പുകയും മൂലം സ്ത്രീകൾക്കുണ്ടാവുന്ന രോഗം തടയാനും സാധിക്കും. പഞ്ചായത്തിൽ 1000 പുകയില്ലാത്ത അടുപ്പുകൾക്ക് സാധ്യതയുണ്ട്.

11. സമ്പൂർണ്ണ മദ്യനിരോധനം നടപ്പാക്കണമെന്ന്ത് എല്ലാ ഗ്രാമസഭകളിൽ നിന്നു വനിതാ ക്ഷേമവിഭാഗം ഉന്നയിച്ച ആവശ്യമാണ്. ഇതിനു മുന്തിയ പരിഗണന നല്കുകയും മദ്യവർജ്ജന പ്രചരണം കാര്യക്ഷമമാക്കുകയും വേണം.

# സഹകരണം

ആദ്യകാലങ്ങളിൽ കാർഷികവും കാർഷികേതരവും ആവശ്യങ്ങൾക്ക് പണം സ്വരൂപിച്ചു വന്നത് സ്വകാര്യ വ്യക്തികളിൽ നിന്നും ഹുണ്ടികക്കാരിൽ നിന്നും അമിത പലിശക്കായിരുന്നു. അടിയന്തിരാവശ്യങ്ങൾക്ക് കെട്ടു താലി വരെ കഴുത്തറപ്പൻ പലിശക്കാർക്ക് പണയപ്പെടുത്തേണ്ടി വന്നിട്ടുണ്ട്. കമുക്, തെങ്ങ്, കുരുമുളക് തോട്ടങ്ങളിലെ ആദായം ചുരുങ്ങിയ വിലക്ക് മുൻകൂറായി പണം മേടിച്ച് വിൽക്കേണ്ടി വന്നിരുന്നു.

ഈ അവസ്ഥക്ക് ഒരറുതി ചെറിയ തോതിൽ വന്നത് 19 കൃഷിക്കാർ ചേർന്ന് 1962 മാർച്ച് മാസം പതിനാലാം തിയ്യതി രജിസ്റ്റർ ചെയ്ത സർവ്വീസ് സഹകരണസംഘം കല്ലാനോട്, എന്ന സ്ഥാപനം ആരംഭിച്ചതോടെയാണ്.

**ഇപ്പോഴിവിടെ പ്രവർത്തിച്ചു വരുന്ന സഹകരണസ്ഥാപനങ്ങൾ**

1.സർവ്വീസ് സഹകരണ ബാങ്ക് കല്ലാനോട്.

2. അത്യോടി പരസ്പര സഹായ പാൽ വിതരണ സംഘം., കൂരാച്ചുണ്ട്.

3. നിർമല കോ-ഓപറേറ്റീവ് പ്രസ് കൂരാച്ചുണ്ട്.

4. വനിതാ കോ ഓപ്റേറ്റീവ് സൊസൈറ്റി കാറ്റുള്ളമല.

5. കെ.എസ്.ഇ.ബി എംപ്ലോയീസ് കോ ഓപ്റേറ്റീവ് സ്റ്റോർ കക്കയം.

6. കാർഷിക വികസന ബേങ്ക് കൊയിലാണ്ടി.(സബ് ഓഫീസ്)

7. സെന്റ് മേരീസ് ഹൈസ്കൂൾ സ്റ്റുഡൻസ് കോ ഓപ്റേറ്റീവ് സ്റ്റോർ

8. സെന്റ് തോമസ് യു. പി സ്കൂൾ സ്റ്റുഡന്റ്സ് കോ ഓപ്റേറ്റീവ് സ്റ്റോർ

9. സെന്റ് തോമസ് ഹൈസ്കൂൾ സ്റ്റുഡന്റ് കോ ഓപ്റേറ്റീവ് സ്റ്റോർ.

**പട്ടിക 26**

**5 വർഷത്തെ കല്ലാനോട് സർവ്വീസ് സഹകരണ ബാങ്ക് റിപ്പോർട്ട്.** (രൂപ ലക്ഷത്തിൽ)

| No | ഇനം | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|---|
| | അംഗങ്ങൾ | 4560 | 4732 | 4814 | 4968 | 5390 |
| | ഓഹരി മൂലധനം | 6.26 | 6.45 | 6.62 | 7.45 | 8.52 |
| | നിക്ഷേപങ്ങൾ | 38.95 | 60.36 | 70.72 | 93.91 | 110.43 |
| | ജില്ലാബാങ്ക് വായ്പ | 41.22 | 45.01 | 41.66 | 47.31 | 60. 29 |
| | വായ്പാ വിതരണം. | 24.38 | 53.43 | 84.92 | 101.61 | 143.00 |
| | വായ്പ ബാക്കി നിൽപ് | 53.41 | 68.66 | 82.55 | 99.26 | 127.30 |
| | കുടിശ്ശിക | 18.73 | 22.46 | 20.55 | 23.99 | 28.17 |
| | പ്രവർത്തന മൂലധനം | 82.21 | 107.29 | 112.59 | 142.27 | 185.32 |
| | രാസവള വിൽപ്പന | 1.81 | 2.01 | 2.86 | 4.17 | 4.99 |

ഈ ബാങ്കിന്റെ പ്രവർത്തന പരിധി കൂരാച്ചുണ്ട് പഞ്ചായത്താണ്. ബാങ്കിന്റെ ഹെഡ്ഡാഫീസ് കല്ലാനോടും കൂരാച്ചുണ്ടിൽ ഒരു ബ്രാഞ്ചും പ്രവർത്തിച്ചുവരുന്നു. ഒൻപത് ഭരണ സമിതിയംഗങ്ങളുണ്ട്. ബാങ്ക് ക്ലാസ് II വിഭാഗത്തിലാണ് പ്രവർത്തിച്ചു വരുന്നത്.

## പ്രശ്നങ്ങൾ

1. ക്രെഡിറ്റ് സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ ഇന്ന് ചെറുകിട നാമമാത്ര കർഷകന്റെ നന്മയെ ലക്ഷ്യമാക്കിയുള്ളതാണെന്ന് പറയാൻ വയ്യ. മറ്റു വാണജ്യ ബാങ്കുകളുടെ നയമാണ് തുടരുന്നത്.

2. ക്ഷീരോൽപാദനരംഗത്ത് ആവശ്യമായ മുന്നേറ്റം ഉണ്ടാക്കുവാൻ കഴിയുന്നില്ല.

3. ഈ നാട്ടിലെ അസംഘടിതരായ ചെറുകിട ഇടത്തരം കുടുംബങ്ങളിലെ സ്ത്രീകളെ സംഘടിപ്പിച്ച് സഹകരണ രംഗത്ത് മുന്നേറ്റമുണ്ടാക്കുവാൻ കഴിഞ്ഞില്ല.

4. ഗ്രൂപ്പ് ഫാമിംഗിന്റെ സാധ്യതകളെപറ്റി ശരിയായ പഠനം നടന്നിട്ടില്ല.

സഹകരണ ബാങ്കിന്റെ ഉദ്ദേശ ലക്ഷ്യം തന്നെ സാമ്പത്തിക പിന്നോക്കം നിൽക്കുന്ന ചെറുകിട നാമമാത്രകർഷകന് ഇടത്തട്ടുകാരിൽ നിന്നും മോചിപ്പിക്കുക എന്നതാണ്. എന്നാൽ ഇന്ന് ആ ലക്ഷ്യത്തിൽ നിന്ന് വ്യതിചലിച്ച് വാണിജ്യബാങ്കുകളുടെ വായ്പാനയം തുടരാനുള്ള പ്രവണത കാണിക്കുന്നുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഇത് അപകടകരമായ ഒരു അവസ്ഥയിലേക്കാണ് വിരൽ ചൂണ്ടുന്നത്. വലിയ പലിശയ്ക്ക് നിക്ഷേപമായി സ്വീകരിച്ച് പണം കുറഞ്ഞ പലിശക്ക് ജില്ലാ ബാങ്കുകളിൽ നിക്ഷേപിക്കുന്നതായാണ് ബാങ്കിന്റെ റിപ്പോർട്ടിൽ സൂചിപ്പിക്കുന്നത്. എന്നാൽ ഇന്ന് പണം ബാങ്കുകളിൽ നിന്ന് ലഭിക്കാതെ സ്വകാര്യ പണമിടപാടുകാരുടെ പുറകേ പായുന്ന സ്ഥിതി ഇവിടെ കാണാം. സ്വകാര്യ പണമിടപാടു സ്ഥാപനങ്ങൾ കൂണുപോലെ മുളച്ചു പൊങ്ങുകയും ചെയ്യുന്നു. ഇതിനു കാരണമെന്താണ് എന്നന്വേഷിച്ചാൽ ബാങ്കുകളിലെ നിയമങ്ങളുടെ കടുപ്പമാണ്. സഹകരണ ബാങ്കിൽ ചുരുങ്ങിയ പലിശക്ക് കാർഷിക വായ്പ ഏർപ്പെടുത്താവുന്നതാണ്. ബാങ്ക് നിയമങ്ങളിൽ സാധാരണക്കാരന് വേണ്ടി കാതലായ മാറ്റം വരുത്തുവാൻ കഴിയുമോ എന്നു നോക്കേണ്ടതുണ്ട്.

അഭ്യസ്ഥവിദ്യരായ യുവതലമുറ പൈതൃകമായി ലഭിച്ച സമ്പത്ത് അനുഭവിച്ചു തീർക്കുക എന്നതുമാത്രമാണ് ചെയ്യുന്നത്. ആയതിനാൽ അവരെ സംഘടിപ്പിച്ച് മാർഗ നിർദ്ദേശങ്ങൾ നൽകി അവർക്ക് ലക്ഷ്യ ബോധം ഉണ്ടാക്കുവാനുള്ള ശ്രമങ്ങൾ നടത്തേണ്ടതുണ്ട്.

വനിതാ സഹകരണങ്ങൾ സ്ഥാപിച്ച് പ്രാദേശിക വിഭവങ്ങൾ കൊണ്ട് ഉൽപന്നങ്ങൾ സൃഷ്ടിക്കുവാനുള്ള ശ്രമങ്ങൾ ഊർജ്ജിതപ്പെടുത്താവുന്നതാണ്.

കാലിവളർത്തലിന് സഹായകമാവുന്ന രീതിയിൽ പുല്ലു വളർത്താൻ സഹകരണ യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്.

ചൂൽ നിർമ്മാണം കേരള തലത്തിൽ വിതരണം ചെയ്യുവാൻ ആവശ്യമായ ചൂലുകൾ നിർമിതക്കുവാനുള്ള നടപടികൾ ഈ പഞ്ചായത്തിൽ പാഴാക്കിക്കളയുന്ന ഈർക്കിൾ ശേഖരിച്ച് നടത്താവുന്നതാണ്. നിർമിച്ച ചൂലുകൾ സഹകരണ സംഘം സംഭരിച്ച് മാർക്കറ്റുകളിലേക്ക് എത്തിക്കാവുന്നതാണ്.

അഭ്യസ്തവിദ്യരായ സ്ത്രീകൾക്ക് ഇലക്ട്രോണിക്ക് വസ്തുക്കൾ നിർമ്മിക്കുവാനുള്ള പരിശീലനം കൊടുക്കുവാനുള്ള സാഹചര്യം സൃഷ്ടിക്കുകയും പല വൻകിട വ്യവസായ സ്ഥാപനങ്ങളുടേയും അനുബന്ധ സ്ഥാപനങ്ങളായി പ്രവർത്തിക്കുവാൻ ഉതുകും വിധം സഹകരണ യൂണിറ്റുകൾ നിലവിലുള്ള സഹകരണ ബാങ്കിന്റെ സഹായത്തോടെ നടത്താവുന്നതാണ്.

പഞ്ചായത്തിലെ ജനങ്ങൾക്ക് കുറഞ്ഞ വിലക്ക് സാധനങ്ങൾ വിതരണം ചെയ്യുവാനുള്ള സൗകര്യത്തിനായ ഒരു കോ-ഓപ്പറേറ്റീവ് സ്റ്റോർ ആരംഭിക്കാവുന്നതാണ്.

# പട്ടികജാതി പട്ടികവർഗ വികസനം

സവർണ്ണന്റെ വയറുനിറയ്ക്കാൻ വിധിക്കപ്പെട്ട ഒരു ജനത. കാവൽ മാടങ്ങളിലെ കാവൽക്കാരായവർ, മണ്ണിൽ മൃഗങ്ങളെപോലെ പണിയെടുക്കേണ്ടി വന്നവർ, തൊട്ടുകൂടാത്തവരും തീണ്ടികൂടാത്തവരുമായവർ. ഇതായുരുന്നല്ലോ പട്ടികജാതിയിൽ പിറന്നവരുടെ സ്ഥിതി. കൂരാച്ചുണ്ടിന്റെ ചരിത്രത്തിൽ ഇത്തരം ദുരാചാരങ്ങളാൽ പീഡിപ്പിക്കപ്പെട്ടിട്ടുണ്ടാവില്ല. എന്നാൽ മൃഗീയ ചൂഷണത്തിന് വിധേയമായിട്ടുണ്ട്. വിദ്യാഭ്യാസം ഇവർക്ക് അപ്രാപ്യമായിരുന്നു. സാമൂഹ്യമായി ഏറെ പിന്നിലായിരുന്നല്ലോ? ഇന്ന് പുതിയ തലമുറയിൽപെട്ടവർ വിദ്യാഭ്യാസ രംഗത്തും സാമൂഹ്യരംഗത്തും ചെറിയതോതിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. ചെറിയതോതിൽ ഉദ്യോഗങ്ങളിൽ എത്തിപ്പെടാനും സാധിച്ചിട്ടുണ്ട്. എന്നാലും മഹാഭൂരിപക്ഷം പിന്നോക്കാവസ്ഥയിൽ തന്നെ നില്ക്കുന്നു.

കുടിയേറ്റത്തിനു മുമ്പും ഇവിടെ പട്ടികവർക്കാരായ ആദിവാസികളുണ്ടായിരുന്നു. ഇവർ കാടിന്റെ മക്കളായി ജീവിക്കുകയായിരുന്നു. ജനസമ്പർക്കം തീരെ ഇഷ്ടപ്പെടാത്ത, ആളുകളെ കണ്ടാൽ സ്വന്തം മാടങ്ങളിലേക്ക് ഉൾവലിയുന്ന ഒരു പ്രവണത ഇവരിൽ ഉണ്ടായിരുന്നു. പരിഷ്കൃത സമൂഹം ഇവരുടെ അദ്ധ്വാന ശേഷിയെ ചൂഷണം ചെയ്തിരുന്നു.

കൂരാച്ചുണ്ട് പഞ്ചായത്തിൽ 2 പട്ടികജാതി കോളനികൾ നിലവിലുണ്ട്. ഒന്നാം വാർഡിലെ മിച്ചഭൂമി കോളനിയും കോഴിപ്പറമ്പ് ഹരിജൻ കോളനിയുമാണവ. എന്നാൽ പട്ടികജാതികോളനികളായി അംഗീകരിക്കേണ്ട ചില പ്രദേശങ്ങൾ കൂടി ഇവിടെയുണ്ട്. പട്ടികജാതിക്കാരുടെ പാർപ്പിടപ്രശ്നം വളരെ ഗൗരവമുള്ളതാണ്. 70% കുടുംബങ്ങൾക്ക് പ്രാഥമിക സൗകര്യങ്ങൾ പോലുമില്ല. വൈദ്യുതീകരിച്ച വീടുകൾ മിക്കവർക്കുമില്ല.

വിദ്യാഭ്യാസരംഗത്തും ഒട്ടേറെ മാറ്റങ്ങൾ ഇവർക്കിടയിലുണ്ടായിട്ടുണ്ട്. പല സ്ക്കൂളുകളിലായി 409 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. 46 പേർ പഠനം നിർത്തിയവരാണ്. തോറ്റു പഠിക്കുന്നവർ 53 പേർ ആണ്. സാക്ഷരതാ പ്രസ്ഥാനം വളരെയധികം പേരെ അക്ഷരത്തിന്റെ ലോകത്തിലേക്ക് കൊണ്ടുവന്നിട്ടുണ്ട്. 1991 ലെ സെൻസസ് പ്രകാരം പഞ്ചായത്തിൽ 531 പുരുഷൻമാരും 482 സ്ത്രീകളുമടങ്ങിയ പട്ടികജാതി കുടുംബങ്ങളുണ്ടായിരുന്നു.

**പട്ടിക 27**

| വാർഡുകൾ | 1 | 2 | 3 | 4 | 5 | 6 | 7 | 8 |
|---|---|---|---|---|---|---|---|---|
| പുരുഷൻമാർ | 77 | 61 | 139 | 54 | 43 | 72 | 30 | 55 |
| സ്ത്രീകൾ | 73 | 50 | 121 | 44 | 47 | 60 | 37 | 50 |

കാർഷിക മേഖലയിലെ വ്യതിയാനം പട്ടികജാതിക്കാരുടെ തൊഴിൽ സാദ്ധ്യതയ്ക്ക് മങ്ങലേല്പിക്കുന്നു.

## പരിഹാരമാർഗ്ഗങ്ങൾ

1. എല്ലാവർക്കും പാർപ്പിടങ്ങൾ നിർമ്മിക്കുകയും കുടിവെള്ളം വൈദ്യുതി എന്നിവ എത്തിക്കുകയും വേണം.

2. കാർഷിക മേഖലയിൽ തൊഴിലവസരങ്ങൾ കുറയുന്നതിനാൽ മറ്റുമേഖലകളിലും തൊഴിൽ കണ്ടെത്തണം.

3. കോളനി പ്രദേശങ്ങളിൽ പൊതുവായനശാലയും, ടി.വി., റേഡിയോ എന്നിവയും അനുവദിക്കുക.

4. കോളനികളായി അംഗീകരിക്കേണ്ടുന്നവ എത്രയും വേഗം അംഗീകരിക്കാനുള്ള നടപടി സ്വീകരിക്കണം.

5. ഇടയ്ക്ക് വെച്ച് പഠനം നിർത്തുന്നവർക്ക്, അത് ഒഴിവാക്കുന്നതിനാവശ്യമായ പ്രത്യേക ശ്രദ്ധ ചെലുത്തി പരിഹാരം കാണണം.

6. തൊഴിലില്ലാത്ത യുവതീയുവാക്കൾക്ക് തൊഴിലവസരങ്ങൾ നല്കുന്നതിനുവേണ്ടി ഹരിജൻ വെൽഫെയർ ലേബൽ കോൺട്രാക്റ്റ് സൊസൈറ്റി സ്ഥാപിക്കുക.

7. പൊതു ശ്മശാനം നിർമ്മിക്കുക.

## പട്ടിക വർഗ്ഗം

1991ലെ സെൻസസ് പ്രകാരം കൂരാച്ചുണ്ട് പഞ്ചായത്തിൽ പട്ടികവർഗ്ഗക്കാരായ 25 പുരുഷൻമാരും 35 സ്ത്രീകളുമാണുള്ളത്. 2 പട്ടികവർഗ്ഗ കോളനികൾ ഉണ്ട്. നാലാം വാർഡിലെ അമ്പലക്കുന്നിലും ആറാം വാർഡിലെ മണിച്ചേരി മലയിലും 15 കുടുംബങ്ങൾ വീതമാണുള്ളത്. ഈ കോളനികളിൽ പ്രാഥമിക സൗകര്യങ്ങളായ, കുടിവെള്ളം, വൈദ്യുതി, കക്കൂസ്, പാർപ്പിടം തുടങ്ങിയവയുടെ അപര്യാപ്തതയുണ്ട്. വനം വകുപ്പധികൃതരിൽ നിന്ന് നിരന്തരം ഭീഷണി നേരിടുന്നുണ്ട്.

## പരിഹാര നിർദ്ദേശങ്ങൾ

1. പ്രാഥമിക സൗകര്യങ്ങളായ കക്കൂസ്, റോഡ്, വൈദ്യുതി ഭവനസൗകര്യങ്ങൾ ലഭ്യമാക്കാൻ പഞ്ചായത്ത് മുൻകൈയെടുക്കുക

2. വൈദ്യുതി എത്തിക്കാൻ ബുദ്ധിമുട്ടുള്ള ഭാഗങ്ങളിൽ അനർട്ടിന്റെ സഹായത്തോടെ സൗരോർജ്ജ പരിപാടി ആവിഷ്കരിക്കുക.

3. പഞ്ചായത്തു തല മേളകളിൽ പട്ടികവർഗക്കാരുടെ പരമ്പരാഗത കലകൾ അവതരിപ്പിക്കനുള്ള അവസരവും അതിനുള്ള സാമ്പത്തിക സഹായവും നല്കുക.

4. ഇവരെ കൂടുതൽ പൊതുരംഗത്തേയ്ക്കു കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിക്കുക.

5. ഓരോ കോളനിക്കകത്ത് അംഗൻവാടിയും അതിനോടനുബന്ധിച്ച ശിശുക്ഷേമ കേന്ദ്രവും തുറന്നു പ്രവർത്തിപ്പിക്കുക.

6. മലമുകളിൽ നിന്നുള്ള നീരുറവ പ്രയോജനപ്പെടുത്തി കുടിവെള്ളം പൈപ്പുവഴി എത്തിക്കുക. ഓരോ കുടുംബത്തിനും ഓരോ ഹെക്ടർ ഭൂമി വീതം കൃഷിക്കു പതിച്ചു നല്കുക.

## സമൂഹ്യക്ഷേമം

ഏറ്റവും വിപുലമായ സാമൂഹ്യക്ഷേമ ശൃംഘലയുള്ള സംസ്ഥാനമാണ് കേരളം . നിലവിലുള്ള പദ്ധതികളുടെ ഫലപ്രദമായ വിനിയോഗത്തിന്റെ അഭാവമാണ്, പിന്നോക്കം നില്ക്കുന്നവരുടെ ജീവിത നിലവാരം ഉദ്ദേശിച്ച രൂപത്തിൽ ഉയർത്തുന്നതിന് തടസ്സമായിനിൽക്കുന്നത്. കൂരാച്ചുണ്ട് പഞ്ചായത്തിനെ സംബന്ധിച്ചും സ്ഥിതി അതുതന്നെയാണ്.

രണ്ടു വിധത്തിലുള്ള സാമൂഹ്യക്ഷേമ പദ്ധതികളാണ് പഞ്ചായത്തിൽ മുഖ്യമായും നടപ്പിലാക്കി വരുന്നത്. ദാരിദ്ര്യനിർമ്മാജ്ജന പദ്ധതികളും പെൻഷൻ തുടങ്ങിയ ധനസഹായ പദ്ധതികളും കക്കയത്തുള്ള അമ്പലക്കുന്ന് പട്ടിക വർഗ കോളനിയിലും കല്ലാനോട് മണിച്ചേരിമല പട്ടികവർഗ കോളനിയിലും താമസിക്കുന്ന പണിയ സമുദായത്തിൽപ്പപെട്ട കുടുബങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിന് ചിലവഴിച്ച തുക ഉദ്ധേശിച്ച ഫലം കണ്ടില്ല. അവരുടെ യഥാർത്ഥ നില ദാരിദ്ര്യ രേഖക്ക് താഴെ തന്നെയാണ്. പട്ടികജാതി വിഭാഗത്തിൽ പെട്ടവരടക്കം സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവരിൽ ധനസഹായം ലഭിച്ചവരുടെ സ്ഥതിയിലും അശാവഹമായ പുരോഗതി ഉണ്ടായിട്ടില്ല. പശുവിനും മറ്റും ലോണെടുത്ത് തിരിച്ചടവിനു പോലും വക കണ്ടെത്താൻ കഴിയാതെ കട കെണിയിൽ പെട്ടുപോയ കുടുബങ്ങളുമുണ്ട്.

"മൽസ്യം വാങ്ങി കൊടുത്താൽ ഒരു ദിവസവും മൽസ്യം പിടിക്കാൻ പഠിപ്പിച്ചാൽ ജീവിതകാലം മുഴുവനും മൽസ്യം കഴിക്കാം" എന്ന ചൈനീസ് പഴമൊഴി സൂചിപ്പിക്കുന്ന വിധത്തിലുള്ള മാറ്റം പദ്ധതി നടത്തിപ്പിൽ ഉണ്ടാവണമെന്നതാണിത് നൽക്കുന്ന പാഠം

1992 ലെ ഐ.ആർ.ഡി.പി സർവ്വേ പ്രകാരം പഞ്ചായത്തിലെ 1013 കുടുബങ്ങൾ ദാരിദ്ര്യരേഖക്കു താഴെയുണ്ട്. 1991-ലെ സെൻസസ് പ്രകാരം 3210 കുടുബങ്ങളാണുള്ളത്. ഇതിൽ നിന്നും 31.56 ശതമാനം കുടുബങ്ങൾ ദാരിദ്ര്യ രേഖയ്ക്കു താഴെയാണ്. ദാരിദ്ര്യ രേഖക്കു മുകളിൽ 68.44 ശതമാനവും ദാരിദ്ര്യയ രേഖയ്ക്കു താഴെയുള്ളവരിൽ തന്നെ 6.42 ശതമാനം പട്ടികജാതി വിഭാഗത്തിലും പട്ടിക വർഗത്തിൽ പെട്ടവർ 2.696 ശതമാനവും 90.62 പേർ മറ്റു വിഭാഗങ്ങളിൽ പെട്ടവരുമാണ്.

### പട്ടിക ... 28

| വാർഡ് | Sc | St | മറ്റുള്ളവർ | ആകെ |
|---|---|---|---|---|
| 1 | 7 | Nil | 84 | 91 |
| 2 | 7 | Nil | 101 | 108 |
| 3 | 10 | Nil | 126 | 136 |
| 4 | 6 | 15 | 126 | 132 |
| 5 | 7 | Nil | 122 | 129 |
| 6 | 11 | 15 | 117 | 130 |
| 7 | 4 | Nil | 153 | 157 |
| 8 | 13 | Nil | 117 | 130 |
| | 65 | 30 | 946 | 1013 |

( വാർഡു വിഭജനത്തിനു മുമ്പുള്ളത് )

അവലംബം 1 IRDP സർവ്വേ 1992

സെക്കണ്ടറി ഡാറ്റാ കലക്ഷൻ

ദേശീയ ആസൂത്രണത്തിൻെറ പ്രധാന വെല്ലുവിളികളിലൊന്ന് ദാരിദ്ര്യ നിർമ്മാജ്ജനമമായിരുന്നല്ലോ. നാലു പതിറ്റാണ്ടു നീണ്ട ആസൂത്രണത്തിൻെറ ബാക്കിപത്രം എന്നു പറയാവുന്നത്, സമ്പത്തുല്പാനത്തിൽ വർധനവുണ്ടായെങ്കിലും സമ്പത്തിൻെറ നീതി പൂർവ്വകമായ വിതരണത്തിൻെറ അഭാവം മൂലം ദാരിദ്ര്യരേഖക്കു താഴെയുള്ളവരുടെ എണ്ണത്തിൽ കാര്യമായ കുറവൊന്നുമില്ലാതെ ഗുരുതരമായ സമൂഹ്യ പ്രശ്നമായി തുടരുന്നു എന്നതാണ്.

ഗ്രാമപ്രദേശങ്ങളിൽകൂടുതൽ തൊഴിലവസരങ്ങളുണ്ടാക്കുക, പാവപ്പെട്ടവർക്കു നേരിട്ടു പ്രയോജനം കിട്ടുന്ന സാമൂഹിക ആസ്തികൾ നിർമ്മിക്കുക, അങ്ങനെ നാട്ടിൻ പുറത്തെ ജീവിത ഗുണനിലവാരം മെച്ചപെടുത്തുക, എന്നീ ലക്ഷ്യങ്ങളേടെ തുടങ്ങിയ ജവഹർ റോസ്ഗാർ യോജന ( **J. R.Y)** ഐ .ആർ.ഡി.പി മുതലായ ദാരിദ്ര്യ നിർമാർജ്ജന തൊഴിൽ പദ്ധതികളാണ് പഞ്ചായത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

പദ്ധതി വിഹിതത്തിൻെറ നല്ലൊരു ഭാഗം പലരിലൂടേയും ചോർന്നു പോവുന്നു എന്നത്, നടത്തിപ്പിൽ കരാറുകാർക്കുള്ള മുൻകൈ, നിർമ്മിക്കുന്ന ആസ്തികളുടെ പ്രയോജനം പാവപെപ്പട്ടവർക്ക് ലഭിക്കുന്നതിനു പകരം സമൂഹത്തിലെ മേലേതട്ടിലുളളവരിലേക്ക് കൈമാറ്റപെപ്പടുന്നത് റോഡു പണിക്ക് നൽകുന്ന അമിത പ്രാധാന്യം, ആസൂത്രണത്തിലും നടത്തിപ്പിലും ജനപങ്കാളിത്തമില്ലായ്മ, ശാസ്ത്രീയമായ പ്രോജക്ട് സമീപനത്തിലൂടെയല്ലാതെ, "ആട്ടുന്നവനെപ്പിടിച്ച് നെയ്യാനേല്പിക്കുക" എന്നു പറയാറുള്ളതുപോലെ യാന്ത്രികമായ പദ്ധതി നടത്തിപ്പ് എന്നിവ മൂലം നടപ്പു പദ്ധതികൾ ലക്ഷ്യത്തിലെത്തിക്കുന്നതിന് കഴിഞ്ഞില്ല എന്നതാണ് കാണാൻ കഴിയുന്നത്.

രണ്ടു വി.ഇ.ഓ മാരാണ് ഇവിടെ ജോലി ചെയ്യുന്നത്. 1,2,3,8,9 എന്നീ വാർഡുകൾ ഉൾക്കൊള്ളുന്ന കൂരാച്ചുണ്ട് സർക്കിൾ , മറ്റു വാർഡുകൾ ഉൾക്കൊള്ളുന്ന കല്ലാനോട് സർക്കിൾ എന്നിങ്ങനെ വി.ഇ.ഓ. മാർക്ക് ചുമതല നൽകിയിരിക്കുന്നു. രണ്ടു സർക്കിളിലും കൂടി 92-93 മുതൽ 95 96 ഉൾപ്പെടെ പ്രതിവർഷം ശരാശരി ഐ.അർ.ഡി.പി ലിസ്റ്റിലുള്ള 27 കുടുബങ്ങൾക്ക് ലോൺ അനുവദിച്ചിട്ടുണ്ട്.

### പട്ടിക-29

| വർഷം | Sc | St | മറ്റുള്ളവർ | ആകെ |
|---|---|---|---|---|
| 92 93 | 24 | - | 22 | 48 |
| 93 94 | 15 | 2 | 14 | 29 |
| 94 95 | 11 | - | 11 | 22 |
| 95 96 | 12 | - | 23 | 35 |
| | 62 | 2 | 70 | 134 |

**92 - 93** മുതൽ **95- 96** വരെ ഐ.അർ.ഡി.പി. ലോൺ ലഭിച്ചവരുടെ എണ്ണം

അവലംബം , സെക്കണ്ടറി ഡാറ്റാകളക്ഷൻ

നാളിതുവരെയായി ഐ.അർ.ഡി.പി ലിസ്റ്റിൽ ഉൾപ്പെട്ട 140 കുടുബങ്ങൾക്കാണ് സഹായം ലഭിച്ചിട്ടുള്ളത് സഹായം ലഭിചതു വഴി ദാരിദ്ര്യ രേഖക്കു മുകളിലെത്തിയ കുടുബങ്ങളുടെ എണ്ണം, മതിയായ രേഖകളില്ലാത്തതിനാൽ പദ്ധതി നടത്തിപ്പിന്റെ ചുമതലയുള്ളവർക്ക് നൽകാൻ കഴിഞ്ഞില്ല .വിലയിരുത്തലിന്റെ അഭാവമാണ് ഇത് കാണിക്കുന്നത്. സി. അർ.എസ.പി, ജെ.ആർ.വൈ പദ്ധതിയിൽപ്പെടുത്തി 92 - 93 മുതൽ 95 - 96 വരെയുള്ള കാലയളവിൽ 27കക്കൂസുകൾ അനുവദിച്ചിട്ടുണ്ട്. പട്ടിക വിഭാഗത്തിന് 7 , മറ്റുള്ളവർ- 20 എന്നീ ക്രമത്തിലാണ് നൽകിയതത് ഇതേ കാലയളവിൽ തന്നെ മില്യൺ വെൽ സ്കിം (MWS) ഇന്ദിര ആവാസ് യോജന എന്നീ സ്കീം പ്രകാരം 40 വീടുകൾ നൽകിയിട്ടുണ്ട്. പട്ടിക ജാതി വിഭാഗങ്ങൾക്ക് 22, മറ്റുള്ളവർ 18 എന്നീങ്ങനെയാണ് അനുവദിച്ചത്.

## പട്ടിക 30

| വർഷം | sc | st | മറ്റുള്ളവർ | സ്കീം | ആകെ |
|---|---|---|---|---|---|
| 92 - 93 | Nil | Nil | Nil | Nil | - |
| 93 - 94 | 2 | Nil | 6 | CRSP | 8 |
| 94 - 95 | 2 | Nil | 6 | CRSP | 8 |
| 95 - 96 | 3 | Nil | 8 | CRSP&JRY | 11 |
| | 7 | | 20 | | 27 |

CRSP&JRY സ്കീം പ്രകാരം കക്കൂസ് വിതരണം ചെയ്യതിന്റെ കണക്ക്

അവലംബം, സെക്കണ്ടറി ഡാറ്റാകളക്ഷൻ

ആശംസകളോടെ

ഡാലിയ സ്റ്റോഴ്സ്

കൂരാച്ചുണ്ട്

സ്റ്റേഷനറി, ഹവായി ചെരുര്രുകൾ, പ്ളാസ്റ്റിക്ക്, സ്റ്റീൽ പാത്രങ്ങൾ, പ്രസന്റേഷൻ സാധനങ്ങൾ ഇവക്ക് .

ഡാലിയ സ്റ്റോഴ്സ്

കൂരാച്ചുണ്ട്

# പട്ടിക 31

| വർഷം | SC | ST | മറ്റുള്ളവർ | ആകെ | സ്കീം |
|---|---|---|---|---|---|
| 92- 93 | 3 | Nil | Nil | 3 | Mws&Iay |
| 93 - 94 | 2 | Nil | Nil | 2 | Iay |
| 94 - 95 | 2 | Nil | 5 | 7 | Mws |
| 95- 96 | 15 | Nil | 13 | 28 | Mws&Iay |
| | 22 | Nil | 18 | 40 | |

92 93 മുതൽ 95 96 വരെ **Mws&Iay** സ്കീം പ്രകാരം നൽകിയ വീടുകളുടെ എണ്ണം

ട്രൈസം തൊഴിൽ പരിശീലനം നേടിയ 52 പേരാണുള്ളത്. അതിൽ 44 പേർ സ്വയംതൊഴിൽ സംരംഭത്തിലേർപ്പെട്ടതായി കണക്കുകൾ കാണിക്കുന്നു. ഇതര തെഴിലിലേർപ്പെട്ടവർ 3 പേരുണ്ട്. 5 പേർ തൊഴിൽ രഹിതമായ തന്നെ തുടരുന്നു.

പട്ടിക31 -2

| പരിശീലനം വിഷയത്തിൻെറ പേര് | പരിശീലനം ലഭിച്ചവരുടെ പേര് | സ്വയംതൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ | അവശേക്കുന്നവർ |
|---|---|---|---|---|
| ടൈലറിംഗ് | 6 | 2 | - | 4 |
| റേഡിയോ, ടി.വി | 1 | 1 | - | - |
| പ്ളംബിങ്ങ് | 2 | 2 | - | - |
| ബെൽഡിംഗ് | 1 | 1 | - | - |
| എയർക്കണ്ടീഷൻ | 1 | 1 | - | - |
| ഫുഡ്പ്രോസസിങ് | 33 | 33 | - | - |
| വയറിംഗ് | 4 | 1 | 3 | - |
| പ്രിൻറ്റിംഗ് | 1 | - | - | 1 |
| ഇലക്ട്രോണിക്സ് | 1 | 1 | - | - |
| ടൈപ്പ്റൈറ്റിംഗ് | 1 | 1 | - | - |
| ഓട്ടോമൊബൈൽ | 1 | 1 | - | - |
| | 52 | 44 | 3 | 5 |

ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

അവലംബം , സെക്കണ്ടറി ഡാറ്റാ കളക്ഷൻ

**D.W.C.R.A** പദ്ധതി പ്രകാരം 5 യൂണിറ്റുകളാണ് നാളിതുവരെ ഇവിടെ ആരംഭിച്ചിട്ടുള്ളത്. ശങ്കരവയൽ ഡയറി യുണിറ്റ്, യുവധാര ഡയറി യൂണിറ്റ്, നവജീവൻ ഡയറി യൂണിറ്റ്, യുവചേതന ഡയറി യൂണിറ്റ്, വനിതാ ഭഷ്യസംസ്കരണകേന്ദ്രം എന്നീ യൂണിറ്റുകൾ 51 പേർ പ്രവർത്തിച്ചിരുന്നു യൂണിറ്റുകളുടെ പ്രവർത്തനം തൃപ്തികരമാക്കുന്നതിൽ ഇനിയും നടപടിയുണ്ടാവേണ്ടിയിരിക്കുന്നു. വനിതാ ഭഷ്യസംസ്കരണകേന്ദ്രമാകെട്ടെ, തുടങ്ങിയ ഉടനെ ഒടുങ്ങിയ നിലയിലാണ്. അസംസ്ക്രത വസ്തുകൾ സുലഭമായി ലഭിക്കാൻ സാധ്യതയുള്ള ഈ പഞ്ചായത്തിൽ ഒരു ഭക്ഷ്യസംസംകരണ കേന്ദ്രം പൂട്ടുന്നതിലേക്ക് നയ്യിച്ച കാര്യങ്ങൾ നടത്തിപ്പിലെ കാര്യക്ഷെമതയില്ലായിമയും വിപണനവും ബന്ധപ്പെട്ട സാങ്കേതിക പ്രശ്നമാണ്.

സാമൂഹ്യക്ഷേമ വകുപ്പു വഴിയും മറ്റ് വകുപ്പുകൾ വഴിയും വിധവാ പെൻഷൻ, വാർധക്യകാല പെൻഷൻ കർഷകതൊഴിലാളി പെൻഷൻ തുടങ്ങിയ സഹായ പദ്ധതിതളുടെ ഗുണഭോക്താക്കൾ ഇവിടെ ഉണ്ട്. 90 - 91 മുതൽ 94 - 95 വരെ 225 പേർ കർഷക തെഴിലാളി പെൻഷൻ വാങ്ങുന്നവരായുണ്ട്. വികലാംഗ പെൻഷൻ 35, വിധവാ പെൻഷൻ 71 എന്നീ ക്രമത്തിൽ പെൻഷൻ വാങ്ങുന്നവരുണ്ട്. കാൻസർ രോഗി പെൻഷൻ 4 പേർക്കും
ക്ഷയരൊഗി പെൻഷൻ 19 പേർക്കും ലഭിക്കുന്നുണ്ട് വാർധക്യകാല പെൻഷൻ വാങ്ങുന്ന 12 പേരുണ്ട്.

പട്ടിക - 33

| വില്ലേജ് | വിധവാ പെൻഷൻ | വികലാംഗ പെൻഷൻ | വാർധക്യ പെൻഷൻ | ക്ഷയരോഗി പെൻഷൻ | കാൻസർ രോഗി പെൻഷൻ | കർഷക പെൻഷൻ |
|---|---|---|---|---|---|---|
| ചക്കിട്ടപാറ | 2 | 1 | - | - | - | - |
| കൂരാച്ചുണ്ട് | 69 | 34 | 12 | 19 | 4 | 225 |
| കാന്തലാട് | - | - | - | - | - | - |
| ആകെ | 71 | 35 | 12 | 19 | 4 | 225 |

പെൻഷനുകൾ, ധനസഹായം സംബന്ധിച്ച വിവരങ്ങൾ
അവലംബം, സെക്കൻണ്ടറി ഡാറ്റാ കലക്ഷൻ

സാമൂഹ്യ ക്ഷേമ വകുപ്പിൻെറ കീഴിൽ പ്രവർത്തിക്കുന്ന 17 അംഗനവാടികളുണ്ട്. വട്ടച്ചിറ,കൂരാച്ചുണ്ട് (മാതൃകാ അംഗൻവാടി) ,പൂവത്തുംചോല എന്നിവടങ്ങളിലെ 3 അംഗൻവാടികൾക്കേ കെട്ടിടം പണിതിട്ടുള്ളൂ. 14 അംഗൻവാടികൾക്കു കൂടി കെട്ടിടം പണിയേണ്ടതുണ്ട്. 6 എണ്ണത്തിൻെറ കെട്ടിടം നിർമ്മാണ ഘട്ടത്തിലാണ്. 17 അംഗൻവാടികളിൽനിന്നും ശേഖരിച്ച വിവരത്തിൻെറ അടിസ്ഥാനത്തിൽ ഒരു വയസ്സിന് താഴെ 283,1 മുതൽ 2വയസ്സുവരെ 235 2മുതൽ 3 വയസ്സു വരെ 250, 3മുതൽ 6 വയസ്സു വരെ 676, പ്രത്യേക പരിചരണം ആവശ്യമുള്ള 130 പേർ എന്നിങ്ങനെ കുട്ടികൾ പഞ്ചായത്ത് പരിധിയിലുണ്ട്.

സാധാരണക്കാരൻെറ കുട്ടികളുടെ ശാരീരികവും മാനസ്സികവുമായ വളർച്ചയ്ക്ക് സഹായകമാവേണ്ട, പകൽ മുഴുവൻ നല്ല അന്തരീക്ഷത്തിൽ വളരാൻ സൗകര്യപ്പെടേണ്ട അംഗൻവാടികളുടെ സ്ഥിതി തന്നെ ശോചനീയമാണ്. കളിപ്പാട്ടങ്ങളും മറ്റും അംഗൻവാടികളിൽ വേണ്ടത്രയില്ല. സൗജന്യമായി നൽകുന്ന സ്ഥലത്താണ് അംഗൻവാടികൾക്ക് കെട്ടിടം പണിയാറ്. പലപ്പോഴും കുട്ടികൾ എത്തിപ്പെടാൻ സൌകര്യമുള്ള സ്ഥലത്തായിരിക്കില്ല അത്. അതുകൊണ്ടുതന്നെ ചില അംഗൻവാടികളിലെങ്കിലും വേണ്ടത്ര കുട്ടികളില്ലാത്ത സ്ഥിതിയും ഉണ്ട്. കുന്നിൻ പ്രദേശങ്ങൾ ധാരാളമുള്ള അംഗൻവാടികൾ സൗകര്യപ്രദമായ സ്ഥലത്ത് ഇനിയും ആരംഭിക്കേണ്ടതാണ്.

## പ്രശ്നങ്ങൾ

പല ക്ഷേമ പദ്ധതികളുടെയും പ്രവർത്തനം കാര്യക്ഷമമല്ല. ഐ അർ ഡി പി യും അനുബന്ധ പരിപാടികളും വളരെ യാന്ത്രികമായാണ് നടപ്പാക്കിവരുന്നത്. പ്രാദേശിക വിഭവ സാദ്ധ്യതകളും ഗുണഭോക്താവിൻെറ അഭിരുചിയോ കണക്കിലെടുക്കാതെയാണ് തൊഴിൽ സംരംഭങ്ങൾ നിർദ്ദേശിക്കുന്നത്.

ട്രൈസം പദ്ധതി പ്രകാരം പരിശീലനം നേടുന്നവർക്ക് തൊഴിൽ ഉറപ്പുവരുത്താൻ സഹായം ലഭിക്കുന്നില്ല.

വിവിധ പെൻഷൻ പദ്ധതികളെക്കുറിച്ച് പൊതുജനത്തിന് ബോധ്യമില്ല. അർഹതയുള്ള പലർക്കും പെൻഷൻ ലഭിക്കുന്നില്ല.

അംഗൻവാടികൾക്ക് സൗകര്യപ്രദങ്ങളായ കെട്ടിടങ്ങളില്ല. കെട്ടിട നിർമ്മാണത്തിന് അനുവദിക്കുന്ന തുക ആവശ്യത്തിന് മതിയാവില്ല. എസ്റ്റിമേറ്റ് തുക കാലാനുസൃതമായി വർദ്ധിപ്പിക്കണം.

അംഗൻവാടികളിലൂടെയുള്ള പോഷകാഹാര വിതരണം തൃപ്തികരമല്ല.

അംഗൻവാടികളിൽ കുട്ടികളുടെ ആരോഗ്യപരിപാലനത്തിനും മാനസിക വളർച്ചക്കും വേണ്ടത്ര സാഹചര്യമില്ല.

അവശവിഭാഗങ്ങളിൽ പെട്ട അർഹതയുള്ള ധാരാളം പേർക്ക് അപേക്ഷ കൊടുത്തിട്ടും ധനസഹായം കിട്ടുന്നില്ല.

## സാധ്യതകൾ

പ്രാദേശിക വിഭവ സാധ്യതകൾ ഉപയോഗപ്പെടുത്തി, ഗുണഭോക്താവിൻെറ അഭരുചിക്കനുസരിച്ച് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കണം.

ഗ്രാമീണ വനിതാ ശിശു വികസന പരിപാടി (**D.W.C.R.A**) പ്രകാരം വനിതാ യൂണിറ്റുകളിലൂടെ ലാഭകരമായി നടപ്പാക്കുന്ന പദ്ധതികൾക്ക് കഴിവും പ്രാപ്തിയുമുള്ള സംഘങ്ങളേ കണ്ടെത്തി പ്രഹൽസാഹിപ്പിക്കണം

ട്രൈസം പദ്ധതി പ്രകാരം തൊഴിൽ പരിശീലനം സിദ്ധിച്ചവർക്ക് അതേ മേഖലയിൽ തന്നെ തൊഴിൽ സംരംഭിക്കുവാൻ സഹായവും പ്രോത്സാഹനവും നൽകണം.

സമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിൽ ഡിപ്പാർട്ടുമെൻറലിസം വളരെ കൂടുതലാണ് . ഗ്രാമവികസന പകുപ്പ്.ഐ.സി.സി.എസ്, പട്ടികജാതി പട്ടികവർഗ വികസന തുടങ്ങിയ വകുപ്പുകൾ നടപ്പിലാക്കുന്ന സാമൂഹ്യഷേമ പ്രവർത്തനങ്ങൾ സംയോജിപ്പിച്ച്. പഞ്ചായത്തിലൂടെ നടപ്പിലാക്കണം


മോട്ടോർ ഓയിൽ, സ്പെയർപാർട്ടുകൾ, അലൂമിനിയം ഹാർഡ് വെയേർസ്, പെയിൻറുകൾ, ഗ്ളാസുകൾ, പിഞ്ഞാണികൾ, ഗോൾഡ് കവറിംഗ് ആഭരണങ്ങൾ , കളിപ്പാട്ടങ്ങൾ, സ്റ്റീൽ പാത്രങ്ങൾ, പ്ളാസ്റ്റിക്ക് ഉപകരണങ്ങൾ, ടെയിലറിംഗ് പാർട്ട്സുകൾ, മുന്തിയതരം കുട നിർമ്മാണ സാമഗ്രികൾ, സൂട്കെയ്സുകൾ, റേഡിയോ, സിമൻറ്റ് പാത്രങ്ങൾ അജന്താക്ളോക്കുകൾ, എല്ലാ വിധ സ്റ്റേഷനറികൾ

കൂടാതെ

പടക്കങ്ങൾ, വളങ്ങൾ, കീടനാശനികൾ തുടങ്ങിയവയും.

അംഗീക്രത വ്യാപാരി

# ചെറുവളമ്പിൽ സ്റ്റോഴ്സ്

**Phone : 60227** കൂരാച്ചുണ്ട്, അത്യോടി പോസ്റ്റ്

## വിഭവ സമാഹരണം

കാർഷിക മേഖലയിലോ, കാർഷികേതരമേഖയിലോ എടുത്തു പാറയത്തക്ക ഒരു വ്യവസായം പോലും മില്ലാത്ത പഞ്ചായത്താണ് നമ്മുടേത്. അതു കൊണ്ട് വിഭവസമാഹരണത്തിന് പ്രയാസം അനുഭവപെടുന്നു. മറ്റു ധനാഗമനമാർഗങ്ങൾ തേടേണ്ടിയിരിക്കുന്നു. ഇന്ന് ലഭിച്ചിക്കൊണ്ടിരിക്കുന്ന നികുതികൾ പ്രധാനമായും കെട്ടിട നികുതി, വിനോദനികുതി, തൊഴിൽ നികുതി തുടങ്ങിയവയാണ്.

നിലവിൽ കെട്ടിടങ്ങൾക്ക് നികുതി ചുമത്തുന്നതിൽ സീകരിച്ചുവരുന്ന മാനദണ്ഡം കുറ്റമെറ്റതല്ല. ശാസ്ത്രീയമായ രീതിയിൽ പരിഷ്കരിച്ചാൽ കൂടുതൽ വിഭവ സമാഹരണത്തിന് സാധ്യതയുണ്ട് . വിനോദനികുതി ഇനത്തിൽ കാര്യമായ ചോർച്ച ഉണ്ടാകാത്ത രീതിയിൽ കാര്യക്ഷമമായി നടപ്പാക്കണം. തൊഴിൽ നികുതി നിലവിലുള്ള വിഭാഗങ്ങൾക്ക് പുറമെ നികുതി ഈടാക്കുവാൻ പറ്റിയ വിഭാഗങ്ങളുണ്ടോ എന്ന് കണ്ടെത്തി നികുതി ഈടാക്കാവുന്നതാണ്.

## നിർദ്ദേശങ്ങൾ

1. നമ്മുടെ പഞ്ചായത്തിലെ കക്കയം പ്രൊജക്ടിൽ നിന്നുല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ തോതിനനുസരിച്ച് കെ.എസ്.ഇ.ബി യിൽ നിന്നും നിശ്ചിതതുക നികുതിയായി ഈടാക്കാവുന്നതാണ്.

2 വിദേശത്ത് ജോലി ചെയ്യുന്ന നാട്ടുകരുടെ സമ്പാദ്യം ഉൽപ്പാദന മേഖലയിൽ വിനിയോഗിക്കുന്നതിനുള്ള പ്രോൽസാഹനം നൽകണം.

3 റോഡിനിരുവശത്തുള്ള ഭൂ ഉടയമകളുടെ സ്ഥലത്തിന് റോഡ് വന്നതിൻെറ ഫലമായി മൂല്യവർദ്ധന ഉണ്ടാകുന്നു. പ്രസ്തുത വസ്തുകൾ കൈമാറ്റം ചെയ്യുമ്പോൾ ഒരു നിശ്ചിത തുക ബെനിഫിഷറി ടാക്സ് ആയി ഈടക്കവുന്നതാണ്.

4 പഞ്ചായത്തിൻെറ അധീനതയിലുള്ള തരിശു ഭൂമികൾ പാട്ടത്തിന് കൊടുത്തു വരുമാനം സ്വരൂപിക്കാം.

5 ടൂറിസത്തിനുള്ള സാധ്യതകൾ വിനയോഗിച്ച് വരുമാനം വർദ്ധിപ്പിക്കാം.

6 ഡിഷ് ആൻറിനയ്ക്ക് ലൈസൻസ് ഫീ എർപ്പെടുത്തുക.

7 വൻ തുക ചിലവഴിച്ച് ആഢംബരപൂർണ്ണമായ വീടുകൾ നിർമ്മിക്കുന്നവരിൽ നിന്ന് അമിത നികുതി ഈടാക്കണം.

8 ടാക്സി സ്റ്റാൻറ് ഫീ ഏർപ്പെടുത്തുക.

9 മൽസ്യമാർക്കറ്റ് വർഷം തോറും ലേലം ചെയ്യുക.

10 അങ്ങാടിയിലെ ചപ്പുചവറുകൾ ശേഖരിച്ച്, സംസ്കരിച്ച് കമ്പോസ്റ്റ് വളമാക്കി വിപണനം ചെയ്യാം.

11 മലഞ്ചരക്കുവിൽപ്പനയിൽ വൻ നികുതി വെട്ടിപ്പ് നടക്കുന്നുണ്ട്. ഇത് തടയുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമല്ല. അതിനാൽ നികുതി ചുമത്തുന്നതിനുള്ള അധികാരം പഞ്ചായത്തുകൾക്ക് നൽകണം. ഇതിലൂടെ പഞ്ചായത്തിന് വിഭവസമാഹരണവും നടത്താം.

12 വികസന സമിതികൾ രജിസ്റ്റർ ചെയ്ത് ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ലോണെടുത്ത് വികസനപ്രവർത്തനങ്ങൾ നടത്താം.

13 മനുഷ്യാദ്ധ്വാനം ഭവനനിർമ്മാണം, ജെലസേചനം, പരിസരശുചീകരണം, തുടങ്ങിയ വിവിധ മേഖലകളിലെ വികസനപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്


# മലനാട് സ്റ്റോഴ്സ്

കൂരാച്ചുണ്ട്

ഗുണമേൻമയുള്ള നിത്യോപയോഗ സാധനങ്ങൾ ന്യായമായ വിലയ്ക്ക്
പ്രെമാ കാലിത്തീറ്റകളും കോഴിത്തീറ്റകളും കമ്പനി വിലക്ക് വിതരണം
ചെയ്യുന്നു
കൂടാതെ ഉയർന്ന നിലവാരമുള്ള റബ്ബർ ടാപ്പിംഗ് ലൈറ്റുകൾ
സെറ്റപ്പ്അപ്പുകൾ എമർജൻസി ലൈറ്റുകൾ മുതലായ ഇലട്രിക്
ഉപകരണങ്ങളും വളരെ ഉത്തരവാദിത്വത്തോടെ ഞങ്ങൾ വിതരണം
ചെയ്യുന്നു



# മലനാട് സ്റ്റോഴ്സ്

കൂരാച്ചുണ്ട്

## പട്ടിക 34

| കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്ത്. തനത് വരവ് | | | |
|---|---|---|---|
| ഇനം | 1991 - 92 | 1995 - 96 | വ്യത്യാസം |
| കെട്ടിടനികുതി | 169355.80 | 212226.86 | 42871.06 |
| വിനോദം | 26060.65 | 34709.35 | 8648.70 |
| തൊഴിൽനികുതി | 127243.00 | 143035.00 | 15792.00 |
| അൺടൈഡ്ജനർ | 120000.00 | 173880.00 | 53880.00 |
| "8.cp. | 50000.00 | 107870.00 | 57870.00 |
| J.R.Y | 190754.00 | 274257.00 | 83497.00 |
| ഗ്രാൻറ് സംഭാവന | 309177.00 | 672454.00 | 363277.00 |

## പട്ടിക 35

### മൊത്തം വരവ്

| വർഷം | വരവ് | ചെലവ് |
|---|---|---|
| 86 - 87 | 53741.53 | 346327.28 |
| 87 - 88 | 420156.83 | 599434,13 |
| 88 - 89 | 946072.88 | 655821.48 |
| 89 - 90 | 750623.35 | 686487.00 |
| 90 - 91 | 1363231.90 | 1409575.40 |
| 91 - 92 | 1126826.45 | 1069742.75 |
| 92 - 93 | 906210.38 | 1039529.93 |
| 93 - 94 | 1239501.45 | 943905.85 |
| 94 -94 | 1278477.30 | 1083895.60 |
| 95 - 96 | 1677027.60 | |

പട്ടിക 36

<u>ചെലവ്</u>

| ഇനം | 91 - 92 | 95 -96 | വ്യത്യാസം |
|---|---|---|---|
| എസ്റ്റാബ്ളിഷ്മെൻറ് | 264799 | 524083.00 | 259284 |
| റോഡ് റിപ്പെയർ | 281226 | 249910.00 | 31316 |
| കറണ്ട് | 7650.25 | 13425 | 5774.75 |


എല്ലാവിധ രാസവളങ്ങൾക്ക് കീടനാശിനികൾ വിവിധയിനം സിമൻറുകൾ

ശുദ്ധമായ എല്ലും പൊടി

കൂടാതെ

ആദായകരമായ റബ്ബർവിപണനത്തിനും

# അറയ്ക്കൽ ട്രേഡേഴ്സ്

കൂരാച്ചുണ്ട്

മാമലകളുടെ സംഗമസ്ഥാനമായ
പേരാമ്പ്ര നഗരിയിൽ
തങ്കത്തിലൂതിക്കാച്ചിയ
സുവർണ്ണ നാമം



# മലനാട് ജ്വല്ലേഴ്സ്

ബസ്സ്റ്റാൻറിനു മുൻവശം
പേരാമ്പ്ര – ഫോൺ – 250694

Opening Shortly

## മലനാട് കളക്ഷൻസ്

ചപ്പൽസ്, ഫേൻസി, ഗൾഫ് ബസാർ

KERALA ... OF LOCAL ADMINISTRATION ★ LIBRARY ★ THRISSUR-680581

4320

# സംസ്കാരം.

## അവലോകനം.

കാരാപ്പുഴയുടെ സാംസ്കാരിക ചരിത്രത്തിൽ ആദ്യകാലത്ത് [illegible] വാടകനിലയിൽ പ്രവർത്തിച്ചിരുന്ന ബാപ്പുജി മെമ്മോറിയൽ ലൈബ്രറിയും പിന്നീട് കാരാപ്പുഴ സെന്റ് തോമസ് ചർച്ച് ആസ്ഥാനമായി പ്രവർത്തിച്ചിരുന്ന പാരിഷ് ലൈബ്രറിയും ഏതാനും വർഷങ്ങൾക്കുശേഷം നിലച്ചുപോയി.

1962-ൽ [?] ആസ്ഥാനമായി പ്രവർത്തിച്ചു തുടങ്ങിയ മോഡേൺ ആർട്സ് & സ്പോർട്സ് ക്ലബ്ബ് ഇപ്പോൾ മോഡേൺ യൂത്ത് സെന്റർ എന്ന പേരിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

~~കാരാപ്പുഴ~~. ഇവിടെ ദേശാഭിമാനി സ്റ്റഡി സർക്കിൾ, നവചേതന ആർട്സ് ക്ലബ്ബ് എന്നിവയുടെ പ്രവർത്തനം ഏറെ കാലം സജീവമായിരുന്നു. [?] തോടിൽ ഉണ്ടായിരുന്ന YMCA ഒരു ഇടവേളയ്ക്കുശേഷം വീണ്ടും പ്രവർത്തനനിരതമായിട്ടുണ്ട്.

## നിർദ്ദേശങ്ങൾ.

കാരാട്ടുമലയിൽ പ്രവർത്തിക്കുന്ന ദീപ്തി ആർട്സ് & സ്പോർട്സ് ക്ലബ്ബിന് കൂടുതൽ സൗകര്യപ്രദമായി പ്രവർത്തിക്കുന്നതിന് കെട്ടിടം വിപുലീകരിക്കുന്നതിനുള്ള സാമ്പത്തിക സഹായം ലഭ്യമാക്കണം.

[?]യിൽ പ്രവർത്തിക്കുന്ന MYC എന്ന സ്ഥാപനത്തിന് കെട്ടിടം പണി പൂർത്തീകരിക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകണം.

കേരളോത്സവ പരിപാടികൾ നടത്തുമ്പോൾ മത്സരാർത്ഥികൾക്ക് വേണ്ടത്ര പരിശീലന സമയം കിട്ടത്തക്കവിധം മുൻകൂട്ടി പരിപാടികൾ പ്രസിദ്ധപ്പെടുത്തണം. മേളയുടെ സാമ്പത്തിക ബാധ്യതകൾ പരിഹരിക്കുന്നതിനു സ്പോൺസർമാരെ കണ്ടെത്തണം.

കീഴ്പ്പാനോട് മുണ്ടയാനിക്കടവിൽ ഗവണ്മെന്റ് ഇറിഗേഷൻ വക തരിശായി കിടക്കുന്ന സ്ഥലത്ത് ഒരു നീന്തൽകുളം നിർമ്മിച്ച് നീന്തൽ താരങ്ങൾക്കു പരിശീലനം നൽകണം.

പഞ്ചായത്തിലുള്ള സാംസ്കാരിക കേന്ദ്രങ്ങൾ ലൈബ്രറി ഇൻഫർമേഷൻ സെന്ററുകളാക്കി ഉയർത്തുകയും ലൈബ്രേറിയന് പരിശീലനം നൽകി സ്ഥിരപ്പെടുത്തുകയും വേണം.

## അനുബന്ധം.

### സാമൂഹ്യക്ഷേമം.

1. ബാലുശ്ശേരിയിലെ ടെക്നിക്കൽ ഓഫീസർ ആഴ്ചതോറും ഭക്ഷ്യ സംസ്കരണ കേന്ദ്രത്തിൽ വന്ന് ഉല്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്ന രീതി ഉണ്ടാവണം.
2. പണിതീർന്ന അങ്കണവാടികളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തണം.
3. അങ്കണവാടികൾ കേന്ദ്രമാക്കി മാതൃസംഗമം സംഘടിപ്പിച്ചു കെട്ടിടങ്ങൾ കുറഞ്ഞ ചെലവിൽ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.
4. അങ്കണവാടികളുടെ പ്രവർത്തനത്തിൽ സഹായിക്കുന്നതിനായി രൂപീകരിച്ച വെൽഫെയർ കമ്മറ്റികളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.

## അനുബന്ധം.

### കൃഷിയും ജലസേചനവും.

നിലവിലുള്ള ജലസ്രോതസ്സുകൾ സംരക്ഷിക്കുക. കർഷകർക്ക് സബ്സിഡിയോടുകൂടിയുള്ള റോട്ടോമഷീൻ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

ജൈവവള സംസ്കരണ യൂണിറ്റുകൾ കഴിയുന്നത്ര ആരംഭിക്കുക. കമ്പോസ്റ്റ് കുഴികൾ നിർമ്മിക്കുവാൻ പ്രോത്സാഹനം നൽകുക.

[illegible], അലങ്കാരച്ചെടികൾ ഇവ ശാസ്ത്രീയമായി കൃഷിചെയ്യുന്നതിനുള്ള പരിശീലനം കൃഷി ഭവന്റെ ആഭിമുഖ്യത്തിൽ കർഷകർക്കു നൽകുക.

കാർഷിക വായ്പയ്ക്കുള്ള സബ്സിഡി പുന:സ്ഥാപിക്കുക.

പഞ്ചായത്തടിസ്ഥാനത്തിൽ കർഷകരും കർഷകത്തൊഴിലാളികളും ചേർന്ന സമിതിക്കു രൂപം കൊടുക്കുകയും കൂലി തുടങ്ങിയ കാര്യങ്ങൾ ചർച്ചചെയ്ത് പഞ്ചായത്തടിസ്ഥാനത്തിൽ ഐകരൂപ്യം വരുത്തുകയും ചെയ്യുക.

പഞ്ചായത്തിലെ വനഭൂമി അളന്നു തിട്ടപ്പെടുത്തുക. വനഭൂമി വേർതിരിക്കുക. കർഷകർക്കു പട്ടയം നൽകുക.

പഞ്ചായത്തിൽ സർക്കാർ ഉടമസ്ഥതയിലുള്ള തരിശുഭൂമി പാട്ടത്തിന് നൽകുകയും അതിൽ സഹകരണാടിസ്ഥാനത്തിൽ പച്ചക്കറി കൃഷിചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടാക്കുകയും ചെയ്യുക.

അനുബന്ധം

## ഭവന നിർമ്മാണം.

1. ഭവന നിർമ്മാണത്തിൽ ലോണായോ, ഗ്രാന്റായോ വിവിധ ഏജൻസികൾ നൽകുന്ന തുക കാലോചിതമായി വർദ്ധിപ്പിക്കണം.
2. ഇരട്ട വീടുകളായി നിർമ്മിച്ച ലക്ഷം വീടുകളിൽ നിന്നും ഓരോ കുടുംബത്തെ ഒഴിവാക്കുകയും അവർക്ക് പുതിയ സ്ഥലം കണ്ടെത്തി വീടു നിർമ്മിച്ചു നൽകുകയും വേണം.
3. നാലു സെന്റു കോളനിയിൽ സ്ഥലം ലഭിച്ചവരിൽ ഇതുവരെ വീടു വെക്കാത്തവരെ ഒഴിവാക്കുകയും അർഹരായ മറ്റുള്ളവർക്ക് ആ സ്ഥലം നൽകുകയും വേണം. ഒരിക്കൽ സഹായം ലഭിച്ചവർക്ക് വീണ്ടും അതേ ആവശ്യത്തിന് സഹായം നൽകാതിരിക്കുക
4. മിച്ചഭൂമി കണ്ടെത്താനും അത് വിതരണം ചെയ്യാനുമുള്ള അധികാരം പഞ്ചായത്തിന് നൽകണം. ഭവനരഹിതരായ നിർധനർക്ക് വീടുണ്ടാക്കുന്നതിനായി ഇവ നൽകുക.
5. പഞ്ചായത്തിലെ രണ്ടു പട്ടികവർഗ്ഗ കോളനികളിലും വീടില്ലാത്തവർക്ക് വീടു നിർമ്മിച്ചു നൽകുന്നതിന് സമയബന്ധിത പരിപാടി ആവിഷ്കരിക്കണം.
6. കൂരാച്ചുണ്ട് പഞ്ചായത്ത് കേന്ദ്രമാക്കി നിർമ്മിതി കേന്ദ്രത്തിന്റെ ശാഖ രൂപീകരിക്കണം.

അനുബന്ധം

## കുടിവെള്ളവും പൊതുജനാരോഗ്യവും.

നിർദ്ദേശങ്ങൾ -

കൂരാച്ചുണ്ട് P.H. സെന്റർ I.P. ആക്കിമാറ്റുക. മുഴുവൻ സമയ ഡോക്ടറെയും ആവശ്യത്തിനുള്ള മറ്റു ജീവനക്കാരെയും നിയമിക്കുക. ശാസ്ത്രീയമായ രോഗ നിർണ്ണയത്തിന് നവീന രീതിയിലുള്ള ലാബോറട്ടറി സൗകര്യം ഏർപ്പെടുത്തുക.

നിലവിലുള്ള ആയുർവ്വേദ ഡിസ്പൻസറി 50 കിടക്കകളോടുകൂടിയ ആശുപത്രിയായി വികസിപ്പിക്കുക. പഞ്ചകർമ്മം പോലുള്ള ചികിത്സാ സമ്പ്രദായങ്ങളും ആരംഭിക്കണം.

ജീവൻ രക്ഷാ മരുന്നുകൾ നിർധനരായ രോഗികൾക്ക് സൗജന്യമായി ലഭ്യമാക്കണം.

അങ്ങാടിയിൽ കംഫർട്ട് സ്റ്റേഷൻ അടിയന്തിരമായി സ്ഥാപിക്കുക.

വനത്തോട്, പഞ്ചായത്തിലെ പെരിയമലയിലുള്ള ചതുപ്പ് സ്ഥലത്ത് കുളം നിർമ്മിച്ച് പൈപ്പ് വഴി 27-ാം മൈലിലുള്ള വീടുകളുടെ കുടിവെള്ള ക്ഷാമം പരിഹരിക്കാം.

## അനുബന്ധം.

### പട്ടികജാതി - പട്ടികവർഗ്ഗക്ഷേമം.

1. കല്ലുവെട്ടൽ, മരംപണി മുതലായ തൊഴിലുകളിൽ പട്ടികജാതിക്കാർക്കു പരിശീലനം നൽകുക.
2. അംഗീകൃത കോളനികൾ വൈദ്യുതീകരിക്കുക.
3. [illegible] പഞ്ചായത്തിൽ പട്ടികജാതി വനിതകൾക്കായി ഒരു ടൈലറിംഗ് യൂണിറ്റ് ആരംഭിക്കുക.
4. പുറമ്പോക്കിലുള്ള കൈതോല ശേഖരിക്കുന്നതിനും അവയിൽനിന്നുള്ള ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനുമുള്ള പരിശീലനം പട്ടികജാതി/വർഗ്ഗക്കാർക്കു നൽകുക
5. സ്കൂളുകളിൽ പിന്നാക്കക്കാരായ പട്ടികജാതി/വർഗ്ഗ വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്താൻ ഒരു പദ്ധതി തയ്യാറാക്കി പ്രാവർത്തികമാക്കണം.
6. പട്ടികവർഗ്ഗക്കാരുടെ ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നതിന് സന്നദ്ധപ്രവർത്തക കമ്മറ്റികൾ രൂപീകരിക്കണം.
7. സഹകരണാടിസ്ഥാനത്തിൽ സ്റ്റോർ ആരംഭിക്കുക.

## അനുബന്ധം.

### വ്യവസായം.

1. പരമ്പരാഗത കൈത്തൊഴിലുകളായ കുട്ട, വട്ടി, തഴപ്പായ് നിർമ്മാണം എന്നിവക്കാവശ്യമായ അസംസ്കൃത സാധനങ്ങൾ ചൂരൽ, ഓട മുതലായവ ഗവൺമെന്റ് അധീനതയിലുള്ള വനഭൂമിയിൽ നിന്നും സൗജന്യനിരക്കിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.
2. പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന ചക്ക, മാങ്ങ, കശുമാങ്ങ, കൈതച്ചക്ക മുതലായവ ഉപയോഗിച്ച് വിവിധ ഭക്ഷ്യവസ്തുക്കളുടെ നിർമ്മാണം നിലവിലുള്ള ഭക്ഷ്യ സംസ്കരണ യൂണിറ്റ് നവീകരിച്ച് പ്രവർത്തനം വിപുലപ്പെടുത്തേണ്ടതാണ്.

### കൃഷി

1. [illegible]
2. [illegible]

അനുബന്ധം.

## ഗതാഗതം.

വികസനരേഖ പേജ് 53-ൽ 6-ാം വാർഡ് – തിരുത്തൽ

27-ാം മൈൽ കല്ലറനോട് റോഡിൽ 800 മീറ്ററും കല്ലറനോട്-ചെറുവെള്ളിൽ റോഡിൽ 1 കിലോമീറ്ററും ~~[illegible]~~ ചുരുളി പാലം – താന്നിയാം കുന്ന് – കൊട്ടക്കുന്ന റോഡിൽ 240 മീറ്ററും സോളിംഗ് നടത്തിയിട്ടുണ്ട്.

വികസനരേഖ പേജ് 53-ൽ 11-ാം വാർഡ്

ബൈപ്പാസ് റോഡ് എന്നതിന് ഒരു തിരുത്തൽ, കുറ്റ്യാട് മേലെ അങ്ങാടി – ബൈപ്പാസ് – കണിയാമ്പറ റോഡ് എന്നാക്കി മാറ്റി.

നിർദ്ദേശങ്ങൾ.

7-ാം വാർഡിലെ കുറിക്കോട്ട് താഴെ – കുന്നത്തെരി താഴെ – ചാലിടം – നടപ്പാത റോഡാക്കി മാറ്റുക.

## ഊർജ്ജം.

നിർദ്ദേശങ്ങൾ.

ഗ്രാമപഞ്ചായത്ത് ഫ്ലൂറസന്റ് ബൾബുകൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുക.

വൈദ്യുതി എത്തിക്കാൻ പ്രയാസമുള്ള സ്ഥലങ്ങളിൽ സൗരോർജ്ജ പ്ലാന്റുകൾ വഴി വൈദ്യുതി എത്തിക്കുക.

ശക്തി കുറഞ്ഞ നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ സ്ഥാനത്ത് പവർ കൂടിയ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണം.

വരുന്ന കാലങ്ങളിൽ [illegible] ഊർജ്ജ [illegible]
[illegible] നടപടി സ്വീകരിക്കണം

## മാർക്കറ്റ്

കുറ്റ്യാട് അങ്ങാടിയിൽ ഒരു പൊതുമാർക്കറ്റ് കോംപ്ലക്സ്, കല്ലറനോടും കുറ്റ്യാടും മത്സ്യമാർക്കറ്റുകൾ ആരംഭിക്കുക.

അനുബന്ധം.

## വനിതാക്ഷേമം.

### നിർദ്ദേശങ്ങൾ.

എല്ലാ തൊഴിൽ മേഖലകളിലും സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പു വരുത്തുകയും ഇക്കാര്യത്തിൽ തുല്യവേതനം എന്ന നയം നടപ്പാക്കുകയും വേണം.

ഓരോ വാർഡിലും ഓരോ DWCRA യൂണിറ്റ് തുടങ്ങണം.

സ്ത്രീകളുടെ നേരെ വർദ്ധിച്ചുവരുന്ന പീഡനങ്ങളെ നേരിടുന്നതിന് പഞ്ചായത്തുതലത്തിൽ സ്ത്രീകൾക്കുവേണ്ടി ഫാമിലി കോർട്ട് ആരംഭിക്കാം.

സഹകരണ സംഘം, പഞ്ചായത്ത് എന്നിവയുടെ മേൽനോട്ടത്തിൽ വനിതകൾക്ക് തൊഴിൽ ലഭിക്കുന്ന വിവിധ വ്യവസായ യൂണിറ്റുകൾ ആരംഭിക്കാം.

അങ്കണവാടികൾക്ക് കെട്ടിടം, കക്കൂസ്, ചുറ്റുമതിൽ എന്നിവ നിർമ്മിക്കുന്നതിനും കളിക്കോപ്പുകൾ വാങ്ങുന്നതിനുള്ള സഹായം നൽകാം.

പദ്ധതി പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്ന അങ്കണവാടി ജീവനക്കാർക്കും M.S.S. പ്രവർത്തകർക്കും അനുയോജ്യമായ പരിശീലനം നൽകുക.

പഞ്ചായത്തുതലത്തിൽ വനിതകൾക്കായി ഒരു ലൈബ്രറി/ക്ലബ്ബ് ആരംഭിക്കുക.

ക്രെഡിറ്റ് ക്യാമ്പിൽ പാസാകുന്ന സംഖ്യ കാലതാമസം കൂടാതെ ലഭ്യമാക്കാൻ ധനകാര്യസ്ഥാപനങ്ങൾ ശ്രദ്ധിക്കണം.

ബാലുശ്ശേരി ഫുഡ് പ്രോസസിംഗ് യൂണിറ്റിലെ ടെക്നിക്കൽ ഓഫീസർ കൂരാച്ചുണ്ട് ഭക്ഷ്യ സംസ്കരണ കേന്ദ്രത്തിൽ വന്ന് ഉൽപന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കണം.

അങ്കണവാടികൾ കേന്ദ്രീകരിച്ച് മാതൃസംഗമം സംഘടിപ്പിക്കുകയും കളിപ്പാട്ടങ്ങൾ കുറഞ്ഞ ചെലവിൽ നിർമ്മിക്കുന്നതിനാവശ്യമായ പരിശീലനം നൽകുകയും വേണം.

കെട്ടിടം പണിതീർന്ന അങ്കണവാടികളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തണം.

അങ്കണവാടികളുടെ പ്രവർത്തനത്തിൽ സഹായിക്കുന്നതിനായി രൂപീകരിച്ച വെൽഫെയർ കമ്മറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.

അനുബന്ധം

## സഹകരണം

സഹകരണ ബാങ്കിൽ നിന്നും ലഭ്യമാകുന്ന വിവിധ വായ്പാ സൗകര്യങ്ങളെ പറ്റി ജനങ്ങൾക്ക് കൂടുതൽ ബോധവത്ക്കരണം നടത്തണം. കുറഞ്ഞ പലിശക്ക് വായ്പ ലഭിക്കുമെന്നും കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് ഗവൺമെന്റിൽ നിന്നും 5% പലിശ ഇളവ് ഉൾപ്പെടെ മറ്റുപല ആനുകൂല്യങ്ങളും ലഭിക്കുന്ന കാര്യങ്ങൾ മനസ്സിലാക്കി കൊടുക്കുക.

ബാങ്കിൽ ലഭിക്കുന്ന നിക്ഷേപത്തിനനുസരിച്ച് വായ്പക്ക് ആവശ്യക്കാർ ഉള്ളതുകൊണ്ട് ലോൺ വിതരണത്തിൽ ഉദാരവത്ക്കരണം നടത്തുകയും ലോണിന്റെ പരിധി ഉയർത്തുകയും ചെയ്യണം.

പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്ന നാളികേരത്തിന്റെ ഒരു വലിയ ഭാഗവും കയറ്റിപ്പോകുകയാണ് ചെയ്യുന്നത്. ഇതുമൂലം കർഷകന് ന്യായമായ വില ലഭിക്കുന്നില്ല. കൊപ്ര സംസ്ക്കരണത്തിന് സഹകരണ സ്ഥാപനങ്ങളിൽ "ഡ്രയർ" സ്ഥാപിക്കുക.

പ്രധാന നാണ്യവിളകൾ ഏറ്റെടുത്ത് വില്പന നടത്തുന്നതിന് പഞ്ചായത്തിൽ മാർക്കറ്റിംഗ് സഹകരണ സംഘം ~~[illegible]~~ രൂപീകരിക്കണം.

നിലവിലെ ക്ഷീര കോഓപ്പറേറ്റീവ് സംഘത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ആധുനിക ഉപകരണങ്ങളും വിദഗ്ദ്ധതൊഴിലാളികളെയും ലഭ്യമാക്കണം.

പാൽ വിതരണ സംഘത്തിന്റെ കീഴിലുള്ള പുൽകൃഷിത്തോട്ടം ലാഭകരവും ഫലപ്രദവുമായ രീതിയിൽ പ്രവർത്തിക്കാൻ ആവശ്യമായ പണം ലഭ്യമാക്കി മെമ്പർമാർക്ക് പുല്ല് കിട്ടുന്നതിനുള്ള സൗകര്യം ഉണ്ടാക്കുക.

നിലവിലുള്ള വനിതാ സഹകരണ സംഘത്തിന്റെ കീഴിൽ കുട നിർമ്മാണം, ചെരിപ്പ് നിർമ്മാണം, തേനീച്ച വളർത്തൽ, പച്ചക്കറി കൃഷി എന്നിവ നടത്തി സംഘത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്താവുന്നതാണ്.

### പഞ്ചായത്തിൽ പുതുതായി ആരംഭിക്കാവുന്ന സഹകരണ സ്ഥാപനങ്ങൾ

1. സഹകരണ മേഖലയിൽ റബ്ബർ, നാളികേരം എന്നിവ ഉല്പാദിപ്പിക്കുന്നവരുടെ വിപണന സഹകരണ സംഘങ്ങൾ സ്ഥാപിക്കണം.
2. സഹകരണ മേഖലയിൽ ഒരു ആശുപത്രി ആരംഭിക്കണം.
3. പഞ്ചായത്തിലെ സാങ്കേതിക വിദഗ്ദ്ധരായ തൊഴിലാളികളെ സംഘടിപ്പിച്ച് ഒരു ലേബർ കോൺട്രാക്ട് സൊസൈറ്റി രൂപീകരിക്കണം.

അനുബന്ധം.

പ്രസംഗത്തിനായും വ്യാഖ്യാനത്തിനായും.

സന്ദേശങ്ങൾ

പഞ്ചായത്തിനെ വിസ്തൃതമായ [illegible] ~~[illegible]~~ [illegible] അതിനെ വിപുലീകരിക്കാനുള്ള നടപടികൾ സ്വീകരിക്കണം.

പരിമിതികളുള്ള [illegible] വരുമാനത്തിന്റെ [illegible] നടപടികളുണ്ടാവണം.

കർഷകരെ [illegible] ~~[illegible]~~ പഞ്ചായത്തിലെ [illegible] നിയന്ത്രിക്കണം.

പഞ്ചായത്തിലെ വിവിധ വികസന പ്രവർത്തനങ്ങളുടെ [illegible] കാര്യക്ഷമമാക്കണം.

പഞ്ചായത്തിലെ [illegible] കാര്യക്ഷമമാക്കണം.

[illegible] കാര്യക്ഷമമാക്കണം. [illegible]

[illegible] ചെയ്യണം.

[illegible] പരിശീലിപ്പിക്കണം.

[illegible]

[illegible] ഉറപ്പുവരുത്തണം.

[illegible] പഞ്ചായത്തി[illegible] [illegible] നൽകണം.

പഞ്ചായത്തിലെ [illegible] [illegible] ആക്കുക.

അനുബന്ധം

## വിഭവസമാഹരണം

1. നമ്മുടെ പഞ്ചായത്തിൽ നിന്നും വിച്ഛേദിക്കുന്ന കുറ്റ്യാടിപ്പുഴയിലെ വെള്ളം കൃഷിക്കുപയോഗിക്കുന്നതിന് പെരിയ കുറ്റ്യാടി ഇറിഗേഷൻ വകുപ്പ് ഉണ്ടാക്കുന്ന ജലനിരപ്പിന്റെ ഒരു വിഹിതം പഞ്ചായത്തിന ലഭ്യമാക്കണം.
2. ഗ്രാമപഞ്ചായത്തിൽ നടക്കുന്ന രജിസ്റ്റർ വിവാഹങ്ങൾക്കും ആർഭാടമായി നടത്തുന്ന വിവാഹങ്ങൾക്കും നിശ്ചിതമായ ഫീസ് ഈടാക്കുക.
3. പഞ്ചായത്തുവക പൊതുസ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾ ടെണ്ടർ വിളിച്ച് ഗുണഭോക്താക്കളുടെ കമ്മറ്റികൾ വഴി നടത്തുക
4. പഞ്ചായത്തിലെ വ്യാപാരകേന്ദ്രങ്ങളിൽ അനുയോജ്യമായ സ്ഥലങ്ങളിൽ കടമുറികൾ നിർമ്മിച്ച് വാടകയ്ക്ക് നൽകുക.
5. വ്യവസായികാടിസ്ഥാനത്തിൽ നടത്തുന്ന കരിങ്കൽ, ചെങ്കൽ ക്വാറികൾക്ക് ഫീസ് ഏർപ്പെടുത്തുകയും പഞ്ചായത്തിന്റെ അധീനതയിലുള്ള പുറമ്പോക്കിലെ പാറക്കെട്ടുകൾ ക്വാറി നടത്തുന്നതിന് ലേലം ചെയ്തു കൊടുക്കുകയും ചെയ്യുക.
6. പഞ്ചായത്ത് അതിർത്തിക്കുള്ളിൽ നടക്കുന്ന സിനിമാ ഷൂട്ടിംഗിനും, പരസ്യ ആവശ്യത്തിനും വ്യാപാരികൾ കടത്തിണ്ണകൾ ഉപയോഗിക്കുന്ന മുറികൾക്കും ഫീസ് ഏർപ്പെടുത്തുക.
7. മിനി സ്റ്റേഡിയത്തിന് വേണ്ടി നികത്തിവെച്ചിട്ടുള്ളതും ഇപ്പോൾ ഉപയോഗശൂന്യമായി കിടക്കുകയും ചെയ്യുന്ന സ്ഥലത്ത് ഷോപ്പിംഗ് കോംപ്ലക്സ്, സാംസ്കാരിക നിലയം, കമ്മ്യൂണിറ്റി ഹാൾ എന്നിവ നിർമ്മിച്ച് വാടകയ്ക്ക് കൊടുക്കുക ചെയ്യുക.

അനുബന്ധം

## വിദ്യാഭ്യാസം

1. ഏഴാം തരം വരെ ഉച്ചഭക്ഷണവിതരണം സ്കൂളുകളിൽ നിലവിലുണ്ടെങ്കിലും തുടർന്ന് ഹൈസ്കൂൾ ക്ലാസ്സുകളിലേക്ക് വരുന്ന ദരിദ്രരായ കുട്ടികൾക്ക് ഉച്ചഭക്ഷണം ലഭിക്കാത്തതുകൊണ്ട് പഠനകാര്യങ്ങളിൽ ശ്രദ്ധിക്കാൻ കഴിയുന്നില്ല. ഇതു പരിഹരിച്ച് ഹൈസ്കൂൾ വിഭാഗത്തിലെ ദരിദ്രവിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.
2. പഠനകാര്യങ്ങളിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കു വേണ്ടി ക്ലാസ്സ് അടിസ്ഥാനത്തിൽ പരിഹാരബോധനം ജനസഹകരണത്തോടുകൂടി നടത്തണം.
3. സെൻസസ്, ഇലക്ഷനുകൾക്കും റേഷൻ കാർഡ് പുതുക്കൽ തുടങ്ങിയ ജോലികളിൽ നിന്നും അദ്ധ്യാപകരെ ഒഴിവാക്കുകയും ഇത്തരം ജോലി സന്നദ്ധ പ്രവർത്തകരെ ഏൽപ്പിക്കുകയും വേണം.
4. 5 നും 14 നും ഇടയിൽ പ്രായമുള്ള സാധാരണ കുട്ടികൾ വിദ്യാഭ്യാസം നേടേണ്ടവരാണ്. ഇങ്ങനെയുള്ള കുട്ടികളെ കണ്ടെത്തി വിദ്യാലയങ്ങളിൽ എത്തിക്കാനുള്ള ഊർജ്ജിത ശ്രമം നടത്തണം.
5. നമ്മുടെ പഞ്ചായത്തിലെ നിലവിലുള്ള ഹൈസ്കൂളുകളിൽ പ്ലസ് ടു കോഴ്സ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.
6. നിലവിലുള്ള ചില യു.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യുക.